ISSN 2582-2764



# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 04/2020 | ആഗസ്റ്റ് 2020 | തിരുവനന്തപുരം | പേജ് 20 | വില 10 രൂപ

» 06 പാസാക്കിയ സമ്മേളനത്തിൽത്തന്നെ ഭേദഗതി ചെയ്ത നിയമം

» 08 വനസംരക്ഷണം പൊതുജനപോരാട്ടം

» 14 ദേശീയപതാക നിയമസഭാ സമുച്ചയത്തിൽ

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

## അനന്തരം അതിജീവനം – വേണമൊരു സംവാദം

പി. ശ്രീരാമകൃഷ്ണൻ, നിയമസഭാ സ്പീക്കർ



കൊറോണ സൃഷ്ടിച്ച ആശങ്കകൾ നമ്മെ വിട്ടൊഴിഞ്ഞിട്ടില്ല. ആ സാഹചര്യങ്ങളോട് സാമൂഹികവും സാംസ്കാരികവുമായി പൊരുത്തപ്പെട്ട് മാറ്റങ്ങൾക്ക് വിധേയമാകാൻ നമ്മൾ സജ്ജരായി. കൊറോണ നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് അവസരങ്ങളുടെയും വളർച്ചയുടെയും ആഗോള പൗരത്വത്തിലേക്ക് കേരളീയരെ ഉയർത്തേണ്ടത് എങ്ങനെയെന്ന ചർച്ചയ്ക്കുള്ള ഒരു സമവായമാണ് സംഘടിത രാഷ്ട്രീയ പാർട്ടികൾക്കിടയിൽ നിന്നും സാമൂഹ്യ ശാസ്ത്രജ്ഞരിൽ നിന്നും സാമ്പത്തിക വിദഗ്ധരിൽ നിന്നും ഇന്ന് ഉയർന്നു വരേണ്ടത്. ലോകമലയാളി എന്ന പ്രയോഗത്തിന്റെ യഥാർത്ഥ അവസ്ഥയിലേക്കെത്താൻ കഴിയുന്ന അത്തരം ഒരു സംവാദം കേരളം ഇന്ന് ആവശ്യപ്പെടുന്നുണ്ട്. അത്തരം സംവാദങ്ങളിലൂടെ മാത്രമേ മാറിയ സാഹചര്യങ്ങളിൽ നമുക്ക് മുന്നോട്ട് പോകാനാവൂ. നേരിടുന്ന പ്രതിസന്ധികളെയും പ്രശ്നങ്ങളെയും കൃത്യമായി കണ്ടെത്തുകയാണ് ആദ്യം വേണ്ടത്. പ്രശ്നങ്ങൾ അടയാളപ്പെടുത്തിയാൽ പല പരിഹാരങ്ങളും നിർദ്ദേശിക്കപ്പെടാം. ലോകത്താകമാനമുള്ള മലയാളികളുടെയും അല്ലാത്തവരുടെയും നിർദ്ദേശങ്ങൾ സമാഹരിക്കുന്ന ഒരു വൈജ്ഞാനികസമ്മേളനം കേരളം കാത്തിരിക്കുന്നുണ്ട്.

ഗ്രീക്ക് തത്ത്വചിന്തകനായ ഹെറാക്ലിറ്റസ് പറഞ്ഞ ഒരു വാചകം നമുക്കെല്ലാവർക്കും സുപരിചിതമാണ്- "ജീവിതത്തിൽ മാറ്റമില്ലാത്തതായി മാറ്റം മാത്രമേയുള്ളൂ" ('Change is the only constant in life"). ഈ കൊറോണകാലത്ത് നമ്മളേറ്റവും മനസ്സിലാക്കിയ പ്രപഞ്ചസത്യങ്ങളിൽ ഒന്ന് അതാണുതാനും. ജീവജാലങ്ങളുടെ അതിജീവനതത്ത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്, പരിതസ്ഥിതികൾക്കനുസരിച്ച് സ്വയം മാറാനുള്ള, പരിതസ്ഥിതികളോട് തന്മയീഭവിക്കാനുള്ള (അഡാപ്റ്റേഷൻ) കഴിവാണ്. മാറ്റമാണ് വളർച്ച. ആർക്കാണോ വലുതാവാൻ കഴിയുന്നത് എന്ന ചോദ്യത്തിനുത്തരം, "ആരാണോ മാറുന്ന കാലത്തേയും മാറുന്ന സാഹചര്യങ്ങളെയും അഭിസംബോധന ചെയ്യാൻ കഴിയുന്നവൻ" എന്നാണ്. മാറ്റം അതിജീവനമാണ്. അങ്ങനെ അതിജീവനത്തിന്റെ ചരിത്രസന്ധിയിലാണ് ഇന്ന് ലോകജനതയാകെ; മാറുകയല്ലാതെ മറ്റൊരു പോംവഴിയില്ല.

ഇന്നത്തെ പൗരൻ ഡിജിറ്റൽ ലോകത്തെ പൗരനാണ്. അത് കേവലം പൗരത്വ രജിസ്റ്ററിൽ ഒതുക്കാവുന്ന പൗരത്വമല്ല. ആ പൗരന്റെ സാധ്യതയും വെല്ലുവിളികളും പഠനവിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ജനാധിപത്യത്തിൽ "ഡിജിറ്റൽ ഡെമോക്രസി" എന്ന ആശയം ഉയർന്നു വരണം. അതിലൂടെ മാത്രമേ ഡിജിറ്റൽ അസമത്വം അഥവാ ഡിജിറ്റൽ ഡിവൈഡ് പരിഹരിച്ച് എല്ലാവർക്കും പൗരത്വം ലഭിക്കുകയുള്ളൂ. പൗരത്വ രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്തത് കൊണ്ട് മാത്രം കിട്ടുന്ന ഒരു പൗരത്വമല്ല ഡിജിറ്റൽ സിറ്റിസൺഷിപ്പ്. അവിടെ നിന്നാണ് നമ്മൾ ചർച്ച തുടങ്ങേണ്ടത്. വിവരസാങ്കേതിക വിദ്യാധിഷ്ഠിത ബോധനം എന്ന് നമ്മൾ പൊതുവേ പറയാറുണ്ടെങ്കിലും ആശയവിനിമയത്തിന്റെയും അന്വേഷണാത്മക ചിന്തയുടെയും ഖണ്ഡനത്തിന്റെയും പുതിയ പ്രയോഗങ്ങളുടെയും കണ്ടെത്തലുകളുടെയും ആയി മാറുമ്പോഴുള്ള വിവരസാങ്കേതിക വിദ്യാധിഷ്ഠിത ബോധനം, IT for Comprehensive Knowledge അഥവാ സമഗ്ര വിജ്ഞാനത്തിന്റെ വിശാലലോകമായി അതു മാറും അല്ലെങ്കിൽ മാറ്റാൻ സാധിക്കും. ടെക്നോളജിയുടെ പ്രായോഗിക വിജ്ഞാനത്തിലേക്കും സാധ്യതകളിലേക്കും മലയാളി ഇനിയും വളരേണ്ടതുണ്ട്.

നിപയുടെ ആക്രമണത്തിൽ രോഗികളെ ശുശ്രൂഷിച്ച് മരണം വരിച്ച ലിനിയെന്ന നഴ്സിനെ സംബന്ധിച്ച കുറിപ്പിൽ എക്കണോമിക്സ് മാസിക എഴുതിയത് "കേരളത്തിൽ പോകുന്ന വാസ്കോഡ ഗാമമാർ ഇനി അന്വേഷിക്കുക സുഗന്ധദ്രവ്യങ്ങൾ ആയിരിക്കില്ല, സമ്പന്നമായ മനുഷ്യ വിഭവമായിരിക്കും" എന്നാണ്. മനുഷ്യൻ വിഭവമാണെന്ന് ലോകത്തെ പഠിപ്പിക്കുന്ന കേരളവും "Everything for Sale" എന്ന നോവലിന്റെ സ്വഭാവത്തോടെ മനുഷ്യാവസ്ഥയെ നോക്കിക്കാണുന്ന അമേരിക്കൻ രീതിയും തമ്മിലുള്ള വൈരുദ്ധ്യമാണ് കേരളം ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത്.

(...ശേഷം പേജ് 2)




സങ്കുചിതചിന്താഗതികളെയും വർഗീയതയെയും പ്രോത്സാഹിപ്പിക്കാൻ നമുക്കാവില്ല. കാരണം ചിന്തയിലും പ്രവൃത്തിയിലും സങ്കുചിതത്വം പാലിക്കുന്ന ജനതയെക്കൊണ്ട് ഒരു രാജ്യത്തിനും മഹത്താകാൻ കഴിയുകയില്ല.'

**ജവഹർലാൽ നെഹ്റു**

## നിയമസഭ ആഗസ്റ്റ് 24 ന് സമ്മേളിക്കും

പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം ആഗസ്റ്റ് 24 ന് ചേരാൻ മന്ത്രിസഭ ഗവർണറോട് ശിപാർശ ചെയ്തു. ധനബിൽ പാസ്സാക്കുന്നതിനായി ജൂലൈ 27 ന് ചേരാൻ നിശ്ചയിച്ചിരുന്ന സമ്മേളനം കോവിഡ്-19 പടർന്നു പിടിച്ച സാഹചര്യത്തിൽ ഒഴിവാക്കിയിരുന്നു. ധനബിൽ പാസ്സാക്കാത്തതിനെ തുടർന്നുള്ള പ്രതിസന്ധി ഒഴിവാക്കുന്നതിനായി, ധനബിൽ പാസ്സാക്കാതെ തന്നെ 180 ദിവസം നികുതിപിരിക്കാമെന്ന് നിയമം ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അറുപത്തഞ്ച് വയസിനു മുകളിലുള്ള എം.എൽ.എ.മാർക്ക് നിയമസഭയിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യവും സഭാ സമ്മേളനാവസരത്തിൽ നിയമസഭാ സമുച്ചയത്തിലെ ആൾക്കൂട്ട സാധ്യതയും കണ്ടെയ്ൻമെന്റ് സോണുകളിലുള്ള എം.എൽ.എ.മാർക്ക് സഭാ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ചാണ് സഭ തത്ക്കാലം സമ്മേളിക്കേണ്ട എന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ രാജ്യസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 24 ന് സാമാജികർ നിയമസഭയിലെത്തുന്ന സാഹചര്യത്തിലാണ് ധനബിൽ പാസ്സാക്കുന്നതിനുള്ള സമ്മേളനം കൂടി അന്നേ ദിവസം ചേരാൻ തീരുമാനിച്ചത്. ഒരു സഭാ സമ്മേളനത്തിന്റെ അവസാന ദിവസവും അടുത്ത സഭാ സമ്മേളനത്തിന്റെ ആദ്യ ദിവസവും തമ്മിൽ ആറുമാസത്തിൽ കൂടുതൽ ഇടവേള ഉണ്ടാകുവാൻ പാടില്ല എന്ന് ഭരണഘടനാ അനുച്ഛേദം 174(1) വ്യവസ്ഥ ചെയ്യുന്നുണ്ട്. പത്തൊൻപതാം സമ്മേളനം 2020 മാർച്ച് 13 ന് അവസാനിച്ചതിനാൽ അടുത്ത സമ്മേളനം 2020 സെപ്റ്റംബർ 13 നകം ചേരേണ്ടത് അനിവാര്യമായിരുന്നു. ആഗസ്റ്റ് 24 ലെ സഭാ സമ്മേളനത്തിൽ സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയത്തിനും 'മന്ത്രിസഭക്കെതിരെയുള്ള അവിശ്വാസപ്രമേയത്തിനും പ്രതിപക്ഷം നോട്ടീസ് നൽകിയിട്ടുണ്ട്.

## രാജ്യത്തെ നിയമസഭകളിലെ ആദ്യത്തെ ടി.വി. ചാനൽ

### സഭാ ടി.വി., സ്പീക്കറുടെ വെബ്സൈറ്റ്, നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റ് എന്നിവ യാഥാർത്ഥ്യത്തിലേയ്ക്ക്



(...ശേഷം പേജ് 16)

(...തുടർച്ച പേജ് 1)

സേവനമേഖല കൂടുതൽ പൂർണ്ണതയും എളുപ്പവും വേഗതയുമുള്ളതാകണമെന്ന ആവശ്യമുണ്ട്. എന്നാൽ അതിന് കേന്ദ്രീകൃത മാർഗങ്ങൾ കണ്ടെത്തിയിട്ടില്ല. സേവനമേഖലയുടെ ഈ വളർച്ചാസാധ്യത, ലോകത്താകമാനമുള്ള മനുഷ്യരുടെ ജീവിതനിലവാരം വലിയതോതിൽ വർദ്ധിപ്പിക്കുന്നതിനുള്ള നവീനമായ, നൂതനമായ ആശയങ്ങളും പ്രയോഗരീതികളും വികസിപ്പിക്കും. അങ്ങനെ സംഭവിക്കുമ്പോൾ, സേവനമേഖലകളിലെ തൊഴിലവസരങ്ങളുടെ നേട്ടം ഏറ്റവും കൂടുതൽ ലോകത്ത് കൊയ്തെടുക്കുന്ന സമൂഹങ്ങളിൽ ഒന്നായിരിക്കും കേരളം. ആ നേട്ടത്തിലേക്ക് കേരളത്തെ കൊണ്ടെത്തിക്കാനുള്ള ഉദ്യമമാണ് വേണ്ടത്. പല തരത്തിലുള്ള സേവനങ്ങളെ ഡിജിറ്റൽ സിറ്റിസൺഷിപ്പിലൂടെ, അഥവാ ഡിജിറ്റൽ ജനാധിപത്യത്തിലൂടെ എല്ലാവർക്കും ലഭ്യമാവുന്ന സാഹചര്യത്തിലേക്ക് കേരളത്തെ വളർത്തിയെടുത്താൽ മാത്രം നമ്മുടെ എല്ലാ വളർച്ചാവാതിലുകളും തുറക്കാൻ സാധിക്കുകയില്ല. അതുകൊണ്ട്, സേവനമേഖലയിലെ വളർച്ചയും ഉത്പാദനരീതിയും തമ്മിൽ ഒരു പാരസ്പര്യമുണ്ടാക്കാനുള്ള പരിശ്രമം വേണം. ആഗോളമലയാളിയുടെ പരിചയസമ്പത്തും വിജ്ഞാനവും ഏറെ ഉപയോഗപ്പെടുത്തേണ്ടുന്ന സമയമാണിത്. ലോക കേരളസഭയിൽ നമ്മൾ മുന്നോട്ടുവെച്ച കേരള വികസനത്തിനായുള്ള ഒരു സ്പെഷ്യൽ ഹാക്കത്തോൺ എന്ന ആശയം സജീവമാകേണ്ട ഘട്ടം കൂടിയാണിത്.

പ്രവാസലോകത്തിന്റെ അപ്രതീക്ഷിതമായ തിരിച്ചുവരവ് പ്രതിസന്ധികൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ പുതിയ സാധ്യതകൾ ഇല്ലാതില്ല. ആഫ്രിക്ക ഉൾപ്പെടെയുള്ള വൻകരകളിലും ഹൈപ്രൊഫൈൽ ടെക്നോക്രാറ്റുകളെ ആവശ്യമുള്ള മേഖലകളിലും ക്വാളിറ്റി മൈഗ്രേഷൻ യാഥാർത്ഥ്യമാക്കുന്നതിന് മതിയായ പദ്ധതികളുണ്ടാകണം.

ലോക കേരളസഭയുടെ മുൻകൈയിൽ രൂപംകൊണ്ട OKIH (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ്), 'പ്രാദേശികവളർച്ചയ്ക്ക് ആഗോളചിന്ത' എന്ന ആശയത്തിലൂടെ പ്രവാസികളുടെ കഴിവും അനുഭവവും തൊഴിൽപരിചയവും കേരളത്തോടുള്ള അവരുടെ പ്രതിബദ്ധതയും വൈകാരികബന്ധവും സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് ഉപയുക്തമാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. സുതാര്യമായ സാമ്പത്തിക നിക്ഷേപത്തിലൂടെ നാടിന്റെ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുമ്പോൾ സാധ്യമാവുന്ന ജനാധിപത്യബന്ധം അവർക്കുള്ള അംഗീകാരവും സാമ്പത്തിക ഭദ്രതയും കൂടിയാണ് ഉറപ്പാക്കുന്നത്. കുടുംബത്തിന്റെ ദാരിദ്ര്യം മാറ്റാൻ ജീവൻ പണയം വച്ച് ഉരുക്കളിൽ കടൽ കടന്ന പ്രവാസത്തിന്റെ കഥയല്ല ഇനി. മാറിയ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച്, ആഗോള ബന്ധങ്ങളുടേയും ലോകപൗരത്വത്തിന്റേയും കാലത്ത് 'പ്രവാസി മലയാളി' എന്ന പ്രയോഗത്തിന് രാഷ്ട്രീയവും ജനാധിപത്യപരവുമായ മാനങ്ങൾ കൂടി നല്കുന്നതാണ് ഇത്തരം പുതിയ ചുവടുവയ്പുകൾ. മലയാളിയുടെ പാരസ്പര്യവും സംഘടനാമനോഭാവവും ഏറ്റവും ഉത്പാദനക്ഷമമായി വിനിയോഗിക്കപ്പെടുകയാണ് ഇവിടെ. ഈ സംരംഭത്തിൽ, പുതിയ സംരംഭക സാധ്യതകളും പ്രയാസം കുറഞ്ഞ മാർക്കറ്റിംഗും കണ്ടെത്താൻ പ്രയാസമുണ്ടാവില്ല.

പ്രളയകാലത്തെന്ന പോലെ കൊറോണക്കാലത്തും കേരളത്തിലെ മനുഷ്യവിഭവശേഷിയും അതിന്റെ സംഘടിതവും സഹകരണാടിസ്ഥാനത്തിലുള്ളതുമായ പ്രവർത്തനക്ഷമതയും ലോകം കണ്ടു. കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനവും സന്നദ്ധപ്രവർത്തനത്തിനായി തയ്യാറായ ആയിരങ്ങളും അതിന് ഉദാഹരണങ്ങൾ തന്നെ. ലോക്ഡൗൺ സമയത്ത് അന്നന്നത്തെ ഉപജീവനത്തിന് പോലും ബുദ്ധിമുട്ടിയവർ ധാരാളമുണ്ടായി. ആ സമയത്ത് കോഴിക്കോട് ഒരു പ്രാദേശിക സാംസ്കാരികസംഘടന വളരെ ശ്രദ്ധേയമായ ഒരു നീക്കം നടത്തുകയുണ്ടായി. ഓരോരുത്തരും അവരുടെ വീട്ടിൽ ലഭ്യമായ വസ്തുക്കളിൽ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളത് ഒരു പൊതുസ്ഥലത്ത് കൊണ്ടുവയ്ക്കുന്നു- അതിൽ നാളികേരവും ചക്കയും കപ്പയും വാഴക്കുലയും മുതൽ മുരിങ്ങയിലയും കറിവേപ്പിലയും വരെയുണ്ടായി. ഒരോരുത്തരും അവർക്കധികമുള്ളത് കൊണ്ടുവയ്ക്കുകയും പകരം ആവശ്യമുള്ളത് എടുത്തുകൊണ്ടുപോവുകയും ചെയ്തു. കേരളം അതിജീവിക്കുന്നത് മനുഷ്യന്റെ ഈ വിഭവസമാഹരണ-വിതരണശേഷിയും സേവനസന്നദ്ധതയും സഹകരണവും കൊണ്ടാണ്.

മേൽസൂചിപ്പിച്ച പോലെയുള്ള സംരംഭങ്ങളുടെ സഹകരണ അടിസ്ഥാനത്തിലുള്ള കൂട്ടായ നീക്കങ്ങളിലൂടെ, ഇതുവരെ ഇടപെടാത്ത, കേരളത്തിലെ ഉപയോഗിക്കപ്പെടാത്ത എല്ലാം നാം കണ്ടെത്തണം. ഡിമാന്റ് ഉണ്ടെങ്കിലും നമുക്ക് ആവശ്യാനുസരണം ലഭ്യമല്ലാത്ത ഉല്പന്നങ്ങളുടെ പട്ടികതൊട്ട് കൃഷി, വ്യവസായം, സേവന മേഖലകൾ, ജീവിതനിലവാര സാധ്യതകൾ, ഡിജിറ്റൽ വിപണി, ഓൺലൈൻ വ്യാപാരം, മൈക്രോ ലെവൽ ടൂറിസം, തുടങ്ങി കേരളത്തിന്റെ ഇതുവരേയും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത മേഖലകളും അവയുടെ സാധ്യതകളും ഡാറ്റയിൽ ഉൾപ്പെടുത്തണം. കേരളജനത ഭക്ഷ്യസ്വയംപര്യാപ്തതയ്ക്ക് ഇന്ന് കൊടുക്കുന്ന ഊന്നലും വീട്ടിലെ അടുക്കളത്തോട്ടങ്ങളിൽ തുടങ്ങി, യുവജനസംഘടനകൾ തരിശുഭൂമിയേറ്റെടുത്ത് നടത്തുന്ന കൃഷി വരെയും എത്തിനിൽക്കുന്ന കാർഷികരംഗത്തെ നവോന്മേഷവും കാർഷികരംഗത്തെ പുതിയസാദ്ധ്യതകൾ ആലോചിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

യാത്ര അസാധ്യമായ ഈ സാമൂഹിക സാഹചര്യത്തിൽ ഓരോരുത്തരും തങ്ങളുടെ പരിസ്ഥിതിയേയും പ്രകൃതിയേയും അടുത്തറിയാനും ആ അറിവും അനുഭവങ്ങളും സാമൂഹികമാധ്യമങ്ങളിൽ പങ്കുവയ്ക്കാനും തുടങ്ങിയത് നമ്മൾ കാണുന്നുണ്ട്. കേരളമാകെ ടൂറിസം സ്പോട്ടുകളാണ്. ഗ്രാമീണജീവിതത്തിന്റെ തുടിപ്പുകളും അനുഭവങ്ങളുമാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നത്. എന്നാൽ അതിനനുസൃതമായ നവീനമായ, പങ്കാളിത്ത ടൂറിസം കേരളത്തിൽ ഒരു വരുമാനമാർഗ്ഗമെന്ന രീതിയിൽ വികസിച്ചിട്ടില്ല. ഹോംസ്റ്റേകളും പ്രാദേശിക തനിമകളോടെയുള്ള ഭക്ഷണം, സംസ്കാരികഘടകങ്ങൾ എന്നിവയും പാരിസ്ഥിതികാവബോധവും (ഓരോ പ്രദേശത്തിന്റെയും പ്രകൃതിക്കും പക്ഷിമൃഗാദികൾക്കും സസ്യലതാദികൾക്കുമുള്ള വൈവിധ്യങ്ങളെ കുറിച്ചുള്ള അറിവ്) എല്ലാം കോർത്തിണക്കി പുതിയ ടൂറിസസമവാക്യങ്ങളെ രൂപപ്പെടുത്താം. ആരോഗ്യ പരിരക്ഷയും പ്രതിരോധശേഷി ഉൾപ്പെടുന്ന എല്ലാ ചികിത്സാ സംവിധാനവും ടൂറിസത്തിന്റെ പുതിയ വ്യാഖ്യാനവുമാകും. വിനോദസഞ്ചാരത്തിനപ്പുറം വിജ്ഞാനസമ്പാദനവും അനുഭവവും ചേർന്ന യാത്രയായി ടൂറിസം വികസിപ്പിക്കണം.

കൊറോണക്കാലത്ത് ഏറെ പ്രതിസന്ധി നേരിട്ട ഒന്ന്, കേരളത്തിലെ വിദ്യാഭ്യാസരംഗം തന്നെയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ വരുന്ന 43 ലക്ഷത്തിലധികം കുട്ടികളിൽ രണ്ടര ലക്ഷത്തിലധികം കുട്ടികൾക്ക് സ്മാർട്ട്ഫോണോ കമ്പ്യൂട്ടറോ ഇന്റർനെറ്റ് സൗകര്യമോ ലഭ്യമല്ല എന്ന് വിദ്യാഭ്യാസവകുപ്പിന്റെ സർവേ സൂചിപ്പിക്കുന്നു. ഈ രണ്ടരലക്ഷമെന്നത് ചെറിയ ശതമാനമാണെങ്കിലും അതിനെ അവഗണിക്കാവതല്ലല്ലോ. അങ്ങനെ മാറ്റിനിർത്തുക ജനാധിപത്യപരമായി ഉചിതമാവില്ല. വളാഞ്ചേരിയിലെ ദുഃഖകരമായ സംഭവം നമ്മളെ ഓർമ്മിപ്പിക്കുന്നത് അതാണ്. വിദ്യാഭ്യാസം ഒന്നുകിൽ തൊഴിൽ നൈപുണ്യവും സാമൂഹിക വ്യവസ്ഥയുമായി ചേർന്നുപോകുന്നതാവണം. അല്ലെങ്കിൽ അക്കാദമിക് ഗവേഷണ രംഗത്തോടൊപ്പം നിൽക്കാൻ കഴിയുന്നതാവണം. രണ്ടും പ്രായോഗികമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. വെബിനാറുകളും ഫേസ്ബുക്ക് ലൈവും യുട്യൂബും മറ്റും ഉപയോഗപ്പെടുത്തി അക്കാദമികരംഗം ജഡീഭവിക്കാതെ കാക്കാൻ പലരും ജാഗ്രത പുലർത്തുന്നുണ്ട്. ഈ പുത്തൻ സാദ്ധ്യതകളെ കൂടുതൽ പേരിലേക്ക് എത്തിക്കാനും സാധാരണക്കാർക്ക് അവയെ പരിചയപ്പെടുത്താനും കൂടുതൽ സാധ്യതകൾ വികസിപ്പിക്കാനും സമൂഹിക മാറ്റത്തിൽ സജീവപങ്കാളികളാകാനുമുള്ള ഉത്തരവാദിത്തം അക്കാദമിക സമൂഹത്തിനുണ്ട്.

മേൽപ്പറഞ്ഞ പല കാര്യങ്ങൾക്കും ഇന്റർനെറ്റ് സംവിധാനത്തെയാണ് ആശ്ര യിക്കേണ്ടത് എന്നിരിക്കെ, ഏറ്റവും പ്രധാനപ്പെട്ട പ്രശ്നവും ആദ്യം പോംവഴി കാണേണ്ടതും ഇന്റർനെറ്റിന്റെ പ്രവർത്തനക്ഷമതയാണ്. 5 ജി ഉപയോഗിക്കുന്ന വിദേശരാജ്യങ്ങളിൽ പോലും ഓൺലൈൻ വഴിയുള്ള, വർക്ക് അറ്റ് ഹോം പ്രാവർത്തികമാക്കിയപ്പോഴും ഇ-ലേണിങ് തുടങ്ങിയപ്പോഴും നെറ്റിന്റെ വേഗത കുറയുകയും പ്രവർത്തനക്ഷമതയെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. കേരളത്തിൽ നിലവിലുള്ള 4 ജി എത്രകണ്ട് ഇത്തരം കാര്യങ്ങൾക്ക് അനുകൂലമാവും എന്ന് ചിന്തിക്കേണ്ടതുണ്ട്. ഒപ്ടിക്കൽ ഫൈബർ കൊണ്ട് ഇന്റർനെറ്റ് സംവിധാനം സമൂഹത്തിനാകെ ലഭ്യമാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള കെ-ഫോൺ പോലുള്ള പദ്ധതികൾ ഡിജിറ്റൽ ജനാധിപത്യത്തിലേക്കുള്ള ചവിട്ടുപടി തന്നെയാണ്.

ഇങ്ങനെ ഓരോ മേഖലയിലുമുള്ള പ്രശ്നങ്ങളെ പട്ടികയാക്കി, സാധ്യതകൾ ആരാഞ്ഞ്, പ്രവൃത്തിപഥത്തിലെത്തിക്കണമെങ്കിൽ എല്ലാ അനുഭവങ്ങളെയും സമാഹരിച്ച് അതുവഴി ഊർജ്ജം ഉൾക്കൊള്ളാൻ സഹായിക്കുന്ന കോവിഡാനന്തര അതിജീവനം എങ്ങനെയായിരിക്കണമെന്ന തുറന്ന സംവാദം ഉണ്ടാകേണ്ടതുണ്ട്.

## ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

### ആയുർവേദ ധൂപസന്ധ്യ ഉദ്ഘാടനം ചെയ്തു

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ നൂറ്റിയൻപത് വാർഡുകളിൽ ഒരേ സമയത്ത് ധൂപസന്ധ്യ നടത്തി. ആയുർവേദ ഔഷധച്ചൂർണ്ണം ഉപയോഗിച്ച് കൊതുകിന്റെ സാന്ദ്രത കുറയ്ക്കുന്നതിനും പകർച്ച വ്യാധികൾ തടയുന്നതിനും വേണ്ടിയാണ് ധൂപസന്ധ്യ നടത്തിയത്. ധൂപസന്ധ്യ ഡെപ്യൂട്ടി സ്പീക്കർ മുടപുരം ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രതിപക്ഷ നേതാവ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ചീഫ് മെഡിക്കൽ ഓഫീസർ തുടങ്ങിയവർ പങ്കെടുത്തു. അഴൂർ, അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, കഠിനംകുളം, മംഗലപുരം, ചിറയിൻകീഴ്, കിഴുവില്ലം, മുദാക്കൽ എന്നീ പഞ്ചായത്തുകളിലും പരിപാടി സംഘടിപ്പിച്ചു.






### സഭാ ടി.വി.യുടെ OTT വഴി വിക്ടേഴ്സ് ചാനൽ

സംസ്ഥാനസർക്കാർവിക്ടേഴ്സ്ചാനൽവഴിവിദ്യാർത്ഥികൾക്കായി നടത്തി വരുന്ന ഓൺലൈൻ ക്ലാസ്സുകൾ സഭാ ടി.വി.യുടെ OTT പ്ലാറ്റ് ഫോം വഴി ലൈവായും വീഡിയോ ഓൺ ഡിമാന്റ് ആയും സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നിയോജകമണ്ഡലങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, മുഖ്യമന്ത്രിയുടെ ദൈനംദിന പത്ര സമ്മേളനം, നിയമസഭയിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് വിഭാഗം സാമാജികരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച വെബിനാർ എന്നിവയും സഭാ ടി.വി. ജനങ്ങളിലേയ്ക്കെത്തിച്ചു.

സഭാ ടി.വി.യുടെ OTT ആപ്പ് വികസിപ്പിക്കുകയും ഗൂഗിൾ പ്ലേസ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗൂഗിൾ പ്ലേസ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും SABHA TV എന്ന് സെർച്ച് ചെയ്താൽ ആപ്പ് ലഭിക്കും. വിക്ടേഴ്സ് ചാനൽ, സഭാ ടി.വി. നിർമ്മിച്ച വിവിധ പ്രോഗ്രാമുകൾ എന്നിവയും സഭാ ടി.വി. ആപ്പിൽ ലഭ്യമാണ്.

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# കാത്തിരിപ്പുകൾക്ക് വിരാമമായി മുതലപ്പൊഴി ഫിഷിംഗ് ഹാർബർ

**വി.ശശി**, ചിറയിൻകീഴ്



40 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ മുതലപ്പൊഴി ഹാർബറിന്റെ ഉദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ നിർവ്വഹിച്ചു. ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പെരുമാതുറ, മുതലപ്പൊഴി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് മുതലപ്പൊഴി ഹാർബർ പ്രവർത്തനമാരംഭിക്കുന്നത്. തീരദേശമേഖലയിൽ വിഴിഞ്ഞത്തിനും തങ്കശ്ശേരിക്കും ഇടയിൽ ഒരു ഹാർബർ എന്ന ലക്ഷ്യത്തോടെയാണ് രണ്ടായിരത്തിൽ ചിറയിൻകീഴ് മണ്ഡലത്തിൽ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന് തറക്കല്ലിട്ടത്.

### സർക്കാർ സ്കൂളുകളിൽ ബസ്സുകൾ ഓടിത്തുടങ്ങി

ചിറയിൻകീഴ് മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ എം.എൽ.എ.യുടെ ആസ്തിവികസനഫണ്ടിൽ നിന്നും അനുവദിച്ച 64.7 ലക്ഷം രൂപ വിനിയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ ഓടിത്തുടങ്ങി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പുനരാരംഭിച്ച എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷാർത്ഥികൾക്ക് സ്കൂളുകളിൽ എത്തിച്ചേരുന്നതിന് കൂടുതൽ സൗകര്യം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ബസ്സുകൾ എത്തിച്ചത്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 2012 ൽ ആരംഭിച്ച സമ്പൂർണ്ണ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയായ 'അടുപ്പം' പദ്ധതിയുടെ ഭാഗമായാണ് മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ബസ്സുകൾ വാങ്ങിയത്. മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കൽ ഹയർ സെക്കൻഡറി സ്കൂളിനായി രണ്ട് ബസ്സുകളും മുദാക്കൽ പഞ്ചായത്ത് ഇളമ്പ ഹയർ സെക്കൻഡറി സ്കൂളിനായി ഒരു ബസ്സും കടയ്ക്കാവൂർ പഞ്ചായത്ത് കുടവൂർകോണം ഹൈസ്കൂളിനായി ഒരു ബസ്സുമാണ് അനുവദിച്ചത്.



### ചെമ്പൂര് ഗവ.എൽ.പി.സ്കൂളിൽ പുതിയ ക്ലാസ്സ്റൂം

ചിറയിൻകീഴ് മണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ



പദ്ധതിയായ 'അടുപ്പം' പദ്ധതിയുടെ ഭാഗമായി ആസ്തിവികസനഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ വിനിയോഗിച്ച് ചെമ്പൂര് ഗവ.എൽ.പി.സ്കൂളിൽ നിർമ്മിച്ച പുതിയ ക്ലാസ്സ് മുറികളുടെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ നിർവ്വഹിച്ചു.

### പെരുമാതുറയ്ക്ക് പുതിയ ആംബുലൻസ്

ചിറയിൻകീഴ് മണ്ഡലത്തിലെ പെരുമാതുറ ഫാമിലി ഹെൽത്ത് സെന്ററിന് ആംബുലൻസ് വാങ്ങി നൽകിയത് മത്സ്യത്തൊഴിലാളികളായ നാട്ടുകാർക്ക് സഹായകരമായി.

### കൂട്ടായ പ്രതിരോധ പ്രവർത്തനങ്ങളുമായി ചിറയിൻകീഴ് 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിൻ

സംസ്ഥാന സർക്കാരിന്റെ 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി പൊതുപരിപാടികൾ ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ പ്രധാനപ്പെട്ട ക്ഷേത്രമായ ശ്രീ ശാർക്കര ദേവി ക്ഷേത്രത്തിലെ മീന ഭരണി മഹോത്സവം, ആഘോഷങ്ങൾ ഒഴിവാക്കി ചുരുക്കിയത് ചരിത്രത്തിൽ ആദ്യമായിട്ടാണ്. വൈറസിന്റെ ചങ്ങല കണ്ണികൾ പൊട്ടിച്ചെറിയാൻ മണ്ഡലത്തിൽ എല്ലാ ജംഗ്ഷനുകളിലും ഹാന്റ് വാഷ് യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് വിവിധ സാംസ്കാരിക-രാഷ്ട്രീയ സംഘടനകളും വ്യക്തികളും തയ്യാറായി.

### പഞ്ചായത്തുതല പ്രതിരോധപ്രവർത്തനങ്ങൾ

ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ എട്ട് ഗ്രാമപഞ്ചായത്തുകളിലും മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, പഞ്ചായത്ത് ഭാരവാഹികൾ തുടങ്ങിയവരെ വിളിച്ചുചേർത്ത് അവലോകന യോഗങ്ങൾ ചേർന്നു. അടിയന്തരസാഹചര്യങ്ങളിൽ ഫോണിലൂടെയും മറ്റ് സാങ്കേതിക സഹായങ്ങളിലൂടെയും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിക്കൊടുത്തു.

### 52 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾക്ക് അനുമതി

മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ അടിയന്തരസഹായമായി ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ എം.എൽ.എ.ഫണ്ടിൽ നിന്നും 52 ലക്ഷം രൂപ വിനിയോഗിച്ച് വാങ്ങി നൽകി.

### കമ്മ്യൂണിറ്റി കിച്ചൻ

ചിറയിൻകീഴ് മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചനുകളുടെ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ മേൽനോട്ടപ്രവർത്തനങ്ങൾ പഞ്ചാത്തുതലത്തിൽ യോഗങ്ങൾ വിളിച്ചുചേർത്ത് വിലയിരുത്തി. മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലുമുള്ള കമ്മ്യൂണിറ്റി കിച്ചനുകളിൽ ആവശ്യമായ അരിയും പച്ചക്കറികളും പലവ്യഞ്ജനങ്ങളും ഉൾപ്പെടെയുള്ള വസ്തുക്കൾ അതത് പഞ്ചായത്തുകളിൽ എത്തിച്ചു നൽകുന്നതിന് നിരവധി വ്യക്തികളും പ്രസ്ഥാനങ്ങളും മുന്നോട്ട് വന്നു.

### മാസ്കുകളുടെ വിതരണം

കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകർക്കും ജീവനക്കാർക്കും ആവശ്യമായ മാസ്കുകൾ വിതരണം ചെയ്തു. ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യപ്രവർത്തകർ കൂടാതെ പഞ്ചായത്ത് അംഗങ്ങൾ സർക്കാർ ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, ഓട്ടോ തൊഴിലാളികൾ തുടങ്ങിയവർക്കും മാസ്കുകൾ നൽകി. 45000ത്തോളം തുണിമാസ്കുകൾ കൂടാതെ ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ ത്രീലെയർ മാസ്കുകൾ ബാംഗ്ലൂരിൽ നിന്നും വരുത്തി വിതരണം ചെയ്തു. പ്രത്യേക ഇടപെടലിന്റെ ഭാഗമായി ഇതിനോടകം തന്നെ മണ്ഡലത്തിലെ വിവിധ വനിതാ കൂട്ടായ്മകളുടെ നേതൃത്വത്തിൽ മാസ്കുകളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

---

**പി. ശ്രീരാമകൃഷ്ണൻ**, പൊന്നാനി



കുറ്റിപ്പുറം പാലത്തിനും പൊന്നാനി അഴിമുഖത്തിനും ഇടയിലുള്ള പ്രദേശത്തെ തടസ്സങ്ങൾ നീക്കുന്നു.



നിളയുടെ താളം നിലയ്ക്കാതിരിക്കാൻ തടസ്സങ്ങൾ നീക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു

---

## വലയിൽ നിന്ന്...

**Notice directing that sunday be observed as a general holiday**

**പരസ്യം**

കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മെലാൽ ഞായറാഴ്ച ദിവസത്തെ സംസ്ഥാനം ഒട്ടുക്ക കച്ചെരി ഒഴിവു ദിവസമായി ആചരിക്കെണ്ടതാകുന്നു.

എന്നാൽ സർക്കാർ ജൊലി നടപ്പിനായി തങ്ങളുടെ കച്ചെരി സ്ഥലങ്ങളിൽ ഇരിക്കെണ്ടതായ ജൊലി ഉള്ള പൊലീസുകാർ, ചവുക്ക ജീവനക്കാർ മുതലായവർ ഇതിനെ ഒഴിവു ദിവസമായി ആചരിക്കാൻ പാടില്ല.

ഹജ്ജൂർ സർക്കൂട്ടു കച്ചെരി

ദിവാൻ ശങ്കരസുബ്ബയ്യർ,
പീരുമെട്ടു,

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# കടുത്തുരുത്തിയിലെ വികസന പദ്ധതികൾ

**മോൻസ് ജോസഫ്** കടുത്തുരുത്തി

സാങ്കേതിക പ്രശ്നങ്ങൾ മൂലം നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന കടുത്തുരുത്തി ജലഭവൻ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കടുത്തുരുത്തിയിൽ കേരള വാട്ടർ അതോറിറ്റിയുടെ ജില്ലാ ഡിവിഷൻ ഓഫീസ് ആരംഭിച്ചതും ജലഭവൻ നിർമ്മാണ പദ്ധതി അനുവദിച്ചതും മുൻ സർക്കാരിന്റെ കാലഘട്ടത്തിലായിരുന്നു. ജലവിഭവ വകുപ്പ് മന്ത്രി പി.ജെ ജോസഫ് പ്രത്യേക താല്പര്യമെടുത്താണ് പദ്ധതി അനുവദിച്ചത്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തിയപ്പോൾ വിവിധ സാങ്കേതിക പ്രശ്നങ്ങൾ വകുപ്പുതലത്തിൽ ഉന്നയിക്കപ്പെട്ടതിനെ തുടർന്ന് നിർമ്മാണം മുടങ്ങി. ഇതേ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടി വന്നു. ഇക്കാര്യത്തിൽ തീർപ്പ് കല്പിക്കാൻ കഴിയാതെ വാട്ടർ അതോറിറ്റി തലത്തിലും സർക്കാർ തലത്തിലും വർഷങ്ങളുടെ കാലതാമസമാണ് പിന്നീട് ഉണ്ടായത്. ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് നിരവധി യോഗങ്ങളാണ് എം.എൽ.എ. മുൻകൈയെടുത്ത് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് വിളിച്ചുചേർത്തത്. ഇതിന്റെ വെളിച്ചത്തിൽ സർക്കാർ തലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്ന് ഡിസംബർ - ജനുവരി മാസങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞു. ചുരുങ്ങിയ സമയത്തിനുള്ളിൽ ഒന്നാം ഘട്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.



കടുത്തുരുത്തിയിൽ ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷൻ ഓഫീസ്, നാല് സെക്ഷൻ ഓഫീസുകൾ എന്നിവയുടെ പ്രവർത്തനം വാട്ടർ അതോറിറ്റിക്ക് സ്വന്തമായുണ്ടാകുന്ന ജലഭവൻ മന്ദിരത്തിലേക്ക് സ്ഥിരമായി മാറ്റാൻ കഴിയും എന്നുള്ളതാണ് പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഏറ്റവും വലിയ നേട്ടം.

കോട്ടയം - എറണാകുളം റോഡിൽ കടുത്തുരുത്തി ജംഗ്ഷന് സമീപത്തായി വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് പുതിയ കെട്ടിടസമുച്ചയം നിർമ്മിച്ചത്. എം.എൽ.എ. മുന്നോട്ടുവച്ച നിർദ്ദേശപ്രകാരമാണ് വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം പ്രയോജനപ്പെടുത്തി ഓഫീസ് നിർമ്മിക്കാൻ കഴിഞ്ഞത്. ആദ്യഘട്ട നിർമ്മാണത്തിനു വേണ്ടി ഒരു കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ജലഭവന്റെ മൂന്നാം നില നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ എം.എൽ.എ. യുടെ പരിശ്രമഫലമായി ഒരു കോടി രൂപ അനുവദിച്ചിരുന്നത് ഇപ്പോൾ മാറ്റിവച്ചിരിക്കുകയാണ്. ഒന്നാംഘട്ടം പൂർത്തീകരിച്ച ശേഷം പുതുക്കിയ ഭരണാനുമതി നൽകാനുള്ള തീരുമാനമാണ് സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടുള്ളത്.

രണ്ടാംഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള കടുത്തുരുത്തി ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനത്തിന് വേണ്ടിയുള്ള സ്ഥലം സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇക്കാര്യം യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കടുത്തുരുത്തി ഡിവിഷൻ ഓഫീസും,ജലഭവൻ മന്ദിരത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്നതാണ്. ഇതിനായി ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ ഭരണാനുമതി സർക്കാർ നൽകണമെന്ന് ആവശ്യപ്പെട്ട് ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടികൾ ആരംഭിച്ചിരിക്കുകയാണ്

കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ആവിഷ്കരിച്ച 'വിഷൻ 2020' വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്ന കടുത്തുരുത്തി ജലഭവൻ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം എത്രയും വേഗം നടത്താൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## കടുത്തുരുത്തി ബൈപ്പാസ് റോഡ് നിർമ്മാണം അന്തിമഘട്ടത്തിൽ

കോട്ടയം - എറണാകുളം റോഡിന് സമാന്തരമായി നിർമ്മിക്കുന്ന കടുത്തുരുത്തി ടൗൺ ബൈപ്പാസ് റോഡിന്റെ അന്തിമഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

തീരദേശ റോഡ് മുതൽ ചുള്ളിതോട് വരെയുള്ള ബൈപ്പാസ് റോഡിന്റെ ഇരുവശത്തേക്കും ഉള്ള ദൂരപരിധിയും, അതിർത്തിയും ക്രമീകരിക്കുന്നതിനുള്ള



ടോട്ടൽ സ്റ്റേഷൻ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ടാണ് കടുത്തുരുത്തി ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ടത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കടുത്തുരുത്തി - ആപ്പുഴ തീരദേശ റോഡിൽ നിന്നും ബൈപ്പാസിലേക്ക് പ്രവേശിക്കാനുള്ള സർവ്വീസ് റോഡിന്റെ അലൈൻമെന്റും ഇതോടൊപ്പം പരിശോധിച്ച് തീർപ്പാക്കി. കടുത്തുരുത്തി വലിയ തോടിനും, ചുള്ളി തോടിനും കുറുകെ നിർമ്മിക്കുന്ന രണ്ട് പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിച്ചു.

ബൈപ്പാസ് റോഡിന്റെ സമീപത്തുള്ള കര ഭൂമിയിൽ വെള്ളക്കെട്ട് പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കാൻ കഴിയുന്ന വിധത്തിലും തീരദേശ റോഡിലൂടെ വാഹന സൗകര്യം അനുവദിക്കാൻ കഴിയുന്ന വിധത്തിലുമാണ് വലിയ തോടിന് കുറുകെയുള്ള പാലം നിർമ്മിക്കുന്നത്. ബൈപ്പാസ് റോഡിന് കുറുകെ സുഗമമായി വെള്ളം ഒഴുകി പോകാൻ കഴിയുന്ന വിധത്തിൽ താഴത്തു പള്ളി ഭാഗം മുതൽ ജല നിർഗമന മാർഗ്ഗങ്ങൾ പരമാവധി സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

കടുത്തുരുത്തി ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന സർവ്വീസ് റോഡ് നവീകരിക്കുന്നതിനും ഫ്ളൈ ഓവറും, ബൈപ്പാസ് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ചും റോഡ് സേഫ്റ്റി വിഭാഗം വിലയിരുത്തൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## വെളിയന്നൂർ - കൂത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ ട്രയൽ റൺ

വെളിയന്നൂർ - കൂത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ കനാൽ കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായി എം വി ഐ പി കനാലിലൂടെ ജലവിതരണം നടത്തിക്കൊണ്ട് പദ്ധതിയുടെ ട്രയൽ റൺ കൂത്താട്ടുകുളം ബാപ്പുജി സ്കൂൾ ജംഗ്ഷനിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസിൽ എം.എൽ.എ. നിർവഹിച്ചു.



പദ്ധതിയിലൂടെ കൂത്താട്ടുകുളം പമ്പ് ഹൗസ് മുതൽ വെളിയന്നൂർ ജംഗ്ഷനിൽ കനാൽ അവസാനിക്കുന്നത് വരെ വെള്ളമെത്തിക്കാൻ കഴിയുമെന്നും വെളിയന്നൂർ - കൂത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ കനാൽ യാഥാർത്ഥ്യമാകുന്നതിലൂടെ കാർഷിക മേഖലയുടെ പുരോഗതിക്കും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും, ജല സ്രോതസ്സുകൾ സമൃദ്ധമാകുന്നതിനും സഹായകരമാകുമെന്നും എം.എൽ.എ. ചൂണ്ടിക്കാട്ടി.

ഇറിഗേഷൻ പ്രോജക്ട് ചീഫ് എൻജിനീയർ, സൂപ്രണ്ടിംഗ് എൻജിനീയർ, പിറവം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## കാരിക്കോട് അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു

മുളക്കുളം ഗ്രാമ പഞ്ചായത്തിലെ 62-ാം നമ്പർ കാരിക്കോട് അംഗൻവാടിക്കായി എം.എൽ.എ. ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം



എം.എൽ.എ. നിർവ്വഹിച്ചു. വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കാരിക്കോട് അംഗൻവാടിക്ക് സ്വന്തമായി ഒരു കെട്ടിടം എന്നത് മുഴുവൻ ജനങ്ങളുടെയും സ്വപ്നമായിരുന്നു

സഭാസമിതി റിപ്പോർട്ടുകൾ

# അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച സമിതി റിപ്പോർട്ട്



ചിറ്റയം ഗോപകുമാർ എം.എൽ.എ


മനുഷ്യരക്തത്തിലെ ചുവന്ന രക്താണുക്കൾ ഓക്സിജന്റെ അഭാവം മൂലം അരിവാളിന്റെ ആകൃതിയായി മാറുന്ന പാരമ്പര്യരോഗമാണ് സിക്കിൾ സെൽ അനീമിയ അഥവാ അരിവാൾ കോശ രോഗം. സംസ്ഥാനത്ത് വയനാട് ജില്ലയിലെ തദ്ദേശീയരായ ചെട്ടി/പണിയ വിഭാഗങ്ങളിലും ചില ആദിവാസി ഗോത്രവിഭാഗങ്ങളിലും അട്ടപ്പാടിയിലെ ചില ആദിവാസി വിഭാഗങ്ങളിലും ഈ രോഗം കൂടുതലായി കണ്ടുവരുന്നു. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ രോഗികൾ വിദ്യാഭ്യാസ, സാമൂഹിക, ആരോഗ്യ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ച വിഷയം നിയമസഭയുടെ പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി പഠനവിധേയമാക്കി.

വയനാട്, പാലക്കാട് ജില്ലകളിലെ വിവിധ പ്രദേശങ്ങളിലെ സിക്കിൾസെൽ അനീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യം, പട്ടികവർഗ്ഗം, സാമൂഹ്യനീതി, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങിയ വകുപ്പുകളിൽ നിന്ന് സമിതി വിവരങ്ങൾ ശേഖരിച്ചു. റിപ്പോർട്ടുകൾ പഠന വിധേയമാക്കുകയും വയനാട് ജില്ലയിൽ സന്ദർശനം നടത്തി വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് മാർച്ച് 13 ന് സഭയിൽ സമർപ്പിച്ചു.

ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും സിക്കിൾസെൽ അനീമിയ രോഗികളുണ്ട്. അത്തരം രോഗികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനാൽ രോഗത്തിന്റെ കാഠിന്യം അവരെ സാരമായി ബാധിക്കുന്നില്ല. വയനാടിലെയും അട്ടപ്പാടിയിലെയും രോഗികൾക്ക് ഉപജീവനത്തിന് കഠിനാധ്വാനം ചെയ്യേണ്ടിവരുന്നതും പോഷകാഹാരക്കുറവും സാമ്പത്തികപരാധീനതകളും രോഗതീവ്രത വർദ്ധിപ്പിക്കുന്നതായി സമിതി വിലയിരുത്തി. നിലവിൽ സിക്കിൾസെൽ അനീമിയ രോഗം സംബന്ധിച്ച ഗവേഷണകേന്ദ്രം പ്രവർത്തിക്കുന്നത് കോഴിക്കോട് മെഡിക്കൽ കോളേജിലാണ്. എന്നാൽ കൂടുതൽ രോഗികൾ വയനാട് ജില്ലയിലാണുള്ളത്. രോഗപ്രതിരോധനത്തിനും രോഗികൾക്ക് കാര്യക്ഷമവും നൂതനവുമായ ചികിത്സ നൽകുന്നതിനും സഹായകരമായ വിധത്തിൽ ഒരു റിസർച്ച് സെന്റർ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആരംഭിക്കണമെന്നും ഇത്തരം രോഗികൾക്കായി ആശുപത്രിയിൽ താഴത്തെ നിലയിൽ ഒരു വാർഡ് നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്തു. വയനാട് ജില്ല ആശുപത്രിയിൽ രോഗാരംഭം മുതൽ ഗുരുതരാവസ്ഥയിലെത്തുന്നതു വരെയുള്ള രോഗികളെ ചികിത്സിക്കാൻ കഴിയുന്ന സംവിധാനങ്ങളോടു കൂടിയ പ്രത്യേക വിഭാഗം ആരംഭിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വയനാട് ജില്ലയിൽ നിലവിലുള്ള സിക്കിൾസെൽ പ്രോജക്ട് വിപുലീകരിച്ച് രോഗനിർണ്ണയത്തിനും മുഴുവൻ രോഗികളെ കണ്ടെത്തുന്നതിനും വിവിധ തരത്തിലുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക യൂണിറ്റ് ആരംഭിക്കണമെന്നും അതിന്റെ നടത്തിപ്പിനായി ചികിത്സാരംഗത്തുള്ള ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്നും സമിതി റിപ്പോർട്ടിൽ ശിപാർശ ചെയ്തു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പെൻഷൻ, രോഗ തിരിച്ചറിയൽ കാർഡ് തുടങ്ങിയവ ലഭിക്കുന്നതിനാവശ്യമായ രോഗ സർട്ടിഫിക്കറ്റുകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നാണ് നൽകിവരുന്നത്. യാത്രാക്ലേശം അനുഭവിക്കുന്ന ഇത്തരം രോഗികൾക്കു വേണ്ടി രോഗ സർട്ടിഫിക്കറ്റുകൾ അതതു ജില്ലകളിൽ തന്നെ നൽകാനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്തു.



വയനാട്, അട്ടപ്പാടി മേഖലകളിൽ ശാരീരിക വേദന അനുഭവിക്കുന്ന സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഉപജീവനത്തിന് കായികാധ്വാനം ചെയ്യേണ്ടിവരുന്നുവെന്ന് സമിതി നിരീക്ഷിച്ചു. നിലവിൽ പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് പ്രതിമാസ ധനസഹായമായി 2,500/- രൂപയും മറ്റുള്ളവർക്ക് 2,000/- രൂപയുമാണ് നൽകിവരുന്നത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. രോഗവും രോഗികൾ അനുഭവിക്കുന്ന രോഗതീവ്രതയും സമാനമായതിനാൽ കാറ്റഗറി വ്യത്യാസമില്ലാതെ എല്ലാവർക്കും 5,000/- രൂപ വീതം പ്രതിമാസ ധനസഹായമായി നൽകണമെന്ന് സമിതി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

അരിവാൾ കോശ രോഗികൾക്കോ. അവരെ പരിചരിക്കുന്ന ആശ്രിതർക്കോ സ്വയം തൊഴിൽ പദ്ധതിക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഗ്രാന്റ് നൽകുന്ന പദ്ധതിയിൽ അൻപതു വയസിനു മുകളിലുള്ളവരെ കൂടി ഉൾപ്പെടുത്തുക, രോഗികൾക്കായി പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക എന്നീ ശിപാർശകളും റിപ്പോർട്ടിലുണ്ട്.

അരിവാൾകോശ രോഗികളായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പഠനത്തിനായി അവർ ആവശ്യപ്പെടുന്ന, വീടിനടുത്തുതന്നെയുള്ള സ്കൂളുകളിൽ പ്രവേശനം നൽകണമെന്നും കുട്ടികളുടെ ഉന്നതവിദ്യാഭ്യാസം പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നും സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു.

2016 ലെ ഭിന്നശേഷിക്കാരുടെ സംരക്ഷണനിയമപ്രകാരം അരിവാൾ കോശ രോഗികളെ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തി. നിയമം സംബന്ധിച്ച സംസ്ഥാനതല ചട്ടങ്ങളുടെ രൂപീകരണം അടിയന്തരമായി പൂർത്തീകരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്തു..

സംസ്ഥാനത്ത് അരിവാൾ കോശ രോഗം കണ്ടുവരുന്ന പ്രദേശങ്ങളിലെ രോഗികളുടെയും രോഗവാഹകരുടെയും കൃത്യമായ കണക്കുകൾ ശേഖരിക്കണമെന്നും തലമുറകളിലേക്ക് രോഗം പകരാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്തു.

പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2019-2021) അദ്ധ്യക്ഷൻ ചിറ്റയം ഗോപകുമാറാണ് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്.

# ഇ – നിയമസഭാ പദ്ധതി: സോഫ്റ്റ്‌വെയർ വികസനം പുരോഗമിക്കുന്നു

ഇ-നിയമസഭ പദ്ധതിയുടെ ആപ്ലിക്കേഷന്റെ ഭാഗമായി സഭാസംബന്ധിയായ ഇൻ-ഹൗസ്, ഓഫീസ് അഡ്മിനിസ്ട്രേഷന്റെ ഭാഗമായ ERP എന്നീ സോഫ്റ്റ് വെയർ ഘടകങ്ങൾ സമാന്തരമായി വികസിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ERP മൊഡ്യൂൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിലെ അക്കൗണ്ട്സ്, സർവ്വീസസ് വിഭാഗങ്ങളും നിയമസഭാ ഹോസ്റ്റൽ മെമ്പേഴ്സ് അമിനീറ്റീസ് വിഭാഗങ്ങളും ULTS ടീമുമായി ചർച്ചകൾ നടത്തി. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ബിൽസ് മോഡ്യൂളിന്റെ വയർഫ്രെയിം ഡിസൈൻ അപ്രൂവൽ ഘട്ടത്തിലാണ്.

ചോദ്യങ്ങളുടെ നോട്ടീസുകൾ അംഗങ്ങളിൽ നിന്നും ഓൺലൈനായി ലഭ്യമാക്കുക. അവയുടെ പ്രോസസ്സിംഗ്, ചോദ്യങ്ങളുടെ ഉത്തരങ്ങൾ വകുപ്പുകളിൽ നിന്നും ഓൺലൈനായി ലഭ്യമാക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിനുള്ള ക്വസ്റ്റ്യൻ മൊഡ്യൂൾ, സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള രേഖകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും അവ സഭയിൽ സമർപ്പിക്കുന്ന മുറയ്ക്ക് സഭയ്ക്കുള്ളിൽ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള സി.പി. എൽ മൊഡ്യൂൾ എന്നിവയിൽ പ്രാഥമികമായി ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിന്റെ ടെസ്റ്റിംഗിനായി (UAT) ലഭ്യമായിട്ടുണ്ട്. എല്ലാ ദിവസവും ഉച്ചയ്ക്ക്ശേഷം 2.00 മുതൽ 5.00 മണിവരെ കോർ ടീം അംഗങ്ങളെയും ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റുമാരെയും ഉൾപ്പെടുത്തി ഇൻഫോലാബിൽ വച്ച് ഈ ടെസ്റ്റിംഗ് നടന്നുവരുന്നു.

സാമാജികരുടെ ചോദ്യങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നത് സംബന്ധിച്ച് പാർലമെന്ററി പാർട്ടി ഓഫീസിലെ ഉദ്യോഗസ്ഥരുമായും ഉത്തരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നത് സംബന്ധിച്ച് പൊതുഭരണവകുപ്പ്, ധനകാര്യവകുപ്പ്, പാർലമെന്ററികാര്യവകുപ്പ്, ഐ.ടി.മിഷൻ എന്നിവ യിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പൊതുഭരണവകുപ്പ് പുതുതായി വികസിപ്പിച്ച ആപ്ലിക്കേഷനുമായി ഇ-നിയമസഭാ ആപ്ലിക്കേഷൻ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സാങ്കേതികത്വം സംബന്ധിച്ച് സി-ഡിറ്റുമായി ചർച്ച നടത്തുകയും ചെയ്തു. അംഗങ്ങൾക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ഇ-നിയമസഭാ ആപ്ലിക്കേഷനിൽ ഉടൻ തയ്യാറാക്കുന്ന മൊഡ്യൂളുകളിൽ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് മെറ്റീരിയൽ തയ്യാറാക്കി വരുന്നു.

ഇ-നിയമസഭാ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫർണിച്ചർ റീ-അലൈൻമെന്റ് ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് കരാറായിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സർവ്വീസസ് സെക്ഷനുകളിലെ ഇലക്ട്രിക്കൽ നെറ്റ് വർക്കിംഗ് ജോലികൾ പുരോഗമിക്കുന്നു. ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഫിംഗർപ്രിന്റ് ഡിവൈസുകൾ സഭയ്ക്കുള്ളിൽ സ്ഥാപിക്കുകയുണ്ടായി. എല്ലാ അംഗങ്ങളുടെയും ഫിംഗർപ്രിന്റ് ഡാറ്റ ശേഖരിച്ചതിന്ശേഷം ബയോമെട്രിക് അറ്റൻഡൻസ്, ഇ-വോട്ടിംഗ് എന്നിവ നടപ്പാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാമാസവും സ്റ്റിയറിംഗ് കമ്മിറ്റിയുമായും ആഴ്ചതോറും ഐ.ടി. വിഭാഗം ഉദ്യോഗസ്ഥരുമായും ULTS ടീം അവലോകന യോഗങ്ങൾ ചേർന്നു വരുന്നു.





# പാസാക്കിയ സമ്മേളനത്തിൽത്തന്നെ ഭേദഗതി ചെയ്ത നിയമം

1957 ഏപ്രിൽ 30 ന് സഭയിൽ അവതരിപ്പിച്ച 1957 ലെ കേരള കുടിയൊഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ (കേരള സ്റ്റേറ്റ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ്) ബിൽ മേയ് 8 ന് സഭ പാസാക്കി. ബിൽ പാസാക്കുന്നതിന് സാധാരണ നടപടിക്രമങ്ങളിൽ ഇളവ് വരുത്തിയിരുന്നു. ബില്ലിന് മേയ് 25 ന് ഗവർണ്ണറുടെ അനുമതി ലഭിച്ചു. അതേ സഭാ സമ്മേളനത്തിൽ തന്നെ നിയമത്തിൽ ഭേദഗതിവരുത്തുന്നതിന് ബിൽ അവതരിപ്പിച്ച് കേരള നിയമസഭ ചരിത്രത്തിൽ ഇടം നേടി.


നിയമത്തിന്റെ നാലാം വകുപ്പിൽ ഒരാളെ അയാളുടെ കൈവശഭൂമിയിൽ നിന്ന് ഒഴിപ്പിക്കുന്നതിനോ 1957 ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തി വയ്ക്കൽ ഓർഡിനൻസ് നടപ്പിൽ വരുന്നതിനു മുമ്പ് കൈവശഭൂമി സംബന്ധിച്ച പാട്ടകുടിശ്ശിക ഈടാക്കുന്നതിനോ കൈവശഭൂമിയുടെ ഉപയോഗവും അനുഭവവും മൂലം ഉണ്ടായിട്ടുള്ള നഷ്ടപരിഹാരത്തിനോ യാതൊരു കോടതിയിലും വ്യവഹാരമോ മറ്റു നടപടികളോ നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന എല്ലാ വ്യവഹാരങ്ങളും മറ്റു നടപടികളും നിറുത്തി വയ്ക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ നാലാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ ഈ വകുപ്പിലുള്ള യാതൊന്നും തന്നെ കൈവശവസ്തുവിൽ നിന്ന് കുടിയൊഴിപ്പിക്കലൊഴികെ ഭൂമി പാട്ടം കൊടുത്തിട്ടുള്ള ആൾക്ക് എന്തെങ്കിലും ആശ്വാസം നൽകുന്നതിന് കോടതിക്ക് ബാധകമാകുന്നതല്ല എന്നും വ്യവസ്ഥ ചെയ്തിരുന്നു. ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥ കൃഷിക്കാരുടേയും കുടിയാന്മാരുടേയും താല്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതായിരുന്നു. നാലാം വകുപ്പിന്റെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുന്നതിനായാണ് ഉടനടി ഭേദഗതി ബിൽ കൊണ്ടുവരേണ്ടി വന്നത്.



പി.ടി.ചാക്കോ



പട്ടം എ. താണുപിള്ള



വി.ആർ.കൃഷ്ണയ്യർ

1957 മേയ് 7 നാണ് കേരള സ്റ്റേറ്റ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം മന്ത്രി കെ.ആർ.ഗൗരി അവതരിപ്പിച്ചത്. ഭൂമി കൈവശം വച്ച് കൃഷി ചെയ്തുകൊണ്ടിരിക്കുന്ന കർഷകരിൽ നിന്നും ജന്മിക്ക് ഭൂമി ഒഴിപ്പിക്കാൻ കഴിയാത്തവിധം നിയമമുണ്ടാക്കാനാണ് ബിൽ അവതരിപ്പിക്കുന്നത് എന്ന് മന്ത്രി അറിയിച്ചു. മലബാർ ടെനൻസി ആക്റ്റ് 1929, ടി.സി.പ്രിവൻഷൻ ഓഫ് എവിക്ഷൻ ഓഫ് കുടികിടപ്പുകാർ ആക്റ്റ് 1955 എന്നീ നിയമങ്ങളിൽ ഭൂവുടമയെ സംബന്ധിച്ചും കുടികിടപ്പുകാരെ സംബന്ധിച്ചും അടങ്ങിയിരിക്കുന്ന സംഗതമായ തത്വങ്ങൾ ഏകീകരിക്കുന്നതിനു കൂടി വേണ്ടിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്നും മന്ത്രി വിശദീകരിച്ചു. 1957 ലെ ഒന്നാം ഓർഡിനൻസായ ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസിന്റെ കാലാവധി കഴിയാറായതിനാൽ ഉടനെതന്നെ ബിൽ പാസാക്കേണ്ടതുണ്ടെന്നും മന്ത്രി അറിയിച്ചു.

ബിൽ സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പ്രതിപക്ഷനേതാവ് പി.ടി.ചാക്കോ അവതരിപ്പിച്ചു. ബില്ലിലെ രണ്ടാം വകുപ്പിൽ 'ഹോൾഡിംഗ്' എന്നതിനു കൊടുത്തിരിക്കുന്ന നിർവ്വചനം പര്യാപ്തമല്ലെന്നും ചെറു ഭൂവുടമകളുടെ അവകാശം ഇല്ലാതാകുമെന്ന രീതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ബിൽ നിയമമാക്കുന്നത് സാധൂകരിക്കാനാകില്ലെന്നും പി.ടി.ചാക്കോ അഭിപ്രായപ്പെട്ടു. വാരം, ശമ്പളപാട്ടം എന്നിവയുടെ നിർവ്വചനങ്ങൾ ബില്ലിൽ എവിടെയുമില്ലെന്നും ഓർഡിനൻസിന്റെ കാലാവധി കഴിയുമ്പോൾ അത് പുനർവിളംബരപ്പെടുത്താവുന്നതാണെന്നും അക്കാരണം ചൂണ്ടിക്കാട്ടി വിശദമായ പഠനം നടത്താതെ ബിൽ പാസാക്കുന്നതിനോട് യോജിപ്പില്ലെന്നും ചൂണ്ടിക്കാട്ടി പട്ടം എ.താണുപിള്ള സർക്കാരിന്റെ നിലപാടിനെ ശക്തമായി എതിർത്തു. ബില്ലിൽ ചില ന്യൂനതകൾ ഉണ്ടെന്ന് സമ്മതിച്ച പി.ഗോവിന്ദപിള്ള ഒരു ഭൂനിയമം ഉണ്ടാകുന്നവരെ ആരേയും ഒഴിപ്പിക്കരുത് എന്ന വിചാരത്തോടു കൂടിയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്ന് അഭിപ്രായപ്പെട്ടു. ബിൽ മാറ്റിവയ്ക്കരുതെന്നും ബിൽ സെലക്റ്റ് കമ്മിറ്റിക്ക് വിടുന്നതിനുള്ള പ്രമേയങ്ങൾ പിൻവലിക്കണമെന്നും തോപ്പിൽ ഭാസ്ക്കരൻപിള്ള അഭിപ്രായപ്പെട്ടു. ജോസഫ് ചാഴിക്കാട്, പൊന്നറ ജി. ശ്രീധർ, എം.ചടയൻ, ടി.ഒ.ബാവാ എന്നിവർ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിച്ച് സംസാരിച്ചു. ബില്ലിന്റെ ചുമതലയുള്ള മന്ത്രി ചർച്ച അവസാനിപ്പിക്കുന്നതിനുവേണ്ടി ക്ലോഷർ മോഷൻ അവതരിപ്പിച്ചു. ഇ.പി. പൗലോസ് ഇതിനെ എതിർത്തു. സ്പീക്കർ ക്ലോഷർ മോഷൻ പരിഗണിക്കുന്നതിനു മുമ്പായി എം.നാരായണക്കുറുപ്പിനുകൂടി സംസാരിക്കുന്നതിന് അവസരം നൽകി. സമവർത്തിപ്പട്ടികയിൽപ്പെടുന്ന ഒരു വിഷയത്തെ സംബന്ധിച്ച നിയമനിർമ്മാണത്തിന് പ്രസിഡന്റിന്റെ അനുമതി ആവശ്യമാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 213, 254 എന്നിവ ഉദ്ധരിച്ചുകൊണ്ട് എം.നാരായണക്കുറുപ്പ് അഭിപ്രായപ്പെട്ടു. ബിൽ പൂർവ്വകാലപ്രാബല്യത്തോടെ പാസാകുമ്പോൾ ചില സാങ്കേതികതടസ്സങ്ങൾ ഉണ്ടാകുമെന്നും ബിൽ സെലക്റ്റ് കമ്മിറ്റിക്ക് അയച്ച് ഇരുഭാഗത്തുമുള്ള അംഗങ്ങൾ നിഷ്പക്ഷമായി ആലോചിച്ച് പ്രതിപക്ഷാംഗങ്ങളുടെ ഭേദഗതികൾ കൂടി സ്വീകരിച്ചുകൊണ്ട് ബില്ലിലെ അവ്യക്തത നീക്കി പുരോഗമനപരമായ രീതിയിൽ ബിൽ നിയമമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്പീക്കർ ക്ലോഷർ മോഷൻ സഭയുടെ പരിഗണനയ്ക്ക് വിട്ടു. ചർച്ച അവസാനിപ്പിക്കാനുള്ള പ്രമേയത്തെ സഭ അനുകൂലിക്കുകയും വോട്ടെടുപ്പിൽ ക്ലോഷർ മോഷൻ പാസാവുകയും ചെയ്തു. സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പിൻവലിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചുവെങ്കിലും പി.ടി.ചാക്കോ വഴങ്ങിയില്ല. പ്രമേയത്തെ അനുകൂലിച്ചവർ അമ്പത്തൊമ്പതും പ്രതികൂലിച്ചവർ അറുപത്തിനാലും ആയിരുന്നു. ഡബ്ല്യു. എച്ച്.ഡിക്രൂസ് നിഷ്പക്ഷത പാലിച്ചു.

ബിൽ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം മേയ് 8 ന് ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണന ബഹിഷ്കരിച്ചു. പ്രതിപക്ഷത്തിന്റെ അഭാവത്തിൽ ഭേദഗതികൾ അവതരിപ്പിക്കാതെ ബിൽ പാസായി.

ഒന്നാം കേരള നിയമസഭയുടെ ഒന്നാമത്തെ സമ്മേളനത്തിലായിരുന്നു ബിൽ പാസായത്. അതേ സമ്മേളനത്തിൽ ജൂൺ 20 ന് ഈ നിയമത്തിന് ഭേദഗതിക്കുള്ള ബിൽ അവതരിപ്പിച്ചു. 1957 ലെ കേരള സ്റ്റേറ്റ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് (അമെന്റ്മെന്റ്) ബില്ലിനെ സംബന്ധിച്ച പ്രമേയങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനു കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 206 സസ്പെന്റ് ചെയ്യണമെന്ന പ്രമേയം കെ.ആർ.ഗൗരി സഭയിൽ അവതരിപ്പിച്ചു. സഭ മുമ്പാകെ ഒരു പ്രമേയവുമില്ലാതിരിക്കെ എങ്ങനെ മന്ത്രിക്ക് ഈ പ്രമേയം അവതരിപ്പിക്കാനാകും എന്ന പട്ടം എ. താണുപിള്ളയുടെ ചോദ്യത്തിന് എർസ്കിൻ മേയുടെ പാർലമെന്ററി പ്രാക്ടീസ് എന്ന ഗ്രന്ഥം ഉദ്ധരിച്ച് സ്പീക്കർ വിശദീകരണം നൽകി. തുടർന്ന് ഭേദഗതി ബിൽ അവതരിപ്പിച്ചു. ചട്ടം 206, 237 എന്നിവ പ്രകാരം ഒരു സെഷനിൽ പാസാക്കിയ ബില്ലിന്റെ ഭേദഗതിക്കുള്ള ബിൽ അതേ സമ്മേളനത്തിൽ അവതരിപ്പിക്കാനാകില്ലെന്ന് എം.നാരായണക്കുറുപ്പ് തടസവാദം ഉന്നയിച്ചു. ചട്ടം 78 പ്രകാരം ബില്ലുകളുടെ പകർപ്പ് രാവിലെയാണ് ലഭിച്ചതെന്നും മൂന്നുദിവസം മുൻപ് ലഭിച്ചിട്ടില്ലാത്തിനാൽ ചട്ടം സസ്പെന്റ് ചെയ്താലും ഇല്ലെങ്കിലും മന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാനാകില്ലെന്ന് ചൂണ്ടിക്കാട്ടി എ. താണുപിള്ളയും ബില്ലിന്റെ അവതരണത്തെ ശക്തമായി എതിർത്തു. സഭയിൽ ബിൽ അവതരിപ്പിച്ചപ്പോൾ സെലക്റ്റ് കമ്മിറ്റിക്ക് അയച്ച് വിശദമായി പഠിച്ചശേഷം ബിൽ പാസാക്കിയാൽ മതിയെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടെങ്കിലും മന്ത്രി അത് ചെവിക്കൊണ്ടില്ലെന്നും ഭേദഗതി ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ചട്ടപ്രകാരം നൽകിയിട്ടില്ലെന്നും താണുപിള്ള ആരോപിച്ചു. നിയമവകുപ്പിനോട് ആലോചിക്കാതെയാണ് നിയമം ഉണ്ടാക്കിയതെന്നും ഇങ്ങനെയൊരു നിയമം നിയമസഭയുടെ ചരിത്രത്തിൽ ഉണ്ടായിരിക്കില്ല എന്നും പ്രതിപക്ഷനേതാവ് പി.ടി.ചാക്കോ ആരോപിച്ചു.

നിയമത്തിന്റെ പ്രധാനവകുപ്പിൽ പാട്ടകുടിശ്ശികയ്ക്ക് വസ്തു ഒഴിപ്പിക്കരുതെന്നും പ്രൊവൈസോയിൽ വസ്തു ഉടമസ്ഥന് കുടിയിറക്കൽ (eviction) അല്ലാത്ത എല്ലാ നടപടിക്കും അവകാശമുണ്ടെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ പ്രൊവൈസോ മാറ്റുന്നതിനാണ് ചട്ടം സസ്പെന്റ് ചെയ്ത് ബിൽ പരിഗണനയ്ക്കെടുക്കാൻ അനുവാദം ചോദിച്ചതെന്ന് മന്ത്രി വിശദീകരിച്ചു. ഒരു പ്രമേയം അവതരിപ്പിക്കാതെയും ചട്ടം സസ്പെന്റ് ചെയ്യാതെയും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നത് യോഗ്യമല്ലെന്ന് എം.നാരായണക്കുറുപ്പ് വാദിച്ചു. സഭ മുമ്പാകെയുള്ള ഒരു പ്രമേയത്തിന്മേൽ ഏതൊരു ചട്ടത്തിനുമുള്ള പ്രയോഗത്തെ സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം സ്പീക്കറുടെ അനുമതിയോടെ ഒരു അംഗത്തിന് അവതരിപ്പിക്കാവുന്നതാണ് എന്ന് ചട്ടം 237 വ്യവസ്ഥ ചെയ്യുന്ന ഒരു ചട്ടത്തിന്റെ ബലത്തിൽ അവതരിപ്പിച്ച പ്രമേയത്തെ തടസ്സപ്പെടുത്തുന്ന മറ്റൊരു ചട്ടം ഉണ്ടാകുമ്പോൾ ആ ചട്ടത്തെ സസ്പെന്റ് ചെയ്യുകയും ആസന്നമായ പ്രമേയത്തെ അനുവദിക്കുകയും ചെയ്യുക എന്നതാണ് രണ്ടു ചട്ടങ്ങളെയും പരസ്പരം വിരുദ്ധമല്ലാതെ പൊരുത്തപ്പെടുത്തുവാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗമെന്ന് നിയമവകുപ്പ് മന്ത്രി വി.ആർ. കൃഷ്ണയ്യർ വിശദീകരിച്ചു.

ഒരു പ്രധാന വകുപ്പിന് തികച്ചും വിരുദ്ധമായ പ്രൊവൈസോ ആദ്യ ബില്ലിൽ ഉൾപ്പെടുത്തപ്പെട്ടത് തന്റെ ശ്രദ്ധയിൽപ്പെടാത്തതിൽ സ്പീക്കർ ഖേദം പ്രകടിപ്പിച്ചു. അശ്രദ്ധയുടെയും അനവധാനതയുടെയും ഫലമായുണ്ടായ ഈ വീഴ്ചയുടെ ഉത്തരവാദിത്തത്തിൽ നിന്ന് സർക്കാരിന് മാറിനിൽക്കാനാകില്ലെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയിൽ ഈ തെറ്റ് കണ്ടെത്താതിരുന്നത് നിർഭാഗ്യകരമാണെന്നും ഇതു സംഭവിക്കാൻ പാടില്ലാത്തതായിരുന്നുവെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. പ്രൊവൈസോ ഒഴിവാക്കുന്നതിന് അതിബുദ്ധിയൊന്നും ആവശ്യമില്ലായിരുന്നുവെന്നും അർഹിക്കാത്ത ദാക്ഷിണ്യം അനുവദിക്കുന്നില്ലെന്നും അദ്ദേഹം സഭയെ അറിയിച്ചു. ചട്ടം 206 സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം പരിഗണിക്കുന്നില്ലെന്നും ബിൽ അവതരിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ബില്ലിന്റെ തുടർന്നുള്ള ഘട്ടങ്ങളിൽ ചട്ടം 206 സസ്പെന്റ് ചെയ്യേണ്ടിവരികയാണെങ്കിൽ അപ്പോൾ പരിഗണിക്കാമെന്നുമായിരുന്നു സ്പീക്കറുടെ റൂളിംഗ്. ബിൽ ജൂലൈ 22 ന് സഭ പാസാക്കി. അവതരിപ്പിച്ച സമ്മേളനത്തിൽത്തന്നെ ഭേദഗതി ചെയ്യപ്പെട്ട ഏക നിയമമായിരുന്നു 1957 ലെ നിയമം.

(തയ്യാറാക്കിയത് നസിയ എം എ)

# ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം

നിയമസഭയുടെ മുഖ്യ കർത്തവ്യങ്ങളിലൊന്നാണ് നിയമനിർമ്മാണം. നിയമനിർമ്മാണത്തിന് നിർദ്ദിഷ്ട നിയമത്തിന്റെ ഒരു കരടുരൂപം ആവശ്യമാണ്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വ്യവസ്ഥകളുമടങ്ങുന്ന ബ്ലൂ പ്രിന്റായ കരടു രൂപത്തെയാണ് ബിൽ എന്ന് വിശേഷിപ്പിക്കുന്നത്. നിയമനിർമ്മാണ നിർദ്ദേശങ്ങൾ ബിൽ രൂപത്തിലാണ് നിയമസഭ മുൻപാകെ വരുന്നത്.

ബിൽ പാസാക്കി നടപ്പാക്കുമ്പോൾ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന പക്ഷം അതിന്റെ സൂക്ഷ്മ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്ന ഒരു മെമ്മോറാണ്ടം ബില്ലിന്റെ അനുബന്ധമായി ചേർക്കാറുണ്ട്. ബിൽ നിയമാകുന്നതോടുകൂടി സഞ്ചിതനിധിയിൽ നിന്ന് വരുന്ന ചെലവ് എത്രയാണെന്നുള്ള ഒരു ഏകദേശ രൂപം ഇതിലൂടെ സഭയ്ക്ക് ലഭിക്കുന്നു.

അംഗങ്ങൾക്ക് ബിൽ അവതരിപ്പിക്കുന്നതിനും പരിഗണിക്കുന്നതിനും രാഷ്ട്രപതിയുടേയോ ഗവർണറുടേയോ ശിപാർശ ആവശ്യമുണ്ടോയെന്ന് മനസ്സിലാക്കുന്നതിനും ധനകാര്യ മെമ്മോറാണ്ടം സഹായിക്കുന്നു. ഒരു പണ ബില്ലോ ബന്ധപ്പെട്ട ഭേദഗതിയോ ഗവർണറുടെ ശിപാർശയോടെയല്ലാതെ സഭയിൽ അവതരിപ്പിക്കാൻ പാടുള്ളതല്ല. ഒരു ബിൽ നിയമമാകുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവ് നടത്തേണ്ടതായി വരുന്ന സാഹചര്യത്തിൽ ബില്ലിന്റെ പരിഗണന ഗവർണർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ സംസ്ഥാന നിയമസഭ ബിൽ പാസാക്കാൻ പാടുള്ളൂ എന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു.

ബിൽ നിയമമാകുമ്പോൾ സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടാകുമോ എന്നറിയാൻ സഭാംഗങ്ങൾ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തെയാണ് ആശ്രയിക്കുന്നത്. സഭയിൽ അവതരിപ്പിച്ച ബില്ലിൽ ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്തിയിട്ടില്ലെന്ന കാരണത്താലോ ധനകാര്യ മെമ്മോറാണ്ടം വ്യക്തവും പൂർണ്ണവുമല്ലായെന്ന കാരണത്താലോ ബില്ലിന്റെ അവതരണത്തെ തടയാൻ പ്രതിപക്ഷം പലപ്പോഴും ശ്രമിക്കാറുണ്ട്.

ആവർത്തിക്കുന്നതും ആവർത്തിക്കാത്തതുമായ ചെലവിനങ്ങൾ ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടില്ലെന്ന ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചാൽ അത്തരം ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് കരുതുന്നപക്ഷം അവ തള്ളുകയാണ് പതിവ്. 1996 ലെ കേരള ധനകാര്യ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ 'സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരധികച്ചെലവും ഉണ്ടാകുന്നില്ല' എന്ന രേഖപ്പെടുത്തൽ സംബന്ധിച്ച ക്രമപ്രശ്നത്തിന്മേൽ 1994 വരെയുള്ള ഏതാനും ധനകാര്യ ബില്ലുകളിൽ ഒറ്റവാചകത്തിലുള്ള ധനകാര്യ മെമ്മോറാണ്ടമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന കീഴ്വഴക്കം ചൂണ്ടിക്കാട്ടി തടസ്സവാദം തള്ളുകയുണ്ടായി.

ധനകാര്യ മെമ്മോറാണ്ടം അപൂർണ്ണമാണെന്നു തോന്നുന്ന അവസരത്തിൽ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്ക്കരിച്ച ധനകാര്യമെമ്മോറാണ്ടം അംഗങ്ങളുടെ അറിവിലേയ്ക്കായി വിതരണം ചെയ്യണമെന്ന് ബില്ലിന്റെ ചുമതലയുള്ള അംഗത്തോട് ആവശ്യപ്പെടാം. 1965 ലെ 'ദി സ്റ്റേറ്റ് ഫിനാൻസ് കോർപ്പറേഷൻസ് (അമെന്റ്മെന്റ്) ബിൽ', 1967 ലെ 'എസ്സൻഷ്യൽ കമ്മോഡിറ്റീസ് (സെക്കന്റ് അമെന്റ്മെന്റ്) ബിൽ', 1988 ലെ 'ദി കമ്മോഡിറ്റീസ് ബോർഡ് ആന്റ് ഡെവലപ്മെന്റ് അതോറിറ്റീസ് (എക്സംപ്ഷൻ ഫ്രം ഇൻകം ടാക്സ്)' എന്നീ ബില്ലുകളുടെ പരിഷ്ക്കരിച്ച മെമ്മോറാണ്ടം ഇത്തരത്തിൽ പിന്നീട് അംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു.

ബില്ലിനോടൊപ്പം മെമ്മോറാണ്ടം ചേർക്കാത്തപക്ഷം ബില്ലിന്റെ പരിഗണനാവേളയിൽ ധനകാര്യ മെമ്മോറാണ്ടം ആവശ്യമാണെന്ന് സ്പീക്കർ കരുതുകയാണെങ്കിൽ സഭയിൽ ധനകാര്യ മെമ്മോറാണ്ടം വായിക്കാൻ ബില്ലിന്റെ ചുമതലയുള്ള അംഗത്തിന് അനുമതി നൽകുന്നു. എന്നാൽ അപൂർവ്വമായി ബില്ലിന്റെ അവതരണ വേളയിൽ ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച ചട്ടം താത്കാലികമായി പ്രവർത്തനരഹിതമാക്കി നിറുത്തുകയും ചെയ്യാവുന്നതാണ്. 1963 ലെ 'കാലിക്കറ്റ് സിറ്റി മുൻസിപ്പൽ (ഭേദഗതി) ബിൽ' സഭയിൽ അവതരിപ്പിച്ചപ്പോൾ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അതിനാൽ ധനകാര്യ മെമ്മോറാണ്ടം ആവശ്യമാണെന്നും എന്നാൽ ബില്ലിനൊപ്പം അത് ചേർത്തിട്ടില്ലെന്നുമുള്ള ക്രമപ്രശ്നത്തിന്മേൽ അധികച്ചെലവ് പ്രതീക്ഷിക്കാത്ത സാഹചര്യത്തിൽ ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതില്ലായെന്ന് റൂളിംഗ് ഉണ്ടായിട്ടുണ്ട്.

ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തിക്കുന്നതും അല്ലാത്തതുമായ ചെലവ് വ്യക്തമായി പറയേണ്ടതും ആവർത്തിക്കാത്ത ചെലവ് ഒന്നുമില്ലെങ്കിൽ അത് അപ്രകാരം സൂചിപ്പിക്കേണ്ടതുമാണ്. 1999 ലെ 'കേരള സ്പോർട്സ് ബിൽ' സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അവതരിപ്പിച്ച വേളയിൽ ധനകാര്യമെമ്മോറാണ്ടത്തിലെ ചെലവിനങ്ങൾ ധനകാര്യ വകുപ്പും നിയമവകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതാണെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുന്ന തുക കൃത്യമായി കണക്കാക്കാൻ കഴിയില്ലെങ്കിൽ ഒരു വർഷത്തെ ഏകദേശം ചെലവെങ്കിലും കാണിക്കേണ്ടതാണെന്ന് 1996 ലെ 'കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ ബില്ലിന്റെ' പരിഗണനാവേളയിൽ സ്പീക്കർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2014 ലെ 'സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ' സഭയിൽ അവതരിപ്പിച്ചപ്പോൾ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവുണ്ടാകുകയില്ലായെന്നും സർവ്വകലാശാല ഫണ്ടിൽ നിന്നുമാണ് അധികച്ചെലവ് കണ്ടെത്തുന്നതെന്നും അത് ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതില്ലെന്നുമുള്ള സർക്കാരിന്റെ വിശദീകരണത്തിന് സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടായില്ലെങ്കിലും നിയമസഭാ ചട്ടം അനുശാസിക്കും പ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനൊടൊപ്പം മതിപ്പ് ചെലവ് സഭയെ അറിയിക്കുന്നത് ഉചിതമായിരിക്കുമെന്നും അതിനാൽ പുതുക്കിയ മെമ്മോറാണ്ടം അംഗങ്ങൾക്ക് വിതരണം ചെയ്യണമെന്നും സ്പീക്കർ റൂൾ ചെയ്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്.

ഒരു ബിൽ നിയമമായാൽ ഉണ്ടാകാവുന്ന ചെലവ് അറിയാനുള്ള അവകാശം സഭയ്ക്കുള്ളതിനാൽ കൃത്യമായ ചെലവ് കണക്കാക്കി നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ധനകാര്യ മെമ്മോറാണ്ടത്തിൽ എന്തെങ്കിലും തിരുത്തൽ ആവശ്യമായി വരികയാണെങ്കിൽ അതു തിരുത്താൻ സർക്കാർ തയ്യാറാകണമെന്നും സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്.

ബില്ലിന്റെ അവതരണത്തെ തടസ്സപ്പെടുത്തി സർക്കാരിനെ സമ്മർദ്ദത്തിലാക്കാൻ പ്രതിപക്ഷം ഉപയോഗിക്കുന്ന ഒരു ആയുധമാണ് ധനകാര്യമെമ്മോറാണ്ടം.

**(തയ്യാറാക്കിയത് ദീപ്തി എം)**

## വേർപാട്



### മുൻ നിയമസഭാംഗം
### പി. നാരായണൻ

മുൻ എം.എൽ.എ.യും സി.പി.ഐ. നേതാവുമായ പി.നാരായണൻ (68) ആഗസ്റ്റ് 6 ന് അന്തരിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ ഏറെ നാളായി ചികിത്സയിലായിരുന്നു. 1951 ജനുവരി 31 ന് എ.പണിക്കന്റെയും തങ്കമ്മയുടെയും മകനായി വൈക്കത്ത് ജനനം. യുവജനപ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം 1998 ൽ വൈക്കം മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ ആദ്യമായി നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. പതിനൊന്നാം കേരള നിയമസഭയിലും വൈക്കം മണ്ഡലത്തെ പ്രതിനിധീകരിച്ചു. നിയമസഭാ മന്ദിരനിർമ്മാണത്തിൽ തൊഴിലാളിയായി പങ്കുചേർന്നിരുന്നു. തൊഴിലെടുത്തു തൊഴിലാളി നേതാവായി നിയമസഭാ സാമാജികനായ വ്യക്തിത്വം. വൈക്കം നഗരസഭ വൈസ് ചെയർമാൻ, സിപി.ഐ. കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് അംഗം, തിരുവിതാംകൂർ ദേവസ്വംബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്

## ചിത്രജാലകം

തിരു-കൊച്ചി സംയോജനത്തിനുശേഷം തിരു-കൊച്ചി രാജപ്രമുഖൻ മഹാരാജ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മയും കൊച്ചി രാജാവ് ശ്രീരാമവർമ്മ പരീക്ഷിത് തമ്പുരാനും






സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ പുഷ്പാർച്ചന നടത്തുന്നു.

സഭാ പ്രസംഗങ്ങളിലൂടെ...

# വനസംരക്ഷണം പൊതുജനപോരാട്ടം

## 1987 ജൂലൈ 29 ന് നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എം.പി. വീരേന്ദ്രകുമാർ നടത്തിയ പ്രസംഗം

'ഭരണകക്ഷി പ്രതിപക്ഷ ഭേദമില്ലാതെ നമ്മളെല്ലാവരും ഓർക്കേണ്ട കാര്യങ്ങൾ എന്ന് എനിക്ക് ബോധ്യമുള്ള സംഗതികൾ ഞാനിവിടെ ചൂണ്ടിക്കാട്ടുകയാണ്. മൂന്നുവർഷം മുൻപ് ബർട്ട് ലാൻഡ് കമ്മീഷൻ എന്ന് പറഞ്ഞ ഒരു കമ്മീഷൻ വന്നു. നോർവീജിയൻ പ്രധാനമന്ത്രിയാണദ്ദേഹം. ഐക്യരാഷ്ട്ര സഭ നിയോഗിച്ച വേൾഡ് കമ്മീഷൻ ഓൺ എൻവയോൺമെന്റൽ ഡെവലപ്മെന്റിന്റെ ചെയർമാനായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞ വാക്ക് , ആ കമ്മീഷന്റെ ഒരു നിഗമനമാണ്. മരങ്ങൾ നിഷ്ക്കരുണം വെട്ടിമുറിക്കപ്പെടുന്നു. മണ്ണിലെ സർവ്വസ്വവും അപഹരിക്കപ്പെടുന്നു. അത് ഒന്നിനും യോഗ്യമല്ലാതായിത്തീരുന്നു. അന്തരീക്ഷവും ജലവും മലിനീകരിക്കപ്പെടുന്നു. ഓസോൺ ആവരണത്തിന് ഭീഷണി നേരിടുന്ന പീഡിതമായ ഈ ഗോളത്തെ ഇന്നേവരെ നിലനിർത്തിപ്പോന്ന പ്രകൃതിയുടെ സന്തുലിത ശക്തികളെ തകിടം മറിക്കുന്ന രീതിയിലാണ് ഇക്കോളജിയുടെ ഘടന മനുഷ്യന്റെ കൈകടത്തൽ ബാധിച്ചിരിക്കുന്നത് അദ്ദേഹം തന്നെ പറയുന്നു.



കാർഷിക രംഗത്തും വൈദ്യരംഗത്തും, വ്യവസായ മേഖലയിലും ലഭിച്ചുകൊണ്ടിരിക്കുന്ന ജനിതക ധാതുക്കളുടെ പ്രയോജനം എന്നെന്നേക്കുമായി നശിക്കത്തക്കവണ്ണം മുൻപൊരിക്കലും കാണാത്തവിധം ചെടികളും മൃഗങ്ങളും, മൈക്രോ ഓർഗാനിക് ജീവികളും നശിപ്പിക്കപ്പെടുന്നു. ഇതൊരു ഇന്റർനാഷണൽ കമ്മീഷൻ റിപ്പോർട്ടാണ്. ഇവിടെ ഒരു വലിയ മനുഷ്യനുണ്ടായിരുന്നു. പോൾ എവ്റിച്ച് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. തോണിയിൽ സഞ്ചരിക്കുന്ന ആളുകളിൽ ഒരറ്റത്തിരുന്ന ആൾ മറ്റേ അറ്റത്തെ ആളിനോട് പറഞ്ഞത്രേ തന്റെ അറ്റത്തുള്ള തോണി മുങ്ങുന്നുവെന്ന്. ഏതറ്റത്തെ തോണിയാണ് മുങ്ങുന്നത്? ഈ തോണി മുഴുവൻ മുങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ വനത്തിന്റെ സ്ഥിതി എന്താണ്? ഞാനത് വളരെ സംക്ഷിപ്തമായി അവതരിപ്പിക്കാം. 1985 മാർച്ച് 31 ന് റിസർവ്വ് ഫോറസ്റ്റ് ഉണ്ടെന്ന് കണക്കാക്കിയത് എട്ടു ലക്ഷത്തി അൻപത്തി അയ്യായിരത്തി എണ്ണൂറ്റി മൂന്ന് ഹെക്ടറാണ്. 1986 മാർച്ച 31 ന് എഴു ലക്ഷത്തിമൂപ്പത്തി ഏഴായിരത്തി നാനൂറ്റി പതിനാറ് ഹെക്ടർ. ജില്ല തിരിച്ചുള്ള കണക്കുകൾ ഉണ്ട്. അതിലേക്കൊന്നും ഞാൻ പോകുന്നില്ല. അതിന്റെ അർത്ഥം ഒരു മാസം ഏകദേശം പതിനായിരം ഹെക്ടർ വനം നശിപ്പിക്കുന്നുവെന്നാണ്. ഇപ്പോഴത്തെ പുതിയ കണക്ക് എനിക്കറിയില്ല. മൂന്നൂറ് ഹെക്ടറോളം റിസർവ് വനം നശിപ്പിക്കപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ഞാൻ ഈ പറയുന്നത് വലിയ പഠനം നടത്തിയ Reymond Dasmann എന്നയാളുടെ അഭിപ്രായമാണ്. അദ്ദേഹം എൻവയോൺമെന്റിനെപ്പറ്റി വലിയ പഠനം നടത്തിയ ആളാണ്. പരിസ്ഥിതി മനുഷ്യനുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട കൊരമ്പയിൽ പറഞ്ഞു മൃഗങ്ങളേയും മരങ്ങളേയും നോക്കാൻ ആളുണ്ട്, മനുഷ്യനെ നോക്കാൻ ആരുമില്ലെന്ന്. കാട്ടിലെ മൃഗങ്ങൾ മരിക്കുന്ന അന്ന് കാട്ടിലെ മരങ്ങൾ നശിക്കുന്ന അന്ന് മനുഷ്യന്റെ അവസാനം വന്നു എന്നാണ്.

മണ്ണിനെ പറ്റി പലരും ധരിച്ചിട്ടുള്ളത് മണ്ണിന് ജീവനില്ല എന്നാണ്. രണ്ടു തരത്തിലുള്ള മണ്ണുണ്ട്. ജീവനുള്ള മണ്ണും, ജീവനില്ലാത്ത മണ്ണും. ആയിരക്കണക്കിന് വർഷം കൊണ്ടാണ് മണ്ണ് ജീവനുള്ളതാകുന്നത്. അതിൽ ജൈവപരമായിട്ടുള്ള പ്രവർത്തനങ്ങളുണ്ട്. അതിന്റെ സിസ്റ്റം അതാണ്. ഒരടി മണ്ണിലാണ് സമ്പൂർണ്ണ സമൂഹത്തിന്റെ നിലനിൽപ്പെന്നാണ് പറയപ്പെടുന്നത്.

വനനശീകരണം കൊണ്ട് എന്തുണ്ടാകുന്നു എന്നറിയാമോ? മേൽ മണ്ണ് ഒലിച്ചുപോവുകയാണ്. മേൽ മണ്ണില്ലെങ്കിൽ അതിന്റെ അർത്ഥം ഈ മണ്ണിൽ പിന്നെയൊന്നും ഒരു കാലഘട്ടത്തിലും ഉണ്ടാവുകയില്ലായെന്നാണ്. മേൽമണ്ണ് അത്രയ്ക്ക് പ്രധാനപ്പെട്ടതാണ്. അതിനെപ്പറ്റി ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വർഷങ്ങളായി പ്രകൃതി സംഭരിച്ച ആ ജീവനുള്ള മണ്ണിന്റെ നാശം മാനവസമൂഹത്തിന്റെ മുഴുവൻ നാശമാണ്. കാട്ടിലെ കുരങ്ങൻ മരിക്കുമ്പോൾ നാട്ടിലെ കുരങ്ങൻ മരിക്കാനും സമയമായി. ഞാൻ ഇവിടെ കുരങ്ങ് എന്ന് പറഞ്ഞത് ഡാർവിന്റെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്.

വനനശീകരണം മൂലം ഭൂഗർഭജലം ഉണ്ടാകുകയില്ല. നിത്യ ഹരിത വനങ്ങൾ എന്നു പറയുന്നത് പ്രകൃതി വെള്ളം ശേഖരിക്കുന്ന ഇടങ്ങളാണ്. കോൺക്രീറ്റ് ടാങ്കുകളിൽ അല്ല പ്രകൃതി വെള്ളം ശേഖരിക്കുന്നത്. കോൺക്രീറ്റ് ടാങ്കുകളിൽ പ്രകൃതി തരുന്ന വെള്ളം ശേഖരിക്കാനേ കഴിയൂ. പ്രകൃതിയുടെ വെള്ളം എവിടെ സൂക്ഷിക്കും? അതിനാണ് വനങ്ങൾ വേണ്ടത്. വനങ്ങൾ സൂക്ഷിക്കുന്ന ആയിരക്കണക്കിന് ഗ്യാലൻ വെള്ളമാണ് അരുവിയായും, പുഴയായും എല്ലാം മാറുന്നത്. ഇന്ന് എന്താണ് ഉണ്ടായിരിക്കുന്നത്? ഇന്ത്യയിൽ ഇന്ന് രണ്ടു കണ്ടീഷനാണുള്ളത്. ഒന്ന് വരൾച്ച; മറ്റൊന്ന് വെള്ളപ്പൊക്കം. ഇതിനിടയില്ലുള്ള ഇന്റർമീഡിയറി സിറ്റുവേഷനില്ല. ഇപ്പോൾ കർക്കിടകത്തിൽ മഴയുണ്ടോ? എന്തുകൊണ്ടാണ് മഴയുണ്ടാകാത്തത്?

ആരോ പറഞ്ഞു അറബിനാട്ടിൽ മരമില്ലെങ്കിലും അവിടെ മഴയുണ്ടല്ലോ എന്ന്. ഇവിടെയുള്ള മരം വെട്ടിയാലെ മഴയുണ്ടാകൂ എന്നാണ് ആ പറഞ്ഞതിന്റെ അർത്ഥമെന്നാണ് എനിക്ക് തോന്നിയത്. ഇത് തെറ്റാണ്. ട്രോപ്പിക്കൽ ബെൽറ്റാണ് കേരളം. ഒരു ട്രോപ്പിക്കൽ ബെൽറ്റിൽ ക്ലൈമറ്റ് സ്റ്റെബിലൈസർ വനങ്ങളാണ്. ഏത് കാലത്ത് ഏത് ഋതു വേണം, എപ്പോഴാണ് മഴ വേണ്ടത്, എപ്പോഴാണ് തണുപ്പ് വേണ്ടത്, എപ്പോഴാണ് ചൂട് വേണ്ടത് ഇതെല്ലാം തീരുമാനിക്കുന്നത് ഫോറസ്റ്റാണ്. ആ വനങ്ങൾ നശിച്ച് പോയിരിക്കുന്നു. ഇപ്പോൾ കർക്കിടകത്തിൽ മഴയുണ്ടോ? വൃശ്ചികത്തിൽ തണുപ്പുണ്ടോ? എവിടെയാണ് ഇപ്പോൾ ഋതുക്കളെല്ലാം? ഇതിന് ഈ ഗവൺമെന്റ് മാത്രം ഉത്തരവാദിയല്ല. 1972 ലെ സ്റ്റോക് കോൺഫറൻസിന് ശേഷമാണ് പരിസ്ഥിതിയെക്കുറിച്ച് ഈ രാജ്യത്ത് കാര്യമായി ചിന്തിക്കാൻ തുടങ്ങിയത്. ഞാൻ സമ്പൂർണ്ണമായി അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഈ വനം നിലനിൽക്കേണ്ടത് എന്തുകൊണ്ടും ആവശ്യമാണ്. ഒന്ന് ഭൂഗർഭ ജലം നിലനിൽക്കുന്നതിന് രണ്ട് പുഴകൾ നിത്യനിതാന്തമായി നിലനിൽക്കുന്നതിന്. 25 കൊല്ലം കഴിയുമ്പോൾ കേരളത്തിലൊഴുകുന്ന പുഴകളുടെ പകുതിയിലധികവും ഉണ്ടാവുകയില്ല എന്ന് ഞാൻ ശങ്കിക്കുന്നു. അവയെല്ലാം വറ്റുകയാണ്. പുഴയുടെ ആഴം കുറഞ്ഞിരിക്കുന്നു. വീതി കൂടിയിരിക്കുന്നു. ഇവിടെ ഹൈഡ്രോ ഇലക്ട്രിക്കൽ സ്കീം ഉണ്ടാക്കുമെന്നാണല്ലോ പറയുന്നത്. ആ സ്കീമുകൾ നടപ്പാക്കാം എന്ന് വിചാരിക്കുന്നുണ്ടോ? വെള്ളമില്ലെങ്കിൽ എങ്ങനെയാണ് ഹൈഡ്രോ ഇലക്ട്രിക്കൽ സ്കീംസ് നടപ്പിലാക്കുക? ഇവിടെ പലരും പറഞ്ഞു വലിയ വലിയ ഹൈഡ്രോഇലക്ട്രിക്കൽ സ്കീമുകൾ ഉണ്ടാക്കണമെന്ന്. ചൈനയിൽ എങ്ങനെയാണ് വിദ്യുച്ഛക്തി ഉണ്ടാക്കുന്നത്? പത്തടി ഫാളിൽ നിന്നാണ് അവിടെ ഇലക്ട്രിസിറ്റി ഉണ്ടാക്കുന്നത്. ചൈനയിൽ അങ്ങനെയുള്ള പരീക്ഷണം അവർ നടത്തുന്നു. അവിടെ പരിസ്ഥിതി സംരക്ഷിക്കാൻ വനങ്ങൾ സംരക്ഷിക്കുന്നു. ഡെസെർട്ടിഫിക്കേഷൻ അവർ സമ്മതിക്കുകയില്ലെന്ന് മാത്രമല്ല ചൈനയിലെ ഡെസേർട്ട്സ് മുഴുവൻ ഗ്രീൻ കവറായി മാറുകയാണ്. അതേസമയം കേരളം ഇപ്പോൾ മരുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ടവും കടലും തമ്മിലുള്ള വ്യത്യാസം ഇപ്പോൾ എത്രയുണ്ട്? ഒരു മഴ പെയ്യുമ്പോൾ മേൽമണ്ണ് മുഴുവൻ കടലിലേക്ക് പോവുകയാണ്. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് വനങ്ങൾ സംരക്ഷിക്കേണ്ടത് ഒരു ആവശ്യമാണ്. വനം സംരക്ഷിക്കേണ്ടതിനെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ എല്ലാം ജനങ്ങൾ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ മാത്രം പ്രശ്നമല്ല. നമ്മുടെ തലമുറകൾ ജീവിക്കണം എന്നതാണ് പ്രശ്നം.


ഇവിടെ സോഷ്യൽ ഫോറസ്റ്ററി ഉണ്ട്. സോഷ്യൽ ഫോറസ്റ്ററിയുടെ ദർശനം എന്താണ്?അക്കേഷ്യയും യൂക്കാലിപ്റ്റസും നട്ടു പിടിപ്പിക്കുകയാണോ? യൂക്കാലിപ്റ്റ്സ് ഉണ്ടാക്കുന്നത് പല കുത്തകകാർക്കും പൾപ്പിനുവേണ്ടിയാണ്. അല്ലാതെ സാധാരണക്കാർക്ക് വിറകിനു വേണ്ടിയാണോ? അവർക്ക് ജീവിക്കാൻ വേണ്ടി എന്തെങ്കിലും കൊടുക്കുവാനാണോ? സോഷ്യൽ ഫോറസ്ട്രിയുടെ ദർശനം അതായിരിക്കണം. കേരളത്തിലെ ശാസ്ത്രസാഹിത്യ പരിഷത്ത് പറയുന്നതുപോലെ മാവും പ്ലാവും നെല്ലിയുമൊക്കെ ഈ രാജ്യത്ത് വച്ചുപിടിപ്പിച്ചു കൂടെ? നെല്ലി വയ്ക്കുന്നത് പലതുകൊണ്ടും നല്ലതാണ്. കാരണം നെല്ലിക്കയിൽ നിന്ന് ധാരാളം കാൽസ്യം കിട്ടും. നെല്ലി ഒരു നല്ല മരമാണ്. അത് ഇവിടെയുള്ള മണ്ണ് സംരക്ഷിക്കും. അങ്ങനെയുള്ള മരം വച്ചു പിടിപ്പിക്കണം. അവ പതുക്കെയേ വളരുകയുള്ളൂ.പക്ഷെ അത് എത്ര പതുക്കെ വളർന്നാലും ജനങ്ങൾക്ക് ഗുണമുള്ളതാണ്. സോഷ്യൽ ഫോറസ്ട്രിയിൽ യൂക്കാലി കൃഷി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 34808 ഹെക്ടർ സ്ഥലത്ത് യൂക്കാലികൃഷി നടത്തിയിരിക്കുന്നു. യൂക്കാലിയെക്കുറിച്ച് നടത്തിയിട്ടുള്ള പഠനത്തിൽ പറയുന്നത് മണ്ണിലെ മുഴുവൻ ജൈവവളവും അത് വലിച്ചെടുക്കുന്നു. മൈക്രോ ബാക്ടീരിയയെ നശിപ്പിക്കുന്നു. ഇന്നു കേരളത്തിൽ വെള്ളമില്ലാത്തതിന് ഏറ്റവും വലിയ ഉത്തരവാദിത്വം യൂക്കാലിപ്റ്റസിനാണ്. ഈ യൂക്കാലികൃഷി കുറയ്ക്കണം. പത്രവ്യവസായത്തിന് പൾപ്പുണ്ടാക്കാൻ വേണ്ടി വളരെയധികം വനങ്ങൾ വെട്ടിനശിപ്പിക്കുകയാണ്. ഇതുവരെ ഏതെങ്കിലും റിസർവ്വ് ഇൻസ്റ്റിറ്റ്യൂട്ട്, പൾപ്പിന് പകരം വേറെ ഏതെങ്കിലും ഉപയോഗിക്കാമോ എന്നതിനെപ്പറ്റി ഗവേഷണം നടത്തിയിട്ടുണ്ടോ? കെനാഫ് 6 മാസം കൊണ്ട് വളരുന്ന ഒരു ചെടിയാണ്. അത് ഇവിടെ പൾപ്പിന് വേണ്ടി വച്ചുപിടിപ്പിച്ച് പരീക്ഷിച്ചു നോക്കിക്കൂടെ? അതുകൊണ്ട് അക്കേഷ്യ മാറ്റണം. ഞാൻ പറയുന്നത് സോഷ്യൽ ഫോറസ്ട്രിയുടെ ദർശനം തന്നെ മാറ്റണം എന്നാണ്. സോഷ്യൽ ഫോറസ്ട്രിയിൽ യൂക്കാലി കൃഷി നിരുത്സാഹപ്പെടുത്തണം. അക്കേഷ്യയും നിരുത്സാഹപ്പെടുത്തണം. ഫോറസ്റ്റും എൻവയോൺമെന്റും എന്നുള്ളത് പഠനവിഷയമാക്കി മാറ്റണം.

ഈ രാജ്യത്തെ വനം സംരക്ഷിക്കണമെന്നുള്ളത് പ്രതിപക്ഷ - ഭരണപക്ഷ വ്യത്യാസമില്ലാതെ, ബഹുജനങ്ങളുടെ ഒരു പോരാട്ടമാക്കി മാറ്റി, ഈ വനം എന്റെ തലപോലെ കഷണ്ടിയാക്കാതെ ബാക്കിയുള്ളതെങ്കിലും സംരക്ഷിക്കാൻ പരിശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.'


*(എഴുത്തുകാരനും പ്രഭാഷകനും മാധ്യമസംരംഭകനും സോഷ്യലിസ്റ്റ് നേതാവുമായ എം.പി. വീരേന്ദ്രകുമാർ 1987 ൽ കേരളനിയമസഭാംഗവും വനംവകുപ്പ് മന്ത്രിയുമായി. കേന്ദ്രമന്ത്രി, രാജ്യസഭാംഗം, പി.ടി.ഐ. ചെയർമാൻ, ഐ.എൻ.എസ്. പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. 2020 മേയ് 28 ന് അന്തരിച്ചു)*




## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




**Science in the Soul: Selected writings of a Passionate Rationalist**
Richard Dawkins
London: Penguin Books, 2018.
Call No: V8 Q8
(An anthology of essays, lectures and letters)




**The Kite Runner**
Khaled Hosseini
London : Bloomsbury, 2013.
Call No: 0111, 3KHA Q3
(Novel)




**Tongue in Cheek: The Funny Side of Life**
Khyrunnisa A
Chennai : Tranquebar, 2019.
Call No: 0111, 6KHY Q9
( A Collection of observations about daily life by a woman with a sparkling sense of humour)




**ക്ലാവ് പിടിച്ച കാലം**
സ്വെറ്റ്‌ലാന അലക്സിവിച്ച്
വി.വ. രമാ മേനോൻ
തൃശ്ശൂർ : ഗ്രീൻ ബുക്സ്, 2019.
Call No: 0142,3 NAwSVE 32Q7
(റഷ്യൻ എഴുത്തുകാരിയായ സ്വെറ്റ്‌ലാന അലക്സിവിച്ചിന്റെ 'Time Second Hand' എന്ന അനുഭവക്കുറിപ്പുകളുടെ മലയാള പരിഭാഷ)




**Celestial Bodies**
Jokha Alharthi
London: Simon & Schuster, 2018.
Call No: 028, 3JOK Q8
(Novel)



**കുട്ടക്ഷരങ്ങൾ**
സുഭാഷ് ചന്ദ്രൻ
തൃശ്ശൂർ : ഗ്രീൻ ബുക്സ്, 2018.
Call No: 032, 3wN72 Q8
(അനുഭവക്കുറിപ്പുകൾ)




**മലയാള നോവലിന്റെ ദേശകാലങ്ങൾ**
ഇ.വി.രാമകൃഷ്ണൻ
കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2019.
Call No: 032, 3:g Q8
(ഇന്ത്യൻ നോവൽ പശ്ചാത്തലത്തിൽ മലയാള നോവലുകളെ മുൻനിർത്തിയുള്ള സാഹിത്യ വിമർശനം)



**ഹംസഗാനം**
ടി.പത്മനാഭൻ
കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2019
Call No: 032, 3PAD Q8
(കഥാസമാഹാരം)




**കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത**
ആർ.രാജശ്രീ
കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2019
Call No: 032, 3 RAJ Q9
(നോവൽ)



**ബുക്സ്റ്റാൾജിയ**
പി.കെ.രാജശേഖരൻ
കോഴിക്കോട് മാതൃഭൂമി ബുക്സ്, 2019
Call No: 032, 6RAJ Q7
(പുസ്തകങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പുസ്തകം)



**പാഠം ഒന്ന്**
ഡോ.സുരേഷ് സി.പിള്ള
കോട്ടയം: താമര, 2018
Call No: L 32Q8
(സുരക്ഷിത ഭക്ഷണത്തിനും ആരോഗ്യജീവിതത്തിനുമുള്ള പ്രാഥമിക പാഠങ്ങൾ)



**Poor Economics: rethinking poverty & the ways to end it**
Abhijit V. Banerjee and Esther Duflo
Gurgaon: Penguin Random House, 2019
Call No: X(Y:434) Q3
(This book deals with the real causes of the world poverty and the ways to end it)



## വിജ്ഞാനപഥം

### കേന്ദ്ര ഇലക്ഷൻ കമ്മീഷൻ





പ്രണോയ് റോയ്



ടി.എൻ.ശേഷൻ



വി.എസ്.രമാദേവി

- ഇലക്ഷൻ കമ്മീഷനെ കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടന അനുച്ഛേദം?

**അനുച്ഛേദം 324 മുതൽ 329 വരെ**

- തെരഞ്ഞെടുപ്പിനേയും അതുമായി ബന്ധപ്പെട്ട സ്ഥിതി വിവരകണക്കിനേയും സംബന്ധിച്ച പഠനം?

**സെഫോളജി (Psephology)**

- ഇന്ത്യൻ സെഫോളജിയുടെ പിതാവ് ?

**പ്രണോയ് റോയ്**

- കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നിലവിൽ വന്നത് ?

**1950 ജനുവരി 25** (2011 മുതൽ ജനുവരി 25 ദേശീയ സമ്മതിദായകരുടെ ദിനമായി ആചരിക്കുന്നു)

- കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനം?

**നിർവാചൻ സദൻ, ന്യൂഡൽഹി**

- ഇലക്ഷൻ കമ്മീഷൻ അംഗങ്ങളുടെ എണ്ണം?

**മൂന്ന്** (ഒരു ചീഫ് ഇലക്ഷൻ കമ്മീഷണറും, രണ്ട് ഇലക്ഷൻ കമ്മീഷണർമാരും)

- ഇലക്ഷൻ കമ്മീഷനിലെ അംഗങ്ങളുടെ കാലാവധി?

**ആറ് വർഷം/ 65 വയസ്**

- ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പ് എത്ര ഘട്ടങ്ങളായാണ് നടന്നത്?

**68**

- മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായ ആദ്യ മലയാളി?

**ടി.എൻ.ശേഷൻ** (ഇന്ത്യയിൽ ആദ്യമായി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ആവിഷ്കരിച്ചത് ഇദ്ദേഹം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന കാലയളവിലാണ്.)

- ആദ്യ വനിതാ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ?

**വി.എസ്.രമാദേവി** (ഏറ്റവും കുറഞ്ഞ കാലം മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്നത് വി.എസ്. രമാദേവിയാണ്. ഏറ്റവും കൂടുതൽ കാലം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്നത് കെ.വി.കെ. സുന്ദരമാണ്)

## ഇതരസഭാ വാർത്തകൾ

# പുതുച്ചേരി: വേപ്പുമരത്തണലിൽ നിയമസഭാ സമ്മേളനം



നിയമസഭാ സാമാജികന് കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് സഭാ സമ്മേളനം പൂർത്തിയാക്കുന്നതിൽ വ്യത്യസ്തത പുലർത്തി പുതുച്ചേരി നിയമസഭ. ജൂലൈ 20 ന് ആരംഭിച്ച സഭാ സമ്മേളനത്തിൽ പങ്കെടുത്ത എൻആർ കോൺഗ്രസ് അംഗം എൻ.എസ്.ജെ.ജയബാലിന് രോഗം സ്ഥിരീകരിച്ചതോടെ സഭാസമ്മേളന ഹാൾ അണുവിമുക്തമാക്കുന്നതിന് അടച്ചു. ബജറ്റും ധനകാര്യബില്ലും പാസ്സാക്കുന്നത് അനിവാര്യമായതിനാൽ ഒരു ദിവസം കൂടി സമ്മേളനം തുടരുന്നതിന് നിശ്ചയിച്ചു. സഭാ മന്ദിരത്തിന്റെ സമീപത്തുള്ള പുതിയ കെട്ടിടത്തിലെ നാലാം നിലയിൽ സമ്മേളനം ചേരുന്നതിന് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് ആദ്യം തീരുമാനിച്ചെങ്കിലും സ്ഥലപരിമിതിമൂലം ആ നടപടി ഉപേക്ഷിച്ചു. തുടർന്ന് സഭാഹാളിന് പുറത്തുള്ള വേപ്പുമരത്തണലിൽ ഷാമിയാന വലിച്ചുകെട്ടി അകലം പാലിക്കുന്ന രീതിയിൽ താല്ക്കാലിക ഇരിപ്പിടങ്ങളും സൗകര്യങ്ങളും തയ്യാറാക്കി. ഉച്ചയോടെയാണ് സമ്മേളനം ആരംഭിച്ചത്. ബജറ്റും ധനകാര്യബില്ലുകളും ചർച്ച കൂടാതെ പാസ്സാക്കി, സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു. സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും മാധ്യമപ്രവർത്തകർക്കും കോവിഡ് പരിശോധന നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പാടാക്കി. ഏഴ് ദിവസം ക്വാറന്റീനിൽ കഴിയണമെന്ന് മുഖ്യമന്ത്രി വി.നാരായണസ്വാമി അംഗങ്ങളോട് അഭ്യർത്ഥിച്ചു.

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



**റ്റി.മനോഹരൻ നായർ,**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**(ലേഖനം മുൻ ലക്കത്തിന്റെ തുടർച്ച)**

ലോകത്തെ ജനാധിപത്യ രാജ്യങ്ങളിൽ പൊതുവെ ക്യാബിനറ്റ് രീതി എന്നും പ്രസിഡൻഷ്യൽ രീതി എന്നും രണ്ട് ഭരണ വ്യവസ്ഥകളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ബ്രിട്ടനിൽ നിലനിന്നുവരുന്ന ക്യാബിനറ്റ് രീതിയും അമേരിക്കൻ ഐക്യനാടുകളിൽ നിലനിൽക്കുന്ന പ്രസിഡൻഷ്യൽ രീതിയും അതാതിന്റെ മാതൃകകകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ മൂന്നു വിഭാഗങ്ങൾ തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കണമെന്നും ഒന്നിന്റെ പ്രവർത്തനത്തിൽ മറ്റൊന്ന് ഇടപെടാൻ പാടില്ല എന്നും അനുശാസിക്കുന്നുണ്ടെങ്കിൽപോലും ലോകത്ത് ഒരുരാജ്യത്തും ഇത്തരത്തിൽ പൂർണ്ണമായതോതിൽ ഒരു വിഭജനം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് പരമാർത്ഥം. അമേരിക്കൻ ഭരണഘടനയിൽ ഈ തത്വം വളരെ പ്രകടമായി എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്ന കാര്യത്തിൽ വിജയിക്കുവാൻ അവർക്കും കഴിഞ്ഞിട്ടില്ല. ആധുനിക ഭരണസംവിധാനത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ പരമ്പരാഗതരീതിയിൽ ലെജിസ്ലേറ്റീവ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിങ്ങനെ കൃത്യമായി വേർതിരിക്കുന്നതും പ്രായോഗികമല്ല. പലപ്പോഴും ഇവ തമ്മിലുള്ള അതിർവരമ്പുകൾ നേർത്തുനേർത്ത് ഇല്ലാതാവുകയും വ്യത്യസ്ത പ്രവർത്തനങ്ങൾ ഒരു സ്ഥാപനത്തിന്റെ കീഴിൽ വരികയും ചെയ്യും. 'Separation of powers' എന്ന തത്വം അതിന്റെ വിശാലമായ അർത്ഥത്തിൽ മാത്രമേ ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിക്കുന്നുള്ളൂ. കേന്ദ്ര, സംസ്ഥാന തലങ്ങളിൽ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നീ ഘടകങ്ങൾ സ്ഥാപിക്കുകയും അവയുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വചിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഓരോന്നിന്റെയും പ്രവർത്തനമേഖല അതിസൂക്ഷ്മമായി വേർതിരിക്കാനും പരസ്പര സംഘർഷങ്ങൾ ഒഴിവാക്കാനും നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ശ്രമിച്ചില്ല. ചലനാത്മകമായ ഒരു ഭരണ സംവിധാനത്തിൽ അനുഭവത്തിന്റെയും പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ ആരോഗ്യകരമായ പരസ്പര ബന്ധങ്ങൾ ഉരുത്തിരിഞ്ഞു വരണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഭരണസംവിധാനത്തെ താങ്ങിനിർത്തുന്ന മൂന്ന് ഘടകങ്ങളിൽ ഒന്ന് മറ്റൊന്നിന് മേലെ അല്ലെങ്കിലും സാഹചര്യങ്ങൾക്കനുസരിച്ച് ഓരോന്നിനും മറ്റൊന്നിനെ നിയന്ത്രിക്കുവാനും തിരുത്തുവാനും കഴിയുന്നതാണ്.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ സ്വാഭാവികമായും കൂടുതൽ പ്രാധാന്യം ലഭിക്കേണ്ടത് ലെജിസ്ലേച്ചറിനു തന്നെയാണ്. പാർലമെന്ററി ജനാധിപത്യത്തിന്റെ ഈറ്റില്ലമെന്ന് വിശേഷിപ്പിക്കാവുന്ന ബ്രിട്ടീഷ് സമ്പ്രദായത്തിൽ പാർലമെന്റിന്റെ പരമാധികാരം ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ്. നമ്മുടെ ഭരണഘടന പാർലമെന്റിന് പരമാധികാരം നൽകുന്ന ഒരു സമീപനം സ്വീകരിച്ചിട്ടില്ലെങ്കിലും ഭരണഘടനാ നിർമ്മാണസഭയിലും തുടർന്ന് രൂപംകൊണ്ട ആദ്യ പാർലമെന്റിലും ദേശീയ നേതാക്കൾ സ്വീകരിച്ച സമീപനം ജനപ്രതിനിധികളുടെ തീരുമാനം അന്തിമമായി പരിഗണിക്കണമെന്നതായിരുന്നു.

ഇന്ത്യയിൽ സ്വീകരിക്കപ്പെട്ട ക്യാബിനറ്റ് രീതിയിലുള്ള ഭരണവ്യവസ്ഥയ്ക്ക് ബ്രിട്ടീഷ് വ്യവസ്ഥയോട് ഏറെ സാമ്യമുണ്ടെങ്കിലും പ്രവർത്തനരീതികൾ വ്യത്യസ്തമാണ്. എന്നിരുന്നാലും ബ്രിട്ടീഷ് കോമൺസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികളുടെ പ്രവർത്തനരീതി നമ്മുടെ നിയമനിർമ്മാണ സഭകളിലെ കമ്മിറ്റികളുടെ പ്രവർത്തനരീതിയെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. അതിൽത്തന്നെ കേരള നിയമസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികളുടെ പ്രവർത്തനം പലപ്പോഴും രാജ്യത്തിനുതന്നെ മാതൃകയായിത്തീർന്നിട്ടുണ്ട്. കേരള നിയമസഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ നിയമസഭാ സമിതികളുടെ പ്രവർത്തനരീതിയിലൂടെ ഇനി ഒന്ന് കണ്ണോടിക്കാം.

## കാലാവധി

ഒരു സമിതി രൂപീകരിക്കുന്നത് നിയമസഭാ ചട്ടങ്ങളിലെ വ്യവസ്ഥപ്രകാരമാണ്. ഒരു പൊതുതെരഞ്ഞെടുപ്പിനുശേഷം പുതിയ സഭ രൂപീകരിക്കുമ്പോൾ സഭാംഗങ്ങളെ തെരഞ്ഞെടുക്കുന്ന സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നു. ധനകാര്യ സമിതികളിലേക്കാണ് ഇപ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുപ്പ് നടത്തേണ്ട സമിതികളുടെ പേര്, ഒഴിവുകളുടെ എണ്ണം, തെരഞ്ഞെടുപ്പ് സംബന്ധിച്ച പരിപാടി എന്നിവ ഒരു രണ്ടാം ഭാഗം ബുള്ളറ്റിൻ മുഖേന അംഗങ്ങളെ അറിയിക്കുന്നു. കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ടു മുഖേനയുള്ള ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഈ തത്വമനുസരിച്ചുള്ള തെരഞ്ഞെടുപ്പായതിനാൽ ഭരണ-പ്രതിപക്ഷകക്ഷികൾക്ക് അവരുടെ സഭയിലെ അംഗസംഖ്യക്കാനുപാതികമായുള്ള അംഗങ്ങളെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കുവാൻ കഴിയുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഈ കമ്മിറ്റികളുടെ കാലാവധി മുപ്പതുമാസമാണ്.

അംഗങ്ങളെ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന സമിതികളെ സംബന്ധിക്കുന്നിടത്തോളവും ഒരു പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് സഭ രൂപീകരിക്കുമ്പോൾ സ്പീക്കർ ആ സമിതികളിലേക്കുള്ള അംഗങ്ങളെ നാമനിർദ്ദേശം നടത്തുന്നു. സഭാനേതാവ്, പ്രതിപക്ഷ നേതാവ്, മറ്റു കക്ഷികളുടെ നേതാക്കൾ എന്നിവരുമായി ആലോചിച്ചാണ് സ്പീക്കർ ഇപ്രകാരം ചെയ്യുന്നത്. ഇത്തരം സമിതികളുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല. എങ്കിലും ധനകാര്യ സമിതികളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കാണ് സാധാരണയായി ഇത്തരം സമിതികളും വീണ്ടും രൂപീകരിക്കാറുള്ളത്.

സബ്ജക്ട് കമ്മിറ്റികൾ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നവയാണെങ്കിലും അവയുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. മുപ്പതുമാസമാണ് അവയുടെ കാലാവധി. ബില്ലുകളുടെ വ്യവസ്ഥകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ സഭ നിയോഗിക്കുന്ന സെലക്ട് കമ്മിറ്റികളുടെ കാലാവധി അവയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതോടുകൂടി അവസാനിക്കുന്നു. എന്നാൽ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഭ യാതൊരു സമയവും നിശ്ചയിച്ചിട്ടില്ലാത്തപക്ഷം ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിച്ച തീയതി മുതൽ മൂന്നുമാസം കഴിയുന്നതിനുമുമ്പ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## താൽക്കാലിക ഒഴിവുകൾ

തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ നിയോഗിക്കപ്പെട്ടതോ ആയ ഒരംഗത്തിന്റെ സ്ഥാനത്തുണ്ടാകുന്ന താൽക്കാലിക ഒഴിവ് യഥാക്രമം തെരഞ്ഞെടുപ്പിലൂടെയോ നാമനിർദ്ദേശത്തിലൂടെയോ സഭയുടെ നിയോഗം മുഖേനയോ നികത്തേണ്ടതാണ്. എന്നാൽ ഒരു താൽക്കാലിക ഒഴിവിലേക്ക് വരുന്ന പുതിയ അംഗം ഏതൊരംഗത്തിന്റെ ഒഴിവിലേക്കാണോ വരുന്നത് ആ അംഗം സമിതികളിൽ തുടരുമായിരുന്ന കാലത്തോളം മാത്രമേ ആ സമിതിയിൽ തുടരുവാൻ പാടുള്ളൂ.



## അംഗത്വത്തിനുള്ള യോഗ്യത

കാര്യോപദേശക സമിതി, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി, ചട്ടങ്ങൾ സംബന്ധിച്ച സമിതി, സബ്ജക്ട് കമ്മിറ്റി, സെലക്ട് കമ്മിറ്റി എന്നിവയൊഴിച്ച് മറ്റു സമിതികളിൽ ഒരു മന്ത്രി അംഗമായിരിക്കരുത് എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ഏതെങ്കിലും സമിതിയിലെ ഒരംഗം മന്ത്രിയായി തീരുന്ന പക്ഷം അദ്ദേഹം സമിതിയിലെ അംഗത്വം രാജിവയ്ക്കണമെന്നും വ്യവസ്ഥകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികളിൽ മന്ത്രിമാരെ എക്സ് -ഒഫീഷ്യോ അംഗങ്ങളായി സേവനമനുഷ്ഠിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്. കാര്യോപദേശക സമിതി, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി, ചട്ടങ്ങൾ സംബന്ധിച്ച സമിതി, സെലക്ട് കമ്മിറ്റി

എന്നിവകളിൽ മന്ത്രിമാർ അംഗങ്ങളാകുന്നതിനെ തടയുന്ന വ്യവസ്ഥകളില്ല. അതുകൊണ്ട് ഈ സമിതികളിൽ മന്ത്രിമാർക്ക് അംഗങ്ങളാകാവുന്നതാണ്.

ഒരംഗത്തിന് ഏറ്റവും അടുത്തവിധത്തിൽ വ്യക്തിപരമായോ സാമ്പത്തികമായോ നേരിട്ടുള്ളതോ ആയ താൽപര്യം സമിതിയുടെ പരിഗണനയിൽ വരുന്ന ഏതെങ്കിലും കാര്യത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള കാരണത്താൽ അദ്ദേഹത്തെ സമിതിയിലംഗമാക്കുന്നതിനെതിരെ തടസ്സം ഉന്നയിക്കാവുന്നതാണ്. അപ്രകാരമുള്ള താൽപര്യം പ്രസ്തുത അംഗത്തിന് പ്രത്യേകമായുള്ളതായിരിക്കണം. മറ്റ വിധത്തിൽ പറഞ്ഞാൽ അത് മറ്റ പൊതുജനങ്ങളുമായി ചേർന്ന് പൊതുവായുള്ളതോ അഥവാ പൊതുജനങ്ങളിൽ ഏതെങ്കിലും വിഭാഗവുമായി യോജിച്ചിട്ടുള്ളതോ ആയ താൽപര്യമായിരിക്കുവാൻ പാടുള്ളതല്ല. ഇപ്രകാരം തടസ്സമുന്നയിച്ചാലുടനെ തടസ്സത്തിൽപ്പെട്ടിരിക്കുന്ന ആളിന് സമിതി മുമ്പാകെ വരുന്ന കാര്യങ്ങളിൽ ഉള്ള താൽപര്യം വ്യക്തിപരമോ സാമ്പത്തികമോ നേരിട്ടുള്ളതോ ആണെന്നതു സംബന്ധിച്ച് തടസ്സമുന്നയിക്കുന്ന ആൾ ഒരു പ്രസ്താവന രേഖാമൂലം നൽകേണ്ടതാണ്. ഈ പ്രസ്താവന കിട്ടിയാലുടനെ നിജസ്ഥിതി വ്യക്തമാക്കുവാൻ തടസ്സത്തിൽപ്പെട്ട അംഗത്തോട് സ്പീക്കർ ആവശ്യപ്പെടുന്നതാണ്. വസ്തുതകളെ സംബന്ധിച്ച് തർക്കമുള്ളപക്ഷം തടസ്സമുന്നയിച്ച അംഗത്തോടും തടസ്സത്തിൽപ്പെട്ട അംഗത്തോടും തെളിവിനുള്ള പ്രമാണികരേഖകൾ ഹാജരാക്കുവാൻ സ്പീക്കർക്ക് ആവശ്യപ്പെടാവുന്നതാണ്. അദ്ദേഹത്തിന്റെ മുമ്പിലുള്ള തെളിവുകൾ പരിഗണിച്ചശേഷം സ്പീക്കർ തീരുമാനമെടുക്കേണ്ടതും അത് ആത്യന്തികമായിരിക്കുന്നതുമാണ്. പ്രശ്നത്തിൽ സ്പീക്കർ തീരുമാനമെടുക്കുന്നതുവരെ അംഗം സമിതി അംഗമായി തുടരുന്നതാണ്. തടസ്സത്തിൽപ്പെട്ട അംഗത്തിന് വ്യക്തിപരമോ സാമ്പത്തികമോ നേരിട്ടുള്ളതോ ആയ താൽപര്യം സമിതി മുമ്പാകെ വരുന്ന കാര്യങ്ങളിലുണ്ടെന്ന് സ്പീക്കർ തീരുമാനിക്കുന്നപക്ഷം സമിതിയിലുള്ള ഇദ്ദേഹത്തിന്റെ അംഗത്വം അവസാനിക്കുന്നതാണ്.

## അംഗത്വം ഒഴിവാക്കുന്നത്

ഏതു സമിതിയംഗത്തിനും സ്പീക്കറെ രേഖാമൂലം സ്വന്തം കൈപ്പടയിൽ അഭിസംബോധന ചെയ്തുകൊണ്ട് രാജി വയ്ക്കാവുന്നതാണ്. രാജിക്കത്ത് വ്യക്തവും അസന്ദിഗ്ദ്ധവുമായിരിക്കണം. രാജിക്കത്തിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ രാജിക്ക് പ്രാബല്യമുണ്ടായിരിക്കും. അത് അംഗീകരിക്കേണ്ട കാര്യമില്ല. രാജിക്കത്തിൽ അത് പ്രാബല്യത്തിൽ വരുന്ന തീയതി കാണിക്കാത്തപക്ഷം കത്തിന്റെ തീയതിമുതൽ രാജിക്ക് പ്രാബല്യമുണ്ടായിരിക്കും. രാജിക്കത്തിൽ തീയതിയും ഇല്ലാത്തപക്ഷം രാജിക്കത്ത് നിയമസഭാ സെക്രട്ടേറിയറ്റിൽ കിട്ടുന്ന തീയതി മുതൽ അതിന് പ്രാബല്യമുണ്ടായിരിക്കും.

ഏതെങ്കിലും അംഗം തുടർച്ചയായി രണ്ടോ അതിലധികമോ യോഗങ്ങളിൽ അധ്യക്ഷന്റെ അനുമതിയോടെയല്ലാതെ ഹാജരാകാത്തപക്ഷം അദ്ദേഹത്തെ സമിതിയിൽ നിന്ന് ഒഴിവാക്കുന്നതിനായി വിവരം സഭയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ സ്പീക്കർ രൂപീകരിച്ച സമിതിയിലെ അംഗമാണ് ഇപ്രകാരം തുടർച്ചയായി ഹാജരാകാതെ വരുന്നതെങ്കിൽ വിവരം സ്പീക്കർക്കാണ് റിപ്പോർട്ട് ചെയ്യേണ്ടത്.

## അധ്യക്ഷന്റെ നിയമനം

കാര്യോപദേശക സമിതിയുടെയും ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെയും അധ്യക്ഷൻ സ്പീക്കറാണ്. സ്പീക്കർ അംഗമായുള്ള ഏതെങ്കിലും അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുന്നപക്ഷം അതിന്റെയും അധ്യക്ഷൻ സ്പീക്കറായിരിക്കും. മറ്റ സമിതികൾക്ക് അധ്യക്ഷന്മാരെ നിയോഗിക്കുന്നത് സ്പീക്കറാണ്. ബില്ലുകൾക്കുവേണ്ടിയുള്ള സെലക്ട് കമ്മിറ്റികളിലും സബ്ജക്ട് കമ്മിറ്റികളിലും ബന്ധപ്പെട്ട വകുപ്പുമന്ത്രിയെത്തന്നെയാണ് സാധാരണ അധ്യക്ഷന്മാരായി നിയോഗിക്കാറുള്ളത്. ഏതെങ്കിലും സമിതിയിൽ ഡെപ്യൂട്ടി സ്പീക്കർ അംഗമാകുന്നപക്ഷം അദ്ദേഹത്തെയാണ് ആ കമ്മിറ്റിയുടെ അധ്യക്ഷനായി നിയോഗിക്കേണ്ടത്. മറ്റ് എല്ലാ സമിതികളിലും സമിതിയിലെ ഒരംഗത്തെ അധ്യക്ഷനായി സ്പീക്കർ തീരുമാനിക്കുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, ഉറപ്പുകൾ സംബന്ധിച്ച സമിതി, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി എന്നിവയുടെ അധ്യക്ഷസ്ഥാനം പ്രതിപക്ഷ കക്ഷികൾക്കാണ് നൽകുന്നത്. ഒരു സമിതിയുടെ അധ്യക്ഷൻ യോഗത്തിൽ ഹാജരില്ലാത്തപക്ഷം ആ സമിതിയുടെ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവരുടെയിടയിൽനിന്ന് ഒരു താൽക്കാലിക അധ്യക്ഷനെ തീരുമാനിക്കുന്നു.

## ക്വോറം

സമിതിയുടെ യോഗം കൂടുന്നതിനുള്ള ക്വോറം പ്രത്യേകം നിശ്ചയിക്കാത്തപക്ഷം അത് ആ സമിതിയിലെ ആകെ അംഗങ്ങളുടെ മൂന്നിലൊന്നിനോടടുത്ത എണ്ണമായിരിക്കുന്നതാണ്. സാധാരണയായി കൂടുതൽ അംഗങ്ങൾ ഉൾക്കൊള്ളുന്ന സെലക്ട് കമ്മിറ്റി രൂപീകരിക്കുമ്പോൾ ക്വോറത്തിന്റെ പേരിൽ യോഗം നടക്കാതിരിക്കുന്നത് ഒഴിവാക്കുന്നതിനായി കമ്മിറ്റി രൂപീകരണവേളയിൽത്തന്നെ ക്വോറം മൂന്നിലൊന്നിൽ കുറവായി നിശ്ചയിക്കാറുണ്ട്.

ഏതെങ്കിലും യോഗം കൂടുന്നതിനോ യോഗം നടന്നുകൊണ്ടിരിക്കുമ്പോഴോ ക്വോറമില്ലാതെ വരുന്നപക്ഷം ക്വോറത്തിനുവേണ്ടി പ്രതീക്ഷിക്കുകയോ യോഗം പിരിച്ചുവിടുകയോ ചെയ്യേണ്ടതാണ്. തുടർച്ചയായ രണ്ടു യോഗങ്ങൾ ക്വോറമില്ലാത്തതുമൂലം കൂടാതെ വരുന്നപക്ഷം ചെയർമാൻ പ്രസ്തുത വിവരം സഭയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ സമിതി രൂപീകരിച്ചത് സ്പീക്കറാണെങ്കിൽ ഇക്കാര്യം അദ്ദേഹത്തിന് റിപ്പോർട്ട് ചെയ്താൽ മതിയാകുന്നതാണ്.

## പ്രശ്നങ്ങളിൽ തീരുമാനം

സമിതിയുടെ മുമ്പാകെയുള്ള എല്ലാ പ്രശ്നത്തിന്മേലും സമിതിയിൽ സന്നിഹിതരായിട്ടുള്ളവരുടെ ഭൂരിപക്ഷവോട്ട് മുഖേനയാണ് തീരുമാനിക്കേണ്ടത്. ഏതെങ്കിലും കാരണവശാൽ വോട്ടുകൾ സമം വരുന്ന സംഗതിയിൽ അധ്യക്ഷനോ തൽസമയം അധ്യക്ഷത വഹിക്കുന്നയാളോ ഒരു രണ്ടാം വോട്ടോ കാസ്റ്റിംഗ് വോട്ടോ ചെയ്യേണ്ടതാണ്.

സഭാ സമിതികളിൽ തീരുമാനമെടുക്കേണ്ടതിന് വോട്ടെടുപ്പ് നടത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടെങ്കിലും സാധാരണ തീരുമാനമെടുക്കേണ്ടതിന് വോട്ടെടുപ്പ് നടത്താറില്ല. സൗഹൃദാന്തരീക്ഷത്തിൽ പരസ്പരം വിട്ടുവീഴ്ചയോടും സൗമനസ്യത്തോടും കൂടിയാണ് സമിതിയുടെ യോഗങ്ങൾ നടക്കാറുള്ളത്. അതുകൊണ്ട് മിക്കവാറും യോജിച്ച തീരുമാനങ്ങളാണ് എടുക്കാറുള്ളത്. അല്ലാത്ത സംഗതിയിൽപ്പോലും ആരുംതന്നെ വോട്ടെടുപ്പ് ആവശ്യപ്പെടാറില്ല.

## അധികാരങ്ങൾ

സമിതിയുടെ അധികാരങ്ങൾ ഭരണഘടനയിലും നിയമസഭാ ചട്ടങ്ങളിലും സ്പീക്കർ പുറപ്പെടുവിക്കുന്ന ഡയറക്ഷനുകളിലും റൂളിംഗുകളിലുമാണ് വിവരിച്ചിട്ടുള്ളത്. ആർട്ടിക്കിൾ 194-ൽ സഭയുടെയും സമിതികളുടെയും അംഗങ്ങളുടെയും അവകാശാധികാരങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനയുടെ പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ ഡയറക്ഷനിലാണുൾക്കൊള്ളുന്നത്. അതുപോലെതന്നെ സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥന പരിശോധിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിന് ഭിന്നാഭിപ്രായക്കുറിപ്പ് നൽകുന്നത് സംബന്ധിച്ച അധികാരം ഒരു റൂളിംഗിലൂടെയാണ് ലഭിക്കുന്നത്. എങ്കിലും നിയമസഭാചട്ടങ്ങളിലാണ് സമിതികളുടെ അധികാരങ്ങളെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുള്ളത്.

## സബ് കമ്മിറ്റികളുടെ രൂപീകരണം

ഒരു കമ്മിറ്റിക്ക് ഒന്നോ അതിലധികമോ സബ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള അധികാരമുണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന ഓരോ സബ് കമ്മിറ്റിക്കും സമ്പൂർണ്ണ കമ്മിറ്റിയുടെ അധികാരങ്ങളുണ്ടായിരിക്കും. സബ് കമ്മിറ്റിയുടെ റിപ്പോർട്ട് സമ്പൂർണ്ണ കമ്മിറ്റിയുടെ യോഗത്തിൽവച്ച് അംഗീകരിക്കുന്നപക്ഷം അത് സമ്പൂർണ്ണ സമിതിയുടെ റിപ്പോർട്ടായി പരിഗണിക്കുന്നതാണ്.

## തെളിവെടുക്കുന്നതിനുള്ള അധികാരം

ഒരു സമിതിയുടെ പരിഗണനയിലോ അന്വേഷണത്തിലോ ഇരിക്കുന്ന കാര്യത്തെപ്പറ്റി വാങ്മൂലമോ രേഖാമൂലമോ ആയ തെളിവെടുക്കുവാനും രേഖകൾ വിളിച്ചുവരുത്താനും ആ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സമിതിക്ക് സ്വമേധയാ വിദഗ്ദ്ധന്മാരിൽ നിന്നും സംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും തെളിവെടുപ്പ് നടത്താവുന്നതാണ്. സംഘടനകൾ തെളിവെടുപ്പ് നടത്തണമെന്ന് സമിതിയോട് അപേക്ഷിക്കുന്ന സംഗതിയിലും സമിതി അവരിൽനിന്ന് തെളിവെടുപ്പ് നടത്താറുണ്ട്. ഒരു സമിതി തെളിവെടുപ്പ് നടത്തുമ്പോൾ അതു സംബന്ധിച്ച് പ്രസ് റിലീസ് വഴിയും വകുപ്പ് ഉദ്യോഗസ്ഥന്മാർ മുഖേനയും വമ്പിച്ച പ്രചരണവും പരസ്യവും നൽകാറുണ്ട്. ബില്ലിന്മേൽ തെളിവെടുപ്പ് നടത്തുമ്പോൾ സാക്ഷിവിസ്താരം നടത്തുന്നതിനുപകരമായി ബില്ലിന്റെ വിഷയത്തിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരിൽനിന്നോ സംഘടനകളിൽനിന്നോ അവരുടെ രേഖാമൂലമായ അഭിപ്രായം സ്വീകരിക്കാറുണ്ട്. ഏതെങ്കിലും ഗവണ്മെന്റ് വകുപ്പിൽനിന്നോ പൊതുമേഖലാ സ്ഥാപനത്തിൽനിന്നോ തെളിവെടുപ്പ് നടത്തുമ്പോൾ ആ വകുപ്പു സെക്രട്ടറിയോ പൊതുമേഖലയുടെ തലവനോ ആണ് സമിതി മുമ്പാകെ ഹാജരാകുന്നത്. എന്തെങ്കിലും കാരണവശാൽ അവർക്ക് വരാൻ കഴിയാത്തപക്ഷം മറ്റൊരാൾ സമിതി മുമ്പാകെ ഹാജരാകുവാനുള്ള അനുവാദം തേടേണ്ടതുണ്ട്.

ഒരു സമിതി മുമ്പാകെ ആളുകളെയോ കടലാസുകളോ റിക്കാർഡുകളോ അയയ്ക്കണമെന്നാവശ്യപ്പെടുവാൻ സമിതിക്ക് അധികാരമുണ്ട്. എന്നാൽ ഒരാളിന്റെ തെളിവോ ഒരു രേഖ ഹാജരാക്കുന്നതോ പ്രസക്തമാണോയെന്ന പ്രശ്നം ഉണ്ടായാൽ അക്കാര്യം സ്പീക്കറുടെ തീരുമാനത്തിന് വയ്ക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ഒരു രേഖ വെളിപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെ സുരക്ഷിതത്വത്തിനും താൽപര്യത്തിനും ഹാനികരമാണെന്ന കാരണത്താൽ ആ രേഖ ഹാജരാക്കാതിരിക്കുവാൻ ഗവണ്മെന്റിന് സാധിക്കും. ഇത്തരത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് ചീഫ് സെക്രട്ടറി സമിതിക്ക് കൊടുക്കേണ്ടതായി വരുമെന്നേയുള്ളൂ.

സ്പീക്കറുടെ നിർദ്ദേശപ്രകാരം ഒരു സമിതിക്ക് അതിന്റെ അനുവാദത്തോടുകൂടി ഒരു സാക്ഷിയെ അയാളുടെ ഉപദേശകൻ മുഖേന കേൾക്കാവുന്നതാണ്. ഒരു സാക്ഷിയെ വിസ്തരിക്കുന്നതിനുമുമ്പ് സമിതിക്ക് വേണമെങ്കിൽ അയാളെക്കൊണ്ട് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കാവുന്നതാണ്.

സാക്ഷിയെ വിസ്തരിക്കുന്നതിനു മുമ്പായി അതിനുള്ള നടപടിക്രമത്തിന്റെ രീതിയും ചോദ്യങ്ങളുടെ സ്വഭാവവും തീരുമാനിക്കേണ്ടതാണ്. കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ റിപ്പോർട്ടുമായി ബന്ധപ്പെട്ട സാക്ഷിവിസ്താരത്തിൽ അക്കൗണ്ടന്റ് ജനറൽ വേണ്ട സഹായം നൽകാറുണ്ട്. മറ്റ സംഗതികളിൽ നിയമസഭാ സെക്രട്ടേറിയറ്റ് സമിതിക്ക് ചോദ്യാവലി നൽകുക പതിവാണ്. ആദ്യം സമിതിയുടെ അധ്യക്ഷൻ സാക്ഷിയോട് ചോദ്യം ചോദിച്ച് വിസ്തരിക്കും. അതിനുശേഷം അംഗങ്ങൾക്ക് ചോദ്യം ചോദിക്കാവുന്നതാണ്. ഇപ്രകാരമുള്ള ചോദ്യങ്ങളിൽ ഉൾക്കൊള്ളാത്ത വിവരങ്ങളുണ്ടെങ്കിൽ അത് നൽകുവാൻ സമിതിക്ക് ആവശ്യപ്പെടാവുന്നതാണ്. സമിതിയുടെ പരിഗണനയ്ക്ക് ആവശ്യമെന്ന് കരുതുന്നതും സാക്ഷിയുടെ കൈവശമുള്ളതുമായ വിവരങ്ങൾ സാക്ഷിക്ക് സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

സമിതി മുമ്പാകെ നൽകുന്ന തെളിവ് പൂർണ്ണമായോ ഭാഗികമായോ മേശപ്പുറത്തു വയ്ക്കുവാൻ സമിതിക്ക് നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരം അതു മേശപ്പുറത്തു വയ്ക്കുന്നതുവരെ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

## സമിതിയുടെ റിപ്പോർട്ട്

സമിതിയുടെ പ്രവർത്തനകാലത്ത് സമിതിയുടെ അന്വേഷണ വിഷയവുമായി നേരിട്ട് ബന്ധമില്ലാത്തതോ അതിൽവരാത്തതോഅതുമായിആനുഷംഗികമല്ലാത്തതോ ആയ ഏതെങ്കിലും സംഗതിയാണെങ്കിൽപ്പോലും അത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും അത് സ്പീക്കറോ സഭയോ അറിയേണ്ടതാണെന്ന് സമിതിക്ക് തോന്നുകയും ചെയ്തെന്നാൽ അതെപ്പറ്റി സമിതിക്ക് ഒരു സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.

സമിതിയുടെ റിപ്പോർട്ട് പ്രാഥമികമോ ആത്യന്തികമോ ആകാവുന്നതാണ്. സമിതിക്കുവേണ്ടി സമിതിയുടെ അധ്യക്ഷൻ റിപ്പോർട്ട് ഒപ്പിടേണ്ടതാണ്. സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പായി അതിന്റെ ഒരു കോപ്പി ഗവണ്മെന്റിന് അയച്ചു കൊടുക്കാവുന്നതാണ്. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ പരിശോധനയ്ക്കുവേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. അതിലെ വസ്തുതകൾ ശരിയാണോയെന്ന് പരിശോധിച്ചശേഷം അതിൽ തിരുത്തൽ വരുത്താതെ അത് തിരിച്ചു നൽകേണ്ടതാണ്. റിപ്പോർട്ടിൽ വസ്തുതാസംബന്ധമായ എന്തെങ്കിലും ന്യൂനത ഗവണ്മെന്റ് ചൂണ്ടിക്കാണിക്കുന്നപക്ഷം അത് സമിതി പരിഗണിക്കുകയും സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാവുന്നതുമാണ്.

സമിതിയുടെ റിപ്പോർട്ട് അതിന്റെ അധ്യക്ഷന് സഭയിൽ സമർപ്പിക്കാവുന്നതാണ്. അധ്യക്ഷനില്ലാത്തപക്ഷം സമിതിയിലെ ഏതെങ്കിലും അംഗത്തിന് റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അധ്യക്ഷൻ എന്തെങ്കിലും പറയുന്നപക്ഷം അത് വസ്തുതകളെ സംബന്ധിക്കുന്ന ഒരു ഹ്രസ്വപ്രസ്താവനയായിരിക്കേണ്ടതാണ്.

സഭ സമ്മേളിക്കാത്ത സന്ദർഭങ്ങളിൽ ഏതെങ്കിലും അംഗം സ്പീക്കറോട് അഭ്യർത്ഥിക്കുന്നപക്ഷം ഒരു റിപ്പോർട്ട് അച്ചടിക്കുവാനും പ്രസിദ്ധീകരിക്കുവാനും അത് വിതരണം ചെയ്യുവാനും ഉത്തരവിടുവാൻ സ്പീക്കർക്ക് അധികാരമുണ്ട്. അതിനുവേണ്ടി റിപ്പോർട്ട് സ്പീക്കർക്ക് സമർപ്പിക്കുവാനും വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ റിപ്പോർട്ട് സഭയ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നപക്ഷം സഭ ചേർന്നാലുടനെ അത് സഭയിൽ സമർപ്പിക്കേണ്ടതാണ്.



# രാജ്യസഭാ തെരഞ്ഞെടുപ്പ്

ഇന്ത്യയിൽ നിയമനിർമ്മാണ സഭയായ പാർലമെന്റിന്റെ ഉപരിസഭയാണ് രാജ്യസഭ. രാഷ്ട്രപതിയും രാജ്യസഭയും ലോക്സഭയും ഉൾപ്പെടുന്നതാണ് ഇന്ത്യൻ പാർലമെന്റ്. ബ്രിട്ടീഷ് പാർലമെന്റിലെ പ്രഭുസഭയ്ക്ക് സമാനമാണ് ഇന്ത്യയിൽ രാജ്യസഭ. ഇതിന് ഒരു ഫെഡറൽ ചേംബറിന്റെ സ്വഭാവമാണ്. അതായത് സംസ്ഥാനങ്ങളിലെയും നിയമസഭ രൂപീകരിക്കപ്പെട്ടിട്ടുള്ള കേന്ദ്രഭരണ പ്രദേശങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തെരഞ്ഞെടുക്കുന്നവർ ചേർന്ന സഭ. ഉപരാഷ്ട്രപതി അദ്ധ്യക്ഷനായ രാജ്യസഭയുടെ ആകെ അംഗസംഖ്യ 250 ആയി നിജപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനങ്ങളിലെയും ഡൽഹി, പുതുച്ചേരി എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും നിയമനിർമ്മാണസഭകളിലെ അംഗങ്ങൾ 'ഒറ്റ കൈമാറ്റ വോട്ടി'ലൂടെ ആറ് വർഷത്തേയ്ക്കാണ് 238 രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഇതിനു പുറമെ സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരിൽ നിന്ന് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന 12 അംഗങ്ങളും ഉൾപ്പെടുന്ന രാജ്യസഭയാണ് ഭരണഘടനയുടെ അനുച്ഛേദം 80 വ്യവസ്ഥ ചെയ്യുന്നത്. രാജ്യസഭയുടെ അദ്ധ്യക്ഷൻ ഉപരാഷ്ട്രപതിയും ഉപാദ്ധ്യക്ഷൻ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നയാളുമാണ്.

സ്വതന്ത്രഭാരതത്തിന്റെ വെല്ലുവിളികൾ പരിഹരിക്കുന്നതിന് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു നിയമനിർമ്മാണസഭയ്ക്കു മാത്രം സാധിക്കുകയില്ല എന്ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് എന്ന പേരിൽ 1952 ഏപ്രിൽ 3 ന് ഒരു നിയമനിർമ്മാണ സഭ നിലവിൽ വന്നത്. 1952 മേയ് 13 ന് 'രാജ്യസഭ' എന്ന് ഹിന്ദിയിൽ പുനർനാമകരണം ചെയ്തു (ഹിന്ദിയിൽ രാജ്യ എന്നാൽ സംസ്ഥാനം എന്നാകുന്നു) ഉപരിമണ്ഡലത്തിന്റെ ആദ്യ അദ്ധ്യക്ഷൻ ഡോ.എസ്. രാധാകൃഷ്ണനായിരുന്നു. ആദ്യ ഉപാദ്ധ്യക്ഷൻ എസ്.വി.കൃഷ്ണമൂർത്തി റാവു ആയിരുന്നു.

രാജ്യസഭയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ ദക്ഷിണാഫ്രിക്കൻ ഭരണഘടനയെ അടിസ്ഥാനമാക്കിയും, രാജ്യസഭാംഗങ്ങളെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന പ്രക്രിയ ഐറിഷ് ഭരണഘടനയെ അടിസ്ഥാനമാക്കിയുമാണ് സ്വീകരിച്ചിട്ടുള്ളത്. നിലവിൽ രാജ്യസഭയിൽ 245 അംഗങ്ങളാണുള്ളത്. ഇതിൽ 229 പേർ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 4 പേർ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും 12 പേർ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്തവരുമാണ്. ജനസംഖ്യാനുപാതികമായി ഓരോ സംസ്ഥാനത്തുനിന്നും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം ഭരണഘടനയുടെ നാലാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അത് പ്രകാരം ഉത്തർപ്രദേശിൽ നിന്നാണ് ഏറ്റവും കൂടുതൽ അംഗങ്ങളുള്ളത് - 31 പേർ. കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങൾ 9 പേരാണ്. സ്ഥിരം സഭയായ രാജ്യസഭ പിരിച്ചുവിടലിന് വിധേയമല്ല. ഓരോ രണ്ടുവർഷം കൂടുമ്പോഴും മൂന്നിൽ ഒന്ന് അംഗങ്ങൾ പിരിഞ്ഞുപോകുകയും പകരം പുതിയ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. അംഗങ്ങളുടെ കാലാവധി 6 വർഷമാണ്. എന്നാൽ ഒരംഗം മരണപ്പെടുകയോ രാജിവയ്ക്കുകയോ ചെയ്താൽ അപ്രകാരം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ഉപതെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്നയാൾക്ക് നിലവിലുണ്ടായിരുന്ന അംഗത്തിന്റെ ശേഷിച്ച കാലാവധി മാത്രമേ ലഭിക്കുകയുള്ളൂ. 30 വയസ് പൂർത്തിയായ ഒരു ഇന്ത്യൻ പൗരന് രാജ്യസഭയിലേയ്ക്ക് മത്സരിക്കാം. ലോക്സഭയിലേയ്ക്കും നിയമസഭകളിലേയ്ക്കും മത്സരിക്കുന്നതിനുള്ള പ്രായപരിധി 25 വയസാണ്.

സംസ്ഥാന നിയമസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാം. എന്നാൽ ഒരംഗത്തിന്റെ തെരഞ്ഞെടുപ്പ് ഹൈക്കോടതി അസാധുവാക്കുകയും അദ്ദേഹത്തിന്റെ അപ്പീലിന്മേൽ സുപ്രീംകോടതി, ഉപാധികളോടെ സഭാ നടപടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഹൈക്കോടതിവിധി താത്ക്കാലികമായി സ്റ്റേ ചെയ്യുന്ന സാഹചര്യമുണ്ടാവുകയും ചെയ്താൽ ആ അംഗത്തിന് രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനോ സ്ഥാനാർത്ഥിയെ നിർദ്ദേശിക്കാനോ സാധിക്കുകയില്ല. എന്നാൽ ഹൈക്കോടതിവിധിക്ക് സുപ്രീം കോടതി ഉപാധികളില്ലാത്ത സ്റ്റേ അനുവദിക്കുകയും നിയമസഭ സാമാജികന് അനുവദനീയമായ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്ന പക്ഷം ആ അംഗത്തിന് രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാവുന്നതാണ്. എന്നാൽ സഭയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വോട്ടവകാശമില്ല.

രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയോടെ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ ഏറ്റവും കുറഞ്ഞത് 10 അംഗങ്ങൾ അഥവാ ആ സഭയിലെ പാർട്ടിയുടെ അംഗബലത്തിന്റെ 10% ഇതിൽ ഏതാണോ കുറവ് അത്രയും അംഗങ്ങൾ നാമനിർദ്ദേശം ചെയ്യണം. സ്വതന്ത്ര സ്ഥാനാർത്ഥികളെ ഏറ്റവും കുറഞ്ഞത് പത്തംഗങ്ങൾ നാമനിർദ്ദേശം ചെയ്യണം. ഒരംഗത്തിന് ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഒരു സ്ഥാനാർത്ഥിക്കുതന്നെ അതേ തെരഞ്ഞെടുപ്പിൽ മറ്റൊരു സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യാം. നാമനിർദ്ദേശപത്രിക ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർ മുമ്പാകെ സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥിക്കോ, നാമനിർദ്ദേശം ചെയ്ത മറ്റൊരംഗത്തിനോ സാധിക്കും. സ്ഥാനാർത്ഥിയോ, നാമനിർദ്ദേശകനോ കത്തിലൂടെ അധികാരപ്പെടുത്തിയ മറ്റൊരു വ്യക്തിക്ക് നാമനിർദ്ദേശകപത്രിക സമർപ്പിക്കുവാൻ വ്യവസ്ഥയില്ല. നാമനിർദ്ദേശപത്രിക തപാൽമുഖേനയോ, ഫാക്സ്, ഇ-മെയിൽ എന്നിവയായോ നൽകുവാൻ പാടില്ലെന്നും വ്യവസ്ഥയുണ്ട്. ഒരു സ്ഥാനാർത്ഥി നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ, പിന്നീട് അത് പിൻവലിക്കുന്നതിന് കഴിയുകയില്ലെന്ന് ജനപ്രാതിനിധ്യനിയമത്തിലെ 37(2) വകുപ്പ് അനുശാസിക്കുന്നു.

ഒരു സ്ഥാനാർത്ഥി നാമനിർദ്ദേശപത്രികയോടൊപ്പം ഫോം 26, സത്യവാങ്മൂലം എന്നിവ കൂടി ഫയൽ ചെയ്യേണ്ടതുണ്ട്. അവയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വസ്തുതകളും സ്ഥാനാർത്ഥി നൽകേണ്ടതുമാണ്. ജനപ്രാതിനിധ്യനിയമത്തിലെ 36 ാം വകുപ്പ് പ്രകാരം തെറ്റായ വിവരം നൽകിയിട്ടുള്ള നാമനിർദ്ദേശങ്ങൾ നിരസിക്കാൻ റിട്ടേണിംഗ് ഓഫീസർക്ക് അധികാരമുണ്ട്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ് രാജ്യസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച ചുമതലയുള്ളത്.

രാജ്യസഭാ തെരഞ്ഞെടുപ്പ് അതത് സംസ്ഥാന നിയമസഭാമന്ദിരത്തിലാണ് നടത്തുന്നത്. എല്ലാ സ്ഥാനാർത്ഥികളുടെയും പേര് അച്ചടിച്ച ബാലറ്റ് പേപ്പർ സാമാജികർക്ക് നൽകുന്നു. റിട്ടേണിംഗ് ഓഫീസർ നൽകുന്ന പേന ഉപയോഗിച്ചാണ് വോട്ട് രേഖപ്പെടുത്തേണ്ടത്. അംഗങ്ങൾക്ക് 1,2,3 തുടങ്ങിയ പ്രഥമഗണനാക്രമത്തിൽ എത്ര സ്ഥാനാർത്ഥികൾക്കു വേണമെങ്കിലും വോട്ടു രേഖപ്പെടുത്താം. ഇങ്ങനെ കിട്ടുന്ന വോട്ട് ഒന്നാം വോട്ട്, രണ്ടാം വോട്ട്, മൂന്നാം വോട്ട് എന്നിങ്ങനെ അറിയപ്പെടുന്നു. ഒരു നിശ്ചിത എണ്ണം ഒന്നാം വോട്ട് ലഭിക്കുന്നവർ ആദ്യറൗണ്ടിൽ വിജയിക്കും. പിന്നീട് രണ്ടാം വോട്ടും മൂന്നാം വോട്ടും പരിഗണിച്ച് വിജയിയെ പ്രഖ്യാപിക്കുന്നു. ഓരോ ഒന്നാം മുൻഗണനാ വോട്ടിനും ആദ്യ റൗണ്ടിൽ മൂല്യം 100 ആണ്. ഇത്തരത്തിൽ ജയിക്കാൻ ആവശ്യമായ വോട്ടിന്റെ എണ്ണം നിശ്ചയിക്കുന്നത് പ്രത്യേക സൂത്രവാക്യത്തെ അടിസ്ഥാനമാക്കിയാണ്. ആകെ അംഗങ്ങളുടെ എണ്ണം/(ഒഴിവുകൾ +1) +1 എന്നാണത്. ഇത് ഡ്രൂപ് ക്വാട്ട (droop quota) എന്നും അറിയപ്പെടുന്നു. നിശ്ചിത എണ്ണം ഒന്നാം മുൻഗണനാ വോട്ടുകൾ ലഭിക്കുന്നവർ വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടിൽതന്നെ തെരഞ്ഞെടുക്കപ്പെടും. എത്ര സീറ്റുകളിൽ ജയിക്കും എന്ന് ഓരോ രാഷ്ട്രീയ പാർട്ടിക്കും വ്യക്തമായ ധാരണയുള്ളതിനാൽ അതിനനുസൃതമായ വിധത്തിലായിരിക്കും മുൻഗണന രേഖപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം എം.എൽ.എ.മാർക്ക് നൽകുന്നത്. ഇതിലൂടെ വജയസാധ്യതയുള്ള സ്ഥാനാർത്ഥിക്ക് ആവശ്യമായ ഒന്നാം മുൻഗണന വോട്ടുകൾ ഉറപ്പാക്കും. സാധാരണഗതിയിൽ ആദ്യ റൗണ്ടിൽത്തന്നെ വോട്ടെണ്ണൽ പൂർത്തിയാകും. ഒഴിവുള്ള സീറ്റുകളുടെ എണ്ണത്തിന്റെ അത്രയും സ്ഥാനാർത്ഥികൾക്ക് ആവശ്യമായ വോട്ടുകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രമാണ് അടുത്ത റൗണ്ടിലേക്ക് വോട്ടെണ്ണൽ നീളുകയും രണ്ടാം/മൂന്നാം മുൻഗണനാവോട്ടുകൾ നിർണ്ണായകമാകുകയും ചെയ്യുന്നത്.

നം. 04/ആഗസ്റ്റ് 2020 | തിരുവനന്തപുരം
അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. മൂന്ന് ഒഴിവുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന 140 സാമാജികരുള്ള ഒരു സംസ്ഥാനത്ത് നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ കുറഞ്ഞത് 36 വോട്ട് ((140/3+1)+1) ലഭിക്കണം (മൂല്യം 36 x 100=3600). വോട്ടെണ്ണുമ്പോൾ 36 ഒന്നാം വോട്ട് ലഭിക്കുന്നവരെ ആദ്യം വിജയികളായി പ്രഖ്യാപിക്കുന്നു. മൂന്നുപേരെ തെരഞ്ഞെടുക്കാൻ സാധിച്ചില്ലെങ്കിൽ വോട്ടെണ്ണൽ തുടരും. വിജയിച്ചയാൾക്ക് 36 വോട്ടിന് മുകളിൽ കിട്ടിയാൽ ആ അധികവോട്ട് അയാൾക്ക് വോട്ട് രേഖപ്പെടുത്തിയവർ രണ്ടാം വോട്ട് ആർക്കാണോ രേഖപ്പെടുത്തിയിട്ടുള്ളത് അവരുടെ വോട്ടായി മാറും. പ്രസ്തുത വോട്ടുകളുടെ മൂല്യം 100 ൽ കുറവായിരിക്കും. ഇതേ രീതിയിൽ മൂന്നാം വോട്ടും കണക്കാക്കും. ഇങ്ങനെ വോട്ടെണ്ണുമ്പോൾ 36 വോട്ട് ലഭിച്ചവരെ വിജയിയായി പ്രഖ്യാപിക്കും. ഇംഗ്ലണ്ടിലെ അഭിഭാഷകനായിരുന്ന തോമസ് ഹെയർ ഹില്ലാണ് ഈ വോട്ടിംഗ് രീതിയുടെ ഉപജ്ഞാതാവ്.

രാജ്യസഭാ തെരഞ്ഞെടുപ്പ് നിയന്ത്രിതമായ രീതിയിൽ പരസ്യബാലറ്റിംഗിലൂടെയാണ് (ഓപ്പൺ ബാലറ്റ്) നടത്തുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുവാനും അവരുടെ അംഗം ആർക്കാണ് വോട്ട് രേഖപ്പെടുത്തിയത് എന്ന് പരിശോധിക്കുന്നതിന് ഒരു ഏജന്റിനെ നിയോഗിക്കുവാനും സാധിക്കും. ഒന്നിലധികം പാർട്ടികൾക്കുവേണ്ടി ഒരു ഏജന്റിനെ നിയോഗിക്കാൻ സാധിക്കുകയില്ല. പോളിങ് സ്റ്റേഷനുകളിൽ റിട്ടേണിംഗ് ഓഫീസർ അനുവദിച്ചു നൽകുന്ന സീറ്റിൽ ഏജന്റ് ഉപവിഷ്ടനാകുന്നു. എം.എൽ.എ.മാർ ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തിയശേഷം പെട്ടിക്കുള്ളിൽ നിക്ഷേപിക്കുന്നതിനു മുമ്പ് അവരുടെ പാർട്ടി ഏജന്റിനെ കാണിക്കണം. ഒരു രാഷ്ട്രീയ പാർട്ടിയിലെ എം.എൽ.എ. അയാൾ രേഖപ്പെടുത്തിയ വോട്ട് മറ്റു രാഷ്ട്രീയ കക്ഷിയുടെ ഏജന്റിനെ കാണിക്കാൻ പാടുള്ളതല്ല. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ ഏജന്റിനെ കാണിക്കാത്തപക്ഷം ആയത് തിരികെ വാങ്ങി പ്രത്യേകം കവറിലാക്കി 'തെരഞ്ഞെടുപ്പ് പ്രക്രിയ തെറ്റിച്ചതിന് റദ്ദാക്കിയത്' എന്ന് രേഖപ്പെടുത്തി സീൽ ചെയ്യുന്നു. അത്തരത്തിലുള്ള വോട്ട് അസാധുവാകുന്നു. സ്വതന്ത്രസ്ഥാനാർത്ഥികൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ ആരെയും കാണിക്കുവാൻ പാടില്ല. ഇത്തരം വോട്ടും അസാധുവാണ്. ഒരംഗം താൻ രേഖപ്പെടുത്തിയ വോട്ട് ഏജന്റിനെ കാണിക്കാതെ ബാലറ്റ് പെട്ടിക്കുള്ളിൽ നിക്ഷേപിച്ചതായി റിട്ടേണിംഗ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ, വോട്ടെണ്ണൽ സമയത്ത് ആ ബാലറ്റ് എണ്ണുകയില്ല. അത്തരത്തിൽ പാർട്ടി നിർദ്ദേശം ലംഘിക്കുന്ന എം.എൽ.എ.മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് അധികാരമുണ്ട്. ഒരംഗം പാർട്ടി സ്ഥാനാർത്ഥിക്കു വോട്ടുചെയ്തില്ല എന്ന കാരണത്താൽ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യത കൽപ്പിക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. വോട്ടർ എന്ന നിലയ്ക്ക് അവരവരുടെ വ്യക്തിപരമായ താല്പര്യമനുസരിച്ച് വോട്ടുചെയ്യാൻ സാമാജികർക്ക് സ്വാതന്ത്ര്യമുണ്ട്.

ഒരംഗം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം സഭാംഗമായി സത്യപ്രതിജ്ഞ ചെയ്തില്ലെങ്കിൽ പോലും രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാവുന്നതാണ്. രാജ്യസഭാ തെരഞ്ഞെടുപ്പ് നിയമസഭാ നടപടികളുടെ ഭാഗമല്ലാത്തതിനാലാണ് സത്യപ്രതിജ്ഞ ചെയ്തിട്ടില്ലാത്ത അംഗങ്ങൾക്കും വോട്ടു ചെയ്യാൻ അവസരം ലഭിക്കുന്നത്. കൂടാതെ സത്യപ്രതിജ്ഞ ചെയ്യാത്ത അംഗത്തിന് രാജ്യസഭാ സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിൽ നിർദ്ദേശിക്കാനുള്ള അധികാരവുമുണ്ട്. രാജ്യസഭാ തെരഞ്ഞെടുപ്പിൽ 'നോട്ട' ബാധകമാക്കിയിട്ടില്ല. പൊതുതെരഞ്ഞെടുപ്പുകളിൽ മാത്രമാണ് നോട്ട ബാധകമാകുന്നുള്ളൂ. ആനുപാതിക പ്രാതിനിധ്യ വോട്ടെടുപ്പിൽ നോട്ട നടപ്പിലാക്കാൻ സാധിക്കുകയില്ലെന്ന 2018 ലെ സുപ്രീം കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് രാജ്യസഭാ തെരഞ്ഞെടുപ്പിൽ 'നോട്ട' റദ്ദുചെയ്തത്.

2020 ൽ രാജ്യസഭയിൽ 73 സീറ്റുകളാണ് ഒഴിവുവന്നത്. രാജ്യത്തെ 17 സംസ്ഥാനങ്ങളിൽ നിന്നുള്ള 55 രാജ്യസഭ സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിൽ 10 സംസ്ഥാനങ്ങളിലെ 37 സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. കോവിഡ് നിയന്ത്രണങ്ങളാൽ തെരഞ്ഞെടുപ്പ് മാറ്റിവച്ച 18 സീറ്റുകളിലേയ്ക്ക് 2020 ജൂണിൽ തെരഞ്ഞെടുപ്പ് നടന്നു. ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 4 വീതവും, മദ്ധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് 3 വീതം സീറ്റുകളിലേയ്ക്കും ജാർഖണ്ഡിലെ 2 സീറ്റുകളിലേയ്ക്കും മേഘാലയ, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ ഓരോ സീറ്റുകളിലേയ്ക്കുമാണ് തെരഞ്ഞെടുപ്പ് നടന്നത്. കേരള നിയമസഭയിലെ മുൻ അംഗം കെ.സി.വേണുഗോപാൽ രാജസ്ഥാനിൽ നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വിജയിക്കുന്നതിന് 51 വോട്ട് വേണമെന്നിരിക്കെ 64 വോട്ട് നേടിയാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കെ.സി. വേണുഗോപാലിന് പുറമേ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട രണ്ട് മലയാളികൾ കൂടിയുണ്ട്. അൽഫോൺസ് കണ്ണന്താനം രാജസ്ഥാനിൽ നിന്നും, കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ മഹാരാഷ്ട്രയിൽ നിന്നുമുള്ള രാജ്യസഭാംഗങ്ങളാണ്. ചലച്ചിത്ര താരം സുരേഷ്ഗോപി കലാമേഖലയിൽ നിന്ന് രാജ്യസഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗമാണ്.

(തയ്യാറാക്കിയത് ഷീല ടൈറ്റസ്)

# കെ.സി. വേണുഗോപാൽ രാജ്യസഭയിലേയ്ക്ക്



മുൻ സംസ്ഥാന മന്ത്രിയും കേന്ദ്രമന്ത്രിയുമായിരുന്ന കെ.സി.വേണുഗോപാൽ രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. രാജസ്ഥാനിൽ നിന്നാണ് അദ്ദേഹം രാജ്യസഭാംഗമാകുന്നത്. മൂന്നു തവണ ആലപ്പുഴയിൽ നിന്നും നിയമസഭാംഗമായിരുന്ന കെ.സി. വേണുഗോപാൽ, എം.എൽ.എ. സ്ഥാനം രാജിവച്ചാണ് 2009 ൽ ലോക്സഭയിലേയ്ക്ക് മത്സരിച്ച് ജയിച്ചത്. രണ്ടുതവണ ലോക്സഭാംഗമായി.

നിലവിൽ കോൺഗ്രസിലെ ഉയർന്ന പദവിയിലുള്ള മലയാളിയാണ് കെ.സി. വേണുഗോപാൽ. സവിശേഷമായ നേതൃപാടവമുള്ള അദ്ദേഹം ദേശീയ തലത്തിൽ സംഘടനാ ചുമതലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചില്ല. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗവും സംഘടനാ ജനറൽ സെക്രട്ടറിയുമായ അദ്ദേഹം സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ കോൺഗ്രസ് അംഗങ്ങളെ ചേർത്തുനിർത്തുന്നതിൽ സവിശേഷ സംഘടനാ പാടവമുള്ള ആളാണ്. പാർലമെന്റിൽ അദ്ദേഹത്തിന്റെ സാന്നിധ്യം അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസ് നേതൃത്വം അദ്ദേഹത്തെ രാജസ്ഥാനിൽ നിന്നും രാജ്യസഭയിലെത്തിച്ചത്.

പയ്യന്നൂർ കോളേജിലെ വിദ്യാർത്ഥി യൂണിയൻ ഭാരവാഹിത്വത്തിൽ നിന്നാണ് കോൺഗ്രസിന്റെ സമുന്നത നേതാക്കളുടെ നിരയിലേയ്ക്ക് കെ.സി. വേണുഗോപാൽ ഉയർന്നത്. മികച്ച വോളിബോൾ താരം കൂടിയായ അദ്ദേഹം കെ.എസ്.യു. സംസ്ഥാന പ്രസിഡന്റും എട്ടു വർഷം യൂത്ത് കോൺഗ്രസ് പ്രസിഡന്റുമായിരുന്നു. 2004-06 കാലഘട്ടത്തിൽ സംസ്ഥാന ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രിയായിരുന്നു. 2011-12 കാലഘട്ടത്തിൽ കേന്ദ്ര ഊർജ്ജ വകുപ്പ് സഹമന്ത്രിയും 2012-14 കാലയളവിൽ കേന്ദ്ര വ്യോമയാന വകുപ്പ് സഹമന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പതിനഞ്ചാം ലോക്സഭയിൽ എം.പി.ഫണ്ട് വിനിയോഗത്തിൽ ദേശീയ തലത്തിൽ അദ്ദേഹത്തിന് ഒന്നാം സ്ഥാനമായിരുന്നു. പരേതനായ കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെയും ജാനകിയമ്മയുടെയും മകനാണ്. ഭാര്യ ഡോ.ആശാ വേണു ഗോപാൽ.

# രാജ്യസഭയിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ്



എം വി ശ്രേയാംസ് കുമാർ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നു

കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്ന എം.പി.വീരേന്ദ്രകുമാർ 2020 മേയ് 28 ന് മരണപ്പെട്ടതുമൂലം ഉണ്ടായ ഒഴിവിലേയ്ക്ക് ആഗസ്റ്റ് 24 ന് തെരഞ്ഞെടുപ്പ് നടക്കുന്നു. രാവിലെ 9 മണി മുതൽ 4 മണിവരെയാണ് വോട്ടെടുപ്പ്. നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 13 ആയിരുന്നു. പത്രികകളുടെ സൂക്ഷ്മപരിശോധന ആഗസ്റ്റ് 14 നും സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് നൽകേണ്ട അവസാന തീയതി ആഗസ്റ്റ് 17 നുമായിരുന്നു. നിയമസഭാ മന്ദിരത്തിലെ പാർലമെന്ററി പഠനപരിശീലനകേന്ദ്രത്തിന്റെ പാഠശാല (റൂം നമ്പർ 740) പോളിംഗ് ബൂത്തായി മാറും. ആഗസ്റ്റ് 24 വൈകുന്നേരം 5 മണിക്കാണ് വോട്ടെണ്ണൽ നടത്തുന്നത്. തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസറായി നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായരെയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി സ്പെഷ്യൽ സെക്രട്ടറി ആർ.കിഷോർ കുമാറിനെയും തെരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി എം.വി.ശ്രേയാംസ്കുമാറും യു.ഡി.എഫ്. സ്ഥാനാർത്ഥിയായി ലാൽ വർഗ്ഗീസ് കല്പകവാടിയും മത്സരിക്കും.



ലാൽ വർഗീസ് കല്പകവാടി നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നു

# ദേശീയപതാക നിയമസഭാ സമുച്ചയത്തിൽ

നിയമസഭാ സമുച്ചയത്തിൽ ഉയർത്തിയിട്ടുള്ള ദേശീയപതാക കൈകാര്യം ചെയ്യുന്നത് പരമ്പരാഗതമായി അനുവർത്തിച്ചു വരുന്ന ചില നിയമങ്ങൾ ക്കനുസൃതമായാണ്. നിയമസഭാ മന്ദിരത്തിന്റെ മുൻഭാഗത്ത് തുറസായ സ്ഥലത്ത് പ്രദർശിപ്പിച്ചിട്ടുള്ള പതാക കാലാവസ്ഥാഭേദമെന്യേ എല്ലാ ദിവസവും രാവിലെ 6 മണിക്ക് ഉയർത്തുകയും വൈകുന്നേരം 6 മണിക്ക് താഴ്ത്തുകയും ചെയ്തുവരുന്നു. 6 അടി നീളവും 4 അടി വീതിയുമുള്ള ദേശീയപതാകയാണ് ഇവിടെ ഉപയോഗിക്കുന്നത്.

നിയമസഭാ സമുച്ചയത്തിൽ നിയോഗിച്ചിട്ടുള്ള സായുധ ഗാർഡ് വിഭാഗത്തിലെ ഒരു പോലീസ് സേനാംഗം, ഗാർഡിലെ അണ്ടർ കമാന്ററുടെയും വാച്ച് ആന്റ് വാർഡ് വിഭാഗത്തിലെ ഡ്യൂട്ടി സാർജന്റിന്റെയും സാന്നിധ്യത്തിലാണ് പതാക ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത്. അപ്രകാരം ചെയ്യുമ്പോൾ ദേശീയപതാകയ്ക്ക് അർഹമായ ആചാരവും നൽകുന്നു. വൈകുന്നേരം ദേശീയപതാക താഴ്ത്തിയതിനുശേഷം കയറിൽ നിന്ന് അഴിച്ച് മാറ്റാതെ ഫ്ളാഗ് പോസ്റ്റിനു സമീപത്ത് സ്ഥാപിച്ചിട്ടുള്ള പെട്ടിക്കുള്ളിൽ മടക്കിവച്ച് പൂട്ടി സൂക്ഷിക്കുന്നതാണ് ഇവിടത്തെ രീതി.

കേന്ദ്രമന്ത്രിയുടെ നിര്യാണത്തിൽ ദില്ലിയിലും, സംസ്ഥാന തലസ്ഥാനങ്ങളിലും ദേശീയപതാക താഴ്ത്തിക്കെട്ടാറുണ്ട്. ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറോ മുഖ്യമന്ത്രിയോ മരിച്ചാൽ അതത് സംസ്ഥാനങ്ങളിലും ദേശീയ പതാക താഴ്ത്തിക്കെട്ടാറുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കാണ് നിയമസഭാ സമുച്ചയത്തിലെ പതാക പകുതി താഴ്ത്തി കെട്ടാറുള്ളത്.

ഒരു രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നതോ പ്രതീകാത്മകമോ ആണ് അതിന്റെ ദേശീയപതാക. പതാകയുടെ മാതൃക, നിറം തുടങ്ങിയ ഘടകങ്ങൾ ആ രാജ്യത്തിന്റെ മാത്രം പ്രത്യേകതകളെ അടയാളപ്പെടുത്തുന്നു. ഓരോ രാജ്യത്തിന്റെ പതാകയും അതിന്റേതായ സംസ്കാരത്തെയും ചരിത്രത്തെയും പ്രതിനിധാനം ചെയ്യുന്ന സൂചകങ്ങളും ചിഹ്നങ്ങളും നിറങ്ങളും വഹിക്കുന്നു; അത് പൗരന്മാരിൽ സ്വാതന്ത്ര്യത്തിന്റെയും ദേശസ്നേഹത്തിന്റെയും സംതൃപ്തി പ്രദാനം ചെയ്യുന്നു. വിദേശശക്തികളുടെ മേൽക്കോയ്മയിൽ നിന്ന് മോചനം നേടിയ ഇന്ത്യയുടെ സ്വന്തം ദേശീയപതാകയും ഓരോ ഭാരതീയന്റെയും അഭിമാനമാണ്. പതാകയുടെ ചരിത്രം രാജ്യത്തിന്റെ സംസ്കാരികചരിത്രം കൂടിയാണ്. ദേശീയപതാക കൈകാര്യം ചെയ്യുന്നതിനും ഉയർത്തുന്നതിനും ഭരണഘടനയുടെ അനുഛേദം 19 (1) (എ) അവകാശം നൽകുന്നു. ത്രിവർണ്ണപതാക ഇന്നത്തെ രൂപത്തിൽ ആദരിക്കപ്പെടുന്നത് ഏറെ ചരിത്രവഴികൾ താണ്ടിയിട്ടാണ്.

സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപ് ഇന്ത്യയെ മുഴുവനായി പ്രതിനിധീകരിക്കുന്നതിന് ഒരു ദേശീയപതാക ഉണ്ടായിരുന്നില്ല. വംശം, കുലം, വർഗ്ഗം എന്നിങ്ങനെ അന്ന് നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയിൽ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അടിസ്ഥാനത്തിൽ കുലദൈവങ്ങളുടെയും നാട്ടുരാജാക്കൻമാരുടെയും ഇതിഹാസ നായകൻമാരുടെയും പ്രതീകങ്ങൾ പതാകകളായി ഉപയോഗിച്ചു. ബ്രിട്ടീഷുകാരുടെ ഭരണത്തിൽ ഇന്ത്യയിൽ ഏതാണ്ട് 565 നാട്ടുരാജ്യങ്ങളും അവയ്ക്ക് പ്രത്യേകം കൊടികളും രാജകീയചിഹ്നങ്ങളും ഉണ്ടായിരുന്നു.

സ്വാതന്ത്ര്യസമരപ്രസ്ഥാനം കരുത്താർജ്ജിച്ചപ്പോൾ ജനങ്ങളുടെ സ്വാതന്ത്ര്യാഭിവാഞ്ഛയ്ക്ക് കരുത്തു പകരാൻ ഒരു ദേശീയ പതാക ആവശ്യമാണെന്ന ആശയം രൂപപ്പെട്ടു. ഒന്നാം



ബഹദൂർഷാ

സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ 1857 മേയ് 10 ന് മീററ്റിൽ നിന്ന് ഡൽഹിയിലെത്തിയ ജനാവലി, മുഗൾ രാജാവ് ബഹദൂർഷായെ നേതാവായി പ്രഖ്യാപിച്ച് പച്ചയും സ്വർണ്ണവർണ്ണവും ചേർന്ന പതാക ചെങ്കോട്ടയിൽ ഉയർത്തിയതായും ആ കൊടിക്കീഴിൽ അവർ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയതായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

1885 ഡിസംബർ 28 ന് സ്വാതന്ത്ര്യം ലക്ഷ്യമിട്ട് ദേശീയതലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കുമ്പോഴും സ്വന്തമായ പതാക ഉണ്ടായിരുന്നില്ല. 1905 ൽ സ്വാമി വിവേകാനന്ദന്റെ ശിഷ്യയും അയർലൻഡ് സ്വദേശിയുമായിരുന്ന സിസ്റ്റർ നിവേദിത വജ്ര ചിഹ്നം ആലേഖനം ചെയ്ത സമചതുരാകൃതിയിലുള്ള പതാക തയ്യാറാക്കി. സിസ്റ്റർ നിവേദിതയുടെ പതാക എന്ന് ഇത് അറിയപ്പെട്ടു. 'വന്ദേമാതരം' എന്ന ബംഗാളിപദങ്ങളും അതിൽ രേഖപ്പെടുത്തിയിരുന്നു. പല ദേശീയ നേതാക്കൾക്കും ഈ പതാകയുടെ രൂപകല്പന സ്വീകാര്യമായെങ്കിലും. പൊതുജനങ്ങളുടെ ഇടയിൽ ഇതിന് വേണ്ടത്ര അംഗീകാരം ലഭിച്ചില്ല.

1906 ആഗസ്റ്റ് 7 ന് ബംഗാൾ വിഭജനത്തിനെതിരെ ഉയർന്ന പ്രക്ഷോഭങ്ങളുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് കൽക്കട്ടയിൽ സംഘടിപ്പിച്ച ബഹുജനറാലിയിൽ ഒരു ത്രിവർണ്ണപതാക ഉപയോഗിച്ചു. പച്ച, മഞ്ഞ, ചുവപ്പ് നിറങ്ങളിൽ മൂന്നു തിരശ്ചീന ഖണ്ഡങ്ങൾ ചേർന്നതായിരുന്നു പതാക.



പതാകയിൽ ഏറ്റവും താഴെയുള്ള ചുവന്ന ഖണ്ഡത്തിൽ സൂര്യനും ചന്ദ്രക്കലയും നടുവിൽ ദേവനാഗരി ലിപിയിലെ




സിസ്റ്റർ നിവേദിത

'വന്ദേമാതരം' എന്ന ആലേഖനവും ഏറ്റവും മുകൾ ഭാഗത്തെ പച്ച ഖണ്ഡത്തിൽ ബ്രിട്ടീഷ് ഇന്ത്യയുടെ എട്ടു പ്രവിശ്യകളെ പ്രതിനിധാനം ചെയ്യുന്ന പാതിവിരിഞ്ഞ എട്ടു താമരപ്പൂക്കളും ചിത്രീകരിച്ചിരുന്നു. 'കൽക്കട്ട പതാക' എന്നറിയപ്പെട്ടിരുന്ന ഈ പതാക സചീന്ദ്രപ്രസാദ് ബോസാണ് രൂപകല്പന ചെയ്തത്. 1906 ആഗസ്റ്റ് 7 ന് കൽക്കത്തയിൽ നടന്ന ബംഗാൾ വിഭജന വിരുദ്ധ പ്രക്ഷോഭത്തിന്റെ ഔദ്യോഗിക പതാകയായി ഇത് അംഗീകരിക്കപ്പെട്ടു. ഈ പതാക 1906 ലെ കോൺഗ്രസ് സമ്മേളനത്തിലും ഉപയോഗിച്ചു.

ദേശീയപതാകയുടെ ചരിത്രത്തിൽ സുവർണ്ണ





സചീന്ദ്രപ്രസാദ് ബോസ്

ലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു പേര് മാഡം ബിക്കാജികാമയുടേതാണ്. 1907 ഓഗസ്റ്റ് 22 ന് മാഡം ബിക്കാജികാമ ജർമ്മനിയിലെ സ്റ്റുറ്റ്ഗർട്ടിൽ നടന്ന രാജ്യാന്തര സോഷ്യലിസ്റ്റ് സമ്മേളനത്തിൽ 'ഇന്ത്യൻ ജനതയുടെ പതാക' എന്ന പേരിൽ ഒരു ത്രിവർണ്ണപതാക പ്രദർശിപ്പിച്ചു. മുസ്ലീങ്ങളെ പ്രതിനിധാനം ചെയ്യുന്ന പച്ച, ബുദ്ധമതക്കാരുടെയും സിക്കുകാരുടെയും പ്രതീകമായ സുവർണ്ണകുങ്കുമം, ഹിന്ദുക്കളുടെ പ്രതീകാത്മക വർണ്ണമായ കേസരി എന്നിവയായിരുന്നു പതാകയിലെ വർണ്ണങ്ങൾ. പച്ചനിറത്തിൽ എട്ടു താമരപ്പൂക്കളും നടുവിൽ ദേവനാഗരിലിപിയിലെ 'വന്ദേമാതരവും' താഴത്തെ ഖണ്ഡത്തിൽ കൊടിമരത്തിനടുത്ത ഭാഗത്തായി




മാഡം ബിക്കാജികാമ

ചന്ദ്രക്കലയും അഗ്രഭാഗത്ത് സൂര്യചിത്രവുമായിരുന്നു ആലേഖനങ്ങൾ. സ്റ്റുറ്റ്ഗർട്ടിൽ മാഡം കാമ ഉയർത്തിയ പതാക ഇന്ദുലാൽ യാജ്നിക് എന്ന വിപ്ലവകാരി ഇന്ത്യയിലെത്തിച്ചു. കുറക്കാലം രഹസ്യമായി സൂക്ഷിച്ച പതാക പിന്നീട് വിനായക് സവർക്കർ 1937 ഒക്ടോബർ 26 ന് പൂനെയിൽ പ്രദർശിപ്പിച്ചു.




ഇന്ദുലാൽ യാജ്നിക്

ഇന്ത്യക്ക് പുറത്ത് ദേശീയപതാക ഉപയോഗിച്ചതിന്റെ ചരിത്രം മാഡം കാമയിൽ അവസാനിക്കുന്നില്ല. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബർലിൻ സമിതിയിലെ ഇന്ത്യൻ വിപ്ലവകാരികൾ മാഡം കാമയുടെ ത്രിവർണ്ണപതാക ചില മാറ്റങ്ങളോടെ ഉപയോഗിച്ചു. എന്നാൽ ജർമനിയിൽ ഇത് അധികം പ്രദർശിപ്പിക്കപ്പെട്ടില്ല. ഇന്ത്യൻസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് അമേരിക്കയിൽ രൂപീകരിച്ച ഘദർ പാർട്ടിയിലും മൂവർണ്ണപതാകയാണ് ദേശീയപതാകയായി സ്വീകരിച്ചത്. പച്ച, മഞ്ഞ, ചുവപ്പ് എന്നീ വർണ്ണപ്പാളികളിൽ പരസ്പരം കുറുകെ വച്ചിരിക്കുന്ന രണ്ട് വാളുകളുടെ ചിത്രം ആലേഖനം ചെയ്ത പതാകയാണ് ചുരുങ്ങിയ കാലത്തേക്കാണെങ്കിലും ഉപയോഗിച്ചിരുന്നത്.



1916 ൽ ബാലഗംഗാധര തിലക്, ആനി ബസന്റ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഹോംറൂൾ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചപ്പോൾ അഞ്ച് ചുവന്ന വരകളും നാല് പച്ച വരകളും ഏഴു നക്ഷത്രങ്ങളും അടങ്ങിയ ഒരു പതാക സ്വീകരിച്ചു. ആ പതാകയുടെ ഇടതുവശത്ത് ഏറ്റവും മുകളിലായി യൂണിയൻ ജാക്ക് ആലേഖനം ചെയ്തു. മുകൾഭാഗത്ത് വെള്ളനിറത്തിൽ ചന്ദ്രക്കലയും നക്ഷത്രവും ചിത്രണം ചെയ്തിരുന്നു. 1917 ൽ കൽക്കട്ടയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ഈ പതാക ആദ്യമായി ഉപയോഗിച്ചു. യൂണിയൻ ജാക്ക് ആലേഖനം ചെയ്തതിലുള്ള അസംതൃപ്തി കൊണ്ടാകണം ഇന്ത്യൻ ജനതയ്ക്കിടയിൽ പതാകയ്ക്ക് വേണ്ടത്ര അംഗീകാരം കിട്ടാതെ പോയി.



1916 ന്റെ ആരംഭത്തിൽ ദേശീയപ്രസ്ഥാനത്തിന് ഒരു പൊതുവായ പതാക ആവശ്യമായി വന്നു. ആന്ധ്രപ്രദേശിലെ മച്ചലിപട്ടണം സ്വദേശിയായ പിംഗാളി വെങ്കയ്യ പതാക രൂപകല്പന ചെയ്യുകയും ഗാന്ധിജിയുടെ അംഗീകാരത്തിനായി സമീപിക്കുകയും ചെയ്തു. അതിന്റെ മാതൃക ഗാന്ധിജിക്കു സ്വീകാര്യമായില്ല. 1921 ഏപ്രിലിൽ കോൺഗ്രസ് സമ്മേളനം നടക്കുമ്പോൾ ഗാന്ധിജിയുടെ താല്പര്യപ്രകാരം ഇന്ത്യയുടെ സാമ്പത്തിക നവോത്ഥാനത്തിന്റെ പ്രതീകമായ ചർക്ക കൂടി ഉൾപ്പെടുത്തി മറ്റൊരു മാതൃകയും അദ്ദേഹം തയ്യാറാക്കി. എന്നാൽ ആ സമ്മേളനത്തിൽ പതാക ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടില്ല.




പിംഗാളി വെങ്കയ്യ

ദേശീയപതാകയ്ക്ക് അനുയോജ്യമായ രൂപകല്പന തയ്യാറാക്കുന്നത് പിന്നെയും തുടർന്നുകൊണ്ടിരുന്നു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ത്രിവർണ്ണപതാകയിൽ മുകളിൽ വെള്ള നിറവും നടുവിൽ പച്ചയും താഴെ ചുവപ്പുനിറവുമുള്ള മൂന്നു ഖണ്ഡങ്ങളും ചർക്കയുടെ ചിത്രം മൂന്നു ഖണ്ഡങ്ങളിലും വരത്തക്കവണ്ണം ഒരു മാതൃക തയ്യാറാക്കി. ഈ പതാക ദേശീയപ്രസ്ഥാനത്തിന്റെയും കോൺഗ്രസിന്റെയും ആദ്യത്തെ പൊതുവായ പതാകയായി കണക്കാക്കപ്പെടുന്നു. 1921 ലെ അഹമ്മദാബാദ് കോൺഗ്രസ് സമ്മേളനത്തിൽ ഇത് ആദ്യമായി ഉപയോഗിച്ചു. രാജ്യമൊട്ടാകെ ജനങ്ങൾ നെഞ്ചേറ്റിയ ഈ ചർക്ക പതാക പലേടങ്ങളിലും ഉയർന്നു. 1922 ൽ ജബൽപൂർ മുനിസിപ്പാലിറ്റി ഭരിച്ചിരുന്ന കോൺഗ്രസുകാർ ടൗൺ ഹാളിനു മുകളിൽ പതാക ഉയർത്തിയപ്പോൾ ഭരണകൂടം എതിർത്തു. ആ സമയത്ത് രാജ്യദ്രോഹപരമായ ലേഖനമെഴുതി എന്ന കുറ്റം ആരോപിച്ച് ഗാന്ധിജി യെ ജയിലിലടച്ചത് ജനങ്ങളെ രോഷാകുലരാക്കി. ത്രിവർണ്ണപതാകയുമേന്തി അവർ രാജ്യമൊട്ടാകെ പ്രതിഷേധം നടത്തി.



1924 ൽ കൽക്കട്ടയിൽ നടന്ന അഖിലേന്ത്യ സംസ്കൃത കോൺഗ്രസിലും പതാകയെ സംബന്ധിച്ച് പരാമർശം ഉണ്ടായി. ഹൈന്ദവ പ്രതീകങ്ങളായ കാവി നിറവും ഗദയുടെ ചിത്രവും

ഉൾപ്പെടുത്തണമെന്ന് ആ വിഭാഗത്തിലുള്ളവർ ആവശ്യപ്പെട്ടു. തങ്ങളുടേതായ മതപരമായ പ്രതീകങ്ങൾ ഉൾപ്പെടുത്തണമെന്ന ആവശ്യം വിവിധ മതപ്രതിനിധികൾ ഉന്നയിച്ചു. പതാക സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ ഉണ്ടാകാത്തതിനെ തുടർന്ന് 1931 ഏപ്രിൽ 2 ന് ഡോ. ബി. പട്ടാഭി സീതാരാമയ്യ കൺവീനറായി ഏഴംഗ പതാകാ സമിതിയെ നിയോഗിച്ചു.



ഡോ.ബി.പട്ടാഭി സീതാരാമയ്യ



സമിതി നിർദ്ദേശിച്ച, കുങ്കുമവർണ്ണത്തിൽ ചർക്ക ആലേഖിതമായ രൂപകല്പനയും എല്ലാവർക്കും സ്വീകാര്യമായില്ല. ഒരു ദശകത്തിലധികമായി ദേശീയപ്രസ്ഥാനത്തിന് ഉത്തേജനം പകർന്ന പതാക തുടരണമെന്ന് ബഹുഭൂരിപക്ഷവും അഭിപ്രായപ്പെട്ടു. 1929 ലെ ലാഹോർ കോൺഗ്രസിലും ത്രിവർണ്ണപതാക ഉയർത്തിയാണ് 'പൂർണ്ണസ്വരാജ്' എന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത്. കേസരി, വെളുപ്പ്, പച്ച എന്നീ നിറങ്ങളും നീലനിറത്തിലെ ചർക്കയുമുള്ള പതാക ദേശീയപതാകയായി 1931 ലെ കോൺഗ്രസ് സമ്മേളനം പ്രഖ്യാപിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനും അതോടെ പതാക നിലവിൽ വന്നു. 1931 ആഗസ്റ്റ് 30 പതാകദിനമായി ആചരിക്കുന്നതിനും തീരുമാനമായി. പിന്നീട് നടന്ന എല്ലാ ദേശീയപ്രസ്ഥാന യോഗങ്ങളിലും ചടങ്ങുകളിലും സമരമുഖത്തും ഈ പതാക ഉപയോഗിച്ചു.



1942 ൽ ക്വിറ്റ് ഇന്ത്യ സമരം പ്രഖ്യാപിച്ചതോടെ ദേശീയ നേതാക്കളെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു. ആഗസ്റ്റ് 9 ന് മുംബൈയിലെ ഗോവാലിയടാങ്ക് മൈതാനത്ത് ജനങ്ങൾ തടിച്ചുകൂടിയപ്പോൾ അരുണ ആസഫ് അലി ത്രിവർണ്ണപതാക ഉയർത്തിയത് വലിയ പ്രശ്നങ്ങൾക്ക് വഴി തെളിച്ചു. സമ്മേളനം നിരോധിച്ച് ലാത്തിച്ചാർജ് നടത്തി. പതാക ഉയർത്തുന്നത് നിയമലംഘനമായി പ്രഖ്യാപിക്കപ്പെട്ടു.

ഭരണഘടനാ നിർമ്മാണസഭ 1947 ജൂൺ 23 ന് സ്വതന്ത്ര



ഇന്ത്യയുടെ പതാക എപ്രകാരമായിരിക്കണമെന്ന് പഠിക്കുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തി. ചർക്കക്കു പകരം അശോക ചക്രവർത്തിയുടെ ധർമ്മചക്രം ഉൾപ്പെടുത്തിയ മാറ്റം സംബന്ധിച്ച പ്രമേയം 1947 ജൂലൈ 22 ന് ജവഹർലാൽ നെഹ്റു ഭരണഘടനാ നിയമനിർമ്മാണ സഭയിൽ അവതരിപ്പിച്ചു.

1947 ആഗസ്റ്റ് 14 ന് രാത്രി ഭരണഘടനാ നിർമ്മാണസഭ




ദേശീയ പതാകയ്ക്ക് സുസ്വാഗതം

സമ്മേളിച്ച് ഇന്ത്യയുടെ ഭരണം വൈസ്രോയിയിൽ നിന്ന് ഏറ്റെടുക്കുന്നതായി പ്രഖ്യാപിച്ചപ്പോൾ പതാക ഉയർത്തിയില്ല. രാത്രിയിൽ പതാക ഉയർത്തരുതെന്ന കീഴ്വഴക്കം മാനിച്ചായിരുന്നു അത്. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗമായ ഹൻസ മേഹ്ത രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന് പുതിയ പതാക കൈമാറി. തൊട്ടടുത്ത ദിവസം രാവിലെ ഇന്നത്തെ രാഷ്ട്രപതിഭവനിൽ ഗവർണർ ജനറൽ മൗണ്ട് ബാറ്റൻ പുതിയ മന്ത്രിസഭയ്ക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തപ്പോൾ പതാക പ്രദർശിപ്പിച്ചു. അന്നുതന്നെ പാർലമെന്റ് മന്ദിരത്തിൽ മൗണ്ട് ബാറ്റൻ അംഗങ്ങളെ അഭിസംബോധന ചെയ്തതിനുശേഷം ആചാരവെടിയോടെ ത്രിവർണ്ണപതാക മന്ദിരത്തിന് മുകളിൽ ഉയർത്തി. ആഗസ്റ്റ് 16 ന് പ്രധാനമന്ത്രി നെഹ്റു ചെങ്കോട്ടയിൽ പുതിയ പതാക ഉയർത്തി ജനങ്ങളോട് സംസാരിച്ചു.

ഭാരതം റിപ്പബ്ലിക് ആയതിനുശേഷം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്, പതാകയുടെ നിർമ്മാണം സംബന്ധിച്ച് ആദ്യമായി മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. പതാകയുടെ അളവുകൾ, ചായത്തിന്റെ നിറം, ഇഴയെണ്ണം തുടങ്ങിയ അവശ്യഘടകങ്ങളെക്കുറിച്ച് 1968 ആഗസ്റ്റ് 17 ന് ഭേദഗതി വരുത്തിയ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വന്നു. പതാകയുടെ പ്രദർശനത്തെയും ഉപയോഗത്തെയും നിയന്ത്രിക്കുന്നത് 2002 ലെ ഇന്ത്യൻ പതാകനിയമം ആണ്. പതാകയുമായി ബന്ധപ്പെട്ട് 1950-ലെ എംബ്ലംസ് ആന്റ് നെയിംസ് (പ്രിവൻഷൻ ഓഫ് ഇംപ്രോപ്പർ യൂസ്) ആക്ട്, 1971-ലെ പ്രിവൻഷൻ ഓഫ് ഇൻസൾട്ട്സ് ടു നാഷണൽ ഡിസോണർ ആക്ട് എന്നിവയും പാലിക്കുന്നു. ദേശീയ പതാകയുമായി ബന്ധപ്പെട്ട അനാദരവുകൾക്ക് ശിക്ഷയായി മൂന്നു വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടെയോ ലഭിക്കാവുന്നതാണ്.

2002 ന് മുമ്പുവരെ ഇന്ത്യയിലെ പൊതുജനങ്ങൾക്ക് ദേശീയപ്രാധാന്യമുള്ള ചില നിശ്ചിതദിവസങ്ങളിലല്ലാതെ ദേശീയപതാക പ്രദർശിപ്പിക്കുന്നതിന് അനുമതിയുണ്ടായിരുന്നില്ല. എന്നാൽ നവീൻ ജിണ്ടാൽ എന്ന വ്യവസായി ഇതിനെതിരെ ഡൽഹി ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി സമർപ്പിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഓഫീസിന്റെ മുകളിലായി ദേശീയപതാക ഉയർത്തി. അത് ദേശീയപതാക നിയമത്തിനനുസൃതമല്ലാത്തതിനാൽ നിയമനടപടികൾക്ക് വിധേയമാകുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ദേശീയപതാകയെ ആദരവോടെ ഉചിതമായ വിധത്തിൽ പ്രദർശിപ്പിക്കുന്നത് ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ തന്റെ അവകാശമാണെന്നും രാജ്യസ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണെന്നും ജിണ്ടാൽ വാദിച്ചു. ഈ കേസ് സുപ്രീംകോടതിയുടെ പരിഗണനയിൽ വന്നു. ഇതു സംബന്ധിച്ച് പഠിക്കാനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് കോടതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. തുടർന്ന് 2002 ജനുവരി 26 ന് ഇന്ത്യയിലെ പൊതുജനങ്ങൾക്ക് ദേശീയപതാകയെ അതിന്റെ അന്തസിനും ബഹുമാനത്തിനും കോട്ടം തട്ടാത്ത വിധത്തിൽ പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകുന്ന നിയമനിർമ്മാണം നടത്തി. ദേശീയപതാകയുടെ പ്രചാരത്തിനായി നവീൻ ജിൻഡാൽ ഫ്ളാഗ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ എന്ന സംഘടനയ്ക്ക് രൂപം നൽകി.



നവീൻ ജിണ്ടാൽ

**(തയ്യാറാക്കിയത് മനേഷ് കുമാർ ആർ എസ്.)**



# വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ സമിതി യോഗങ്ങൾ

കോവിഡ് 19 ന്റെ വ്യാപനം ജനങ്ങളുടെ നിത്യജീവിതത്തിനുതന്നെ ഭീഷണിയായിത്തീർന്ന സാഹചര്യത്തിൽ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ഈ സാഹചര്യത്തിൽ നിയമസഭയ്ക്കും നിയമസഭയുടെ മിനിയേച്ചർ ആയ നിയമസഭാ സമിതികൾക്കും ചട്ട പ്രകാരം യോഗം ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഭരണഘടനാ സ്ഥാപനങ്ങൾ നിശ്ചലമായി പോകുന്ന അവസ്ഥ ജനാധിപത്യവ്യവസ്ഥിതിയ്ക്കുതന്നെ ഭീഷണിയാകും എന്നതിനാൽ കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി സമിതികളുടെ യോഗം ചേരണമെന്ന് സ്പീക്കർ നിർദ്ദേശം നൽകുകയുണ്ടായി. സമിതി യോഗത്തിൽ ക്വാറം ഉണ്ടാകണമെന്നും യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത അംഗങ്ങൾക്ക് ഓൺലൈൻ ആയി പങ്കെടുക്കുന്നതിനുള്ള അവസരം നൽകണമെന്നും ഇപ്രകാരം പങ്കെടുക്കുന്ന അംഗങ്ങളുടെ അഭിപ്രായങ്ങൾ പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തണമെന്നുള്ള വ്യവസ്ഥയ്ക്കും സ്പീക്കർ അനുമതി നൽകി.

സാമൂഹിക അകലം പാലിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നേരിട്ട് മീറ്റിംഗിൽ പങ്കെടുക്കുവാൻ സാധിക്കാത്ത സാമാജികർക്ക് portable മൊബൈൽ ഡിവൈസുകൾ/ഐപാഡ്/ലാപ്ടോപ്/ (computer/webcam/mic) എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് യാത്രാവേളയിലോ സ്വന്തം വസതിയിൽ നിന്നോ സമിതി യോഗത്തിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിൽ ഐ.റ്റി.മിഷൻ സജ്ജീകരിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തോടൊപ്പം ഗൂഗിൾ മീറ്റ്, insta VC എന്നീ സങ്കേതങ്ങളുപയോഗിച്ചുള്ള ക്രമീകരണങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തി. പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തി കക്ഷിനേതാക്കളുടെ യോഗം, സ്പീക്കറുടെ വിവിധ പരിപാടികൾ, വിഷയ നിർണ്ണയ സമിതികൾ ഉൾപ്പെടെ നിയമസഭാ സമിതികളുടെ യോഗങ്ങൾ, ആരോഗ്യ വകുപ്പിന്റെ കോവിഡ് അവലോകന യോഗങ്ങൾ എന്നിവയും നടത്തുകയുണ്ടായി.

ഒരേ ദിവസം ഒന്നിലധികം സമിതികൾക്ക് യോഗം ചേരുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ഐ.റ്റി. മിഷന്റെ സാങ്കേതിക സഹായത്താൽ സജ്ജീകരിച്ച വീഡിയോ കോൺഫറൻസ് ഹാൾ കൂടാതെ 5A, 5E, 5D, 110 കോൺഫറൻസ് ഹാളുകളിൽകൂടി വീഡിയോകോൺഫറൻസിങ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

ഇപ്രകാരം വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും ഭരണഘടനാബാധ്യതകൾ നിറവേറ്റുന്നതിന് കേരള നിയമസഭയ്ക്ക് സാധിച്ചു.

(...തുടർച്ച പേജ് 1)



# സഭാ ടി.വി. ഒരു സമ്പൂർണ്ണ ചാനലായി മാറും

ജനാധിപത്യത്തിന്റെ വൈവിധ്യമാർന്ന ഭാവവും ഉള്ളടക്കവും പൊതുസമൂഹത്തിനും വിദ്യാർത്ഥികൾക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇന്ത്യയിലെ സംസ്ഥാന നിയമസഭകളുടെ ചരിത്രത്തിൽ ആദ്യമായി ടെലിവിഷൻ ചാനൽ സംരംഭം കേരള നിയമസഭയിൽ സഭാ ടി.വി. എന്ന പേരിൽ തുടക്കം കുറിച്ചു. 'സഭാ ടി.വി'.യുടെ ഔദ്യോഗിക ഉദ്ഘാടനം 2020 ആഗസ്റ്റ് 17 (1196 ചിങ്ങം 1) ഉച്ചയ്ക്ക് 12.00 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ ലോക്സഭാ സ്പീക്കർ ഓം ബിർള വീഡിയോ കോൺഫറൻസിംഗ് മുഖേന നിർവ്വഹിച്ചു. തദവസരത്തിൽ നിയമസഭാ സ്പീക്കറുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയനും നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റിന്റെ ഉദ്ഘാടനം പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എ.കെ. ബാലനും നിർവ്വഹിച്ചു. സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി സ്വാഗതപ്രസംഗം നടത്തി.

ചടങ്ങിൽ റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മാത്യു ടി.തോമസ് എം.എൽ.എ., ഒ.രാജഗോപാൽ എം.എൽ.എ., പി.സി.ജോർജ്ജ് എം.എൽ.എ., വീണാ ജോർജ്ജ് എം.എൽ.എ. സഭാ ടി.വി.മീഡിയാ കൺസൽട്ടന്റ് വെങ്കിടേശ്വരൻ രാമകൃഷ്ണൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ നിയസഭാ സെക്രട്ടറി കൃതജ്ഞത അർപ്പിച്ചു.

തദവസരത്തിൽ നാളിതുവരെയുള്ള പതിനാല് കേരള നിയമസഭകളുടെ ചരിത്രം പ്രതിപാദിക്കുന്ന ഹ്രസ്വ വീഡിയോയും സഭാ ടി.വി.യുടെ വിവിധ സെഗ്മെന്റുകളെ കുറിച്ചുള്ള വീഡിയോയും പ്രദർശിപ്പിച്ചു.





# 65 വയസ്സ് കഴിഞ്ഞവർക്കും കോവിഡ് രോഗികൾക്കും പോസ്റ്റൽ വോട്ട്

**ആർ കിഷോർ കുമാർ**, സ്പെഷ്യൽ സെക്രട്ടറി

ലോക്സഭയിലേയ്ക്കും സംസ്ഥാന നിയമസഭ യിലേക്കുമുള്ള തെരഞ്ഞെടുപ്പുകളിൽ 65 വയസ്സ് കഴിഞ്ഞവർക്കും കോവിഡ് രോഗികൾക്കും കോവിഡ് ബാധിച്ചതായി സംശയിക്കപ്പെട്ട് നിരീക്ഷണത്തിൽ കഴിയുന്നവർക്കും തപാൽ വോട്ട് ചെയ്യാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ സൗകര്യമൊരുക്കിയിരിക്കുന്നു. ഇതിനായി 1961 ലെ തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി കേന്ദ്ര നിയമ നീതിന്യായ മന്ത്രാലയം കമ്മീഷനുമായി ആലോചിച്ച് 2020 ജൂൺ 19 ന് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇനിവരുന്ന തെരഞ്ഞെടുപ്പുകളിൽ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്താമെന്ന കാര്യം പ്രായോഗികമായ എല്ലാ വശങ്ങളും പരിശോധിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിക്കും.

തെരഞ്ഞെടുപ്പു ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്മാർക്ക് തപാൽ വോട്ട് ചെയ്യൽ അനുവദനീയമാണ്. മറ്റാർക്കൊക്കെ തപാൽ ബാലറ്റ് അനുവദനീ യമാണെന്ന് പരിശോധിക്കാം. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ (RP Act, 1951) വകുപ്പ് 60 ൽ ചില വിഭാഗം വ്യക്തികൾ വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക നടപടിക്രമം എന്തെന്ന് വ്യവസ്ഥ ചെയ്യുന്നു. സർവ്വീസ് വോട്ടർമാരെന്ന് പൊതുവായി വിവക്ഷിക്കുന്നത് വിവിധ സുരക്ഷാ സേനകളിൽ സേവനമനുഷ്ഠിക്കുന്നവർക്കും, രാജ്യത്തിന്റെ സുരക്ഷാ സേനകളിൽ സേവനം ചെയ്യുന്നവർക്കും (ഉദാ: സി.ആർ.സി.എഫ് ബി.) ആർമി ആക്ട് നടപ്പാക്കിയിരിക്കുന്ന സേനകളിൽ സേവനം ചെയ്യുന്നവർക്കും നേരിട്ടോ തപാൽ ബാലറ്റിലൂടേയോ പ്രോക്സി വഴിയോ വോട്ടവകാശം വിനിയോഗിക്കാം. വിദേശരാജ്യത്ത് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തികൾക്കും സംസ്ഥാനത്തിന്റെ പുറത്ത് സേവനമനുഷ്ഠിക്കുന്ന സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾക്കും നേരിട്ടോ അല്ലെങ്കിൽ തപാൽ ബാലറ്റിലൂടെയോ വോട്ടവകാശം വിനിയോഗിക്കാം. സർവ്വീസ് വോട്ടർമാരുടെ ഭാര്യമാർ സ്ഥിരമായി അവരുടെ ഉദ്യോഗ സ്ഥലത്ത് കൂടെ താമസിക്കുകയാണെങ്കിൽ അവർക്കും തപാൽ ബാലറ്റിന് അവകാശമുണ്ട്. (എന്നാൽ സർവ്വീസ് വോട്ടർ വനിതയാണെങ്കിൽ ഭർത്താവിന് ഈ ആനുകൂല്യം ഉള്ളതായി നിയമത്തിൽ പ്രതിപാദിക്കുന്നില്ല. 'വൈഫ് ' എന്നാണ് നിയമത്തിലുള്ളത്. spouse എന്നാക്കിയാലേ ഭർത്താവിന് ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.) മേൽപറഞ്ഞ സർവ്വീസ് വോട്ടർമാരോടൊപ്പം ചില വിഭാഗങ്ങൾക്ക് തപാൽ ബാലറ്റ് സൗകര്യം നൽകുന്ന വ്യവസ്ഥ 1951 ലെ നിയമത്തിന്റെ വകുപ്പ് 60 (ബി) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1951 ലെ ജനപ്രാതിനിധ്യനിയമത്തിലെ വകുപ്പ് 60(ഡി) യിലെ വ്യവസ്ഥക്കനുസൃതമായി കേന്ദ്ര നിയമനീതിന്യായ മന്ത്രാലയം 2019 ഒക്ടോബർ 22-ാം തീയതി പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം എൺപത് വയസ്സ് കഴിഞ്ഞവർക്കും അംഗവൈകല്യമുള്ളവർക്കും ചട്ടപ്രകാരം തപാൽ ബാലറ്റിന് അപേക്ഷിക്കാവുന്നതാണ്. ഝാർഖണ്ഡ് നിയമസഭയിലേക്ക് 2019 നവംബർ- ഡിസംബർ മാസങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ കമ്മീഷൻ വിജ്ഞാപനം ചെയ്ത പ്രകാരം ഏതാനും നിയോജകമണ്ഡലങ്ങളിലെ മേല്പറഞ്ഞ വിഭാഗങ്ങളിലുള്ളവർക്ക് തപാൽ ബാലറ്റ് നൽകുകയുണ്ടായി. കോവിഡ് 19 എന്ന മഹാമാരി രാജ്യത്തെങ്ങും സഞ്ചാരസ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് കണക്കിലെടുത്താണ് 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും കോവിഡ് രോഗികൾക്കും രോഗബാധിതരായി സംശയിക്കപ്പെടുന്നവർക്കും തപാൽ ബാലറ്റ് ചെയ്യാനുള്ള സൗകര്യം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥൻമാർക്ക് മാത്രമാണ് തപാൽ ബാലറ്റിന് അപേക്ഷിക്കാവുന്നത്. മേല്പറഞ്ഞ രീതിയിൽ പ്രായാധിക്യമുള്ളവർക്കും കോവിഡ് രോഗികൾക്കും തപാൽ/പ്രോക്സി വോട്ട് അനുവദിക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലാണെന്നാണ് മാധ്യമവാർത്തകൾ സൂചിപ്പി ക്കുന്നത്. നിയമഭേദഗതിയടക്കമുള്ള കാര്യങ്ങളിൽ സംസ്ഥാന സർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്

## നിയമസഭാ വാർത്തകൾ



### നിറപുത്തരിക്ക് നിയമസഭാവളപ്പിലെ നെൽക്കതിരുകൾ

ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ നിറപുത്തരി ചടങ്ങിനായി നിയമസഭാ വളപ്പിൽ വിളവെടുത്ത നെൽക്കതിരുകൾ ആഗസ്റ്റ് 7 ന് രാവിലെ നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ തിരുവനന്തപുരം മേയർ കെ.ശ്രീകുമാറിന് കൈമാറി. 'ശ്രേയസ്' ഇനത്തിൽപ്പെട്ട നെൽക്കതിരുകളാണ് നിയമസഭാസമുച്ചയത്തിലെ കരനെൽകൃഷിയിടത്തിൽ വിളഞ്ഞത്. കഴിഞ്ഞ വർഷവും നിറപുത്തരിക്ക് നെൽക്കതിർ നൽകിയിരുന്നു.

### കോവിഡ് കാലത്തെ സമിതിയോഗം

കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, നിയമസഭാ സമിതികൾ യോഗം ചേരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. നിയമസഭാ സമുച്ചയത്തിൽ ചേരുന്ന യോഗത്തിന് സഭയുടെ നടപടിക്ര മവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം ക്വാറം ഉണ്ടായിരിക്കേണ്ടതും യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്ത അംഗങ്ങൾക്ക് ഓൺലൈൻ ആയി പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഐ.ടി.വിഭാഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ടതുമാണ്. ഓൺലൈൻ ആയി പങ്കെടുക്കുന്ന അംഗങ്ങളുടെ അഭിപ്രായങ്ങൾ യോഗനടപടിക്കുറിപ്പിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ്പീക്കറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

### നിയമസഭാ സാമാജികർക്ക് വെബിനാർ

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ മന്ദിരത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ സാമാജികർക്കായി "കോവിഡ് - അനുഭവവും കരുതലും' എന്ന വിഷയത്തിൽ 2020 ജൂൺ 30 ന് രാവിലെ 11.00 മണിയ്ക്ക് Google Meet പ്ലാറ്റ്ഫോമിലൂടെ വെബിനാർ




സംഘടിപ്പിച്ചു. ഡെപ്യൂട്ടി സ്പീക്കർ വി. ശശി സ്വാഗതം ആശംസിച്ച പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. ആരോഗ്യ വകുപ്പുമന്ത്രി കെ. കെ. ശൈലജ ടീച്ചർ മുഖ്യപ്രഭാഷണം നടത്തിയ പരിപാടിയിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖൊബ്രഗഡെ വിഷയം അവതരിപ്പിച്ച് സംസാരിച്ചു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ആരോഗ്യ വിദഗ്ദ്ധർ മുതലായവർ സംബന്ധിച്ച വെബിനാറിൽ സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിന്നും ഗൂഗിൾ മീറ്റിലൂടെ സാമാജികർ പങ്കെടുക്കുകയും തങ്ങളുടെ അനുഭവങ്ങളും ആശങ്കകളും പങ്കുവയ്ക്കുകയും ചെയ്തു.

കോവിഡ് 19 സൃഷ്ടിച്ച ആഘാതത്തിൽ നിന്നും അതിജീവനത്തിന്റെ പുതിയ പാതകൾ കണ്ടെത്തണമെന്ന് സ്പീക്കർ പറഞ്ഞു. സാമൂഹിക ജീവിതത്തിൽ ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകൾ സാധാരണക്കാർക്ക് കൂടി ലഭ്യമാക്കാൻ ജനപ്രതിനിധികൾ ശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡിജിറ്റൽ ജനാധിപത്യം സ്ഥാപിക്കാനാവശ്യമായ സാഹചര്യത്തിലാണ് ഇന്ന് സമൂഹമെന്നും, അധ്യയനം, യോഗങ്ങൾ എന്നിവയിൽ മാത്രമല്ല സേവന മേഖലകളിലും സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്നും ഡിജിറ്റൽ വിഭജനത്തിന് അവസരം നൽകാതെ ഏവർക്കും സാങ്കേതിക വിദ്യ ലഭ്യമാക്കണമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ സംഘടനാ സാന്ദ്രതയുടെ ശക്തി കൊണ്ടും കക്ഷിരാഷ്ട്രീയത്തിനതീതമായി ഏവരും പ്രവർത്തിച്ചതുകൊണ്ടും മൂന്ന് ലക്ഷത്തോളം കുടുംബങ്ങൾക്ക് ലോക്ഡൗണിൽ ഭക്ഷണം നൽകാനായെന്നും സാമൂഹിക അകലമല്ല മറിച്ച് ശാരീരിക അകലം പാലിച്ച് സാമൂഹിക ഒരുമ കൈവരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിലും എം.എൽ.എ. മാർ ആത്മാർത്ഥമായി പ്രവർത്തിച്ചതായും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ മാത്രം പ്രത്യേകതയായ സംഘടിത കൂട്ടായ്മകൾ നിസ്സീമമായ സഹകരണമാണ് നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വികസിത രാജ്യങ്ങൾ പോലും കോവിഡിന് മുന്നിൽ മുട്ടുമടക്കിയപ്പോൾ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ വിജയകരമായി മുന്നേറുവാൻ കേരളത്തെ പ്രാപ്തമാക്കിയത് സർക്കാർ ഏജൻസികളുടെ ചിട്ടയായ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകൾ നൽകിയ ആത്മാർത്ഥമായ സഹകരണമാണെന്ന് അദ്ദേഹം വിലയിരുത്തി.

കോവിഡ് പ്രതിരോധത്തിൽ സംസ്ഥാനം നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആരോഗ്യവകുപ്പുമന്ത്രി ആമുഖമായി സൂചിപ്പിച്ചു. മുൻകൂട്ടിയുള്ള തയ്യാറെടുപ്പും കരുതലും കോവിഡ് സങ്കീർണ്ണമാകുന്നത് നിയന്ത്രിക്കാൻ കേരളത്തെ സഹായിച്ചതായി മന്ത്രി പറഞ്ഞു. കോവിഡ് രോഗനിർണ്ണയത്തിലും സ്വീകരിക്കേണ്ട ചികിത്സാരീതിയുടെ കാര്യത്തിലും മുൻപ് നിലനിന്നിരുന്ന അവ്യക്തത ഏറെക്കുറെ മാറിയിട്ടുണ്ടെന്നും ആയതിന്റെ വെളിച്ചത്തിൽ കോവിഡ് പ്രതിരോധം ഊർജ്ജിതമാക്കുവാനും രോഗവ്യാപനം രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കിൽ കൊണ്ടുവരുവാനും സാധിച്ചുവെന്നും ആരോഗ്യവകുപ്പുമന്ത്രി അറിയിച്ചു.

കോവിഡ് കാലത്ത് ആരോഗ്യ വകുപ്പ് തുടക്കം മുതൽ സ്വീകരിച്ച പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.രാജൻ എൻ. ഖോബ്രഗഡെ വിശദീകരിച്ചു. ഓരോ മണ്ഡലത്തിലെയും പ്രവർത്തനങ്ങളും നിലവിൽ നേരിടുന്ന പ്രശ്നങ്ങളും സാമാജികർ അവതരിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്ത സാമാജികരുടെ സംശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും ആരോഗ്യവകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും മറുപടി പറഞ്ഞു.

നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് ഡയറക്ടർ ഡോ. രത്തൻ യു. ഖേൽക്കർ, കേരള സ്റ്റേറ്റ് എക്സ്പർട്ട് കമ്മിറ്റി ഓൺ കോവിഡ് 19 മാനേജ്മെന്റ് ചെയർമാൻ ഡോ. ബി. ഇക്ബാൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.ആർ.എൽ.സരിത, മെഡിക്കൽ ബോർഡ് ചെയർമാൻ ഡോ.എ.സന്തോഷ് കുമാർ, സി.പി.എസ്.ടി.യുടെ ചുമതലയുള്ള അഡീഷണൽ സെക്രട്ടറി എസ്.ബിന്ദു എന്നിവരും പരിപാടിയിൽ പങ്കെടുത്തു. സി.പി.എസ്.ടി.യുടെ ഡെപ്യൂട്ടി സെക്രട്ടറി വി.ജി.റിജു പരിപാടിയിൽ മോഡറേറ്ററായിരുന്നു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ കൃതജ്ഞത രേഖപ്പെടുത്തി.

# ഓൺലൈനായി മന്ത്രിസഭാ യോഗം



കോവിഡ് വ്യാപനത്തെ തുടർന്ന് സംസ്ഥാന മന്ത്രിസഭാ യോഗം ആദ്യമായി ഓൺലൈനിൽ ചേർന്നു. ജൂലൈ 27 ന് ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗമാണ് ചരിത്രത്തിന്റെ ഭാഗമായത്. തിരുവനന്തപുരം നഗരത്തിൽ കോവിഡ് രോഗവ്യാപനം ഗുരുതരമായി തുടരുന്ന സാഹചര്യത്തിലാണ് യോഗം ഓൺലൈനിലാക്കിയത്. മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിലിരുന്ന് യോഗം നിയന്ത്രിച്ചു. മന്ത്രിമാരായ ടി.എം.തോമസ് ഐസക്, ജെ.മേഴ്സിക്കുട്ടിയമ്മ, കടന്നപ്പള്ളി രാമചന്ദ്രൻ, ജി.സുധാകരൻ, പി.തിലോത്തമൻ എന്നിവർ മുഖ്യമന്ത്രിയുടെ ഓഫീസിനു സമീപമുള്ള കോൺഫറൻസ് ഹാളിൽ നിന്നും വൈദ്യുത വകുപ്പുമന്ത്രി എം.എം.മണി സെക്രട്ടേറിയറ്റ് അനക്സിലെ ഓഫീസിൽ നിന്നും പാർലമെന്ററികാര്യ വകുപ്പുമന്ത്രി എ.കെ.ബാലൻ ഔദ്യോഗിക വസതിയിൽനിന്നും യോഗത്തിൽ പങ്കെടുത്തു. ജലവിഭവ വകുപ്പുമന്ത്രി കെ.കൃഷ്ണൻകുട്ടി പാലക്കാട് കളക്ടറേറ്റിൽ നിന്നും ഗതാഗത വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ കോഴിക്കോട്ടു നിന്നും യോഗത്തിൽ പങ്കെടുത്തു. രാവിലെ 10.30 നു തുടങ്ങിയ യോഗം 11.30 ഓടെ അവസാനിച്ചു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ യോഗങ്ങൾ പരമാവധി ഓൺലൈനായി കൂടാൻ നേരത്തെ തീരുമാനിച്ചിരുന്നു. മന്ത്രിമാർ വിവിധ ജില്ലകളിൽ തങ്ങി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനാൽ കൂടിയാണ് മന്ത്രിസഭാ യോഗം ഓൺലൈനിൽ ചേരാൻ തീരുമാനിച്ചത്. 'കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ' വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്ന ഓർഡിനൻസ് മന്ത്രിസഭാ യോഗം അംഗീകരിച്ചു. ധനബില്ലിലെ നിർദ്ദേശങ്ങൾക്ക് രണ്ടുമാസം കൂടി പ്രാബല്യം ഉറപ്പുവരുത്താനാണ് പ്രസ്തുത ഓർഡിനൻസ്. ധനബില്ലിന്റെ കാലാവധി ജൂലൈ 29 ന് അവസാനിക്കുന്നതിനാലും, കോവിഡ് വ്യാപനത്തെ തുടർന്ന് നിയമസഭാ സമ്മേളനം ചേരാൻ കഴിയാത്തതിനാലുമാണ് ധനബിൽ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനുള്ള സമയപരിധി 180 ദിവസമായി ഉയർത്തി ഓർഡിനൻസ് പുറപ്പെടുവിച്ചത്.

ഓൺലൈൻ മന്ത്രിസഭാ യോഗത്തിനായി ഡിജിറ്റൽ ഹാജർ ഉൾപ്പെടുത്തിയും ക്വാറം തികയാൻ അമ്പത് ശതമാനം പേരെങ്കിലും ഹാജരാകണമെന്ന ചട്ടത്തിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയുമാണ് യോഗം ചേർന്നത്. മന്ത്രിമാർക്ക് ഓൺലൈനായി പങ്കെടുക്കാൻ പ്രത്യേക ലിങ്ക് നൽകിയിരുന്നു. ഐ.ടി വകുപ്പാണ് സംവിധാനം ഒരുക്കിയത്.

## ഉപതെരഞ്ഞെടുപ്പുകൾ ഒഴിവാക്കി

കേരളനിയമസഭയിൽ ഒഴിവുണ്ടായിരുന്ന രണ്ടുസീറ്റുകളിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതില്ലെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്ന തോമസ് ചാണ്ടി, ചവറ മണ്ഡലത്തിലെ അംഗമായിരുന്ന എൻ.വിജയൻപിള്ള എന്നിവരുടെ നിര്യാണംമൂലം ഉണ്ടായ ഒഴിവുകളിലേയ്ക്കാണ് ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടിയിരുന്നത്. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ അസൗകര്യങ്ങൾ കണക്കിലെടുത്താണ് തീരുമാനം. ബിഹാർ, അസം, തമിഴ്നാട്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, നാഗാലാന്റ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും നടത്തേണ്ടിയിരുന്ന പാർലമെന്റ്, അസംബ്ലി ഉപതെരഞ്ഞെടുപ്പുകൾ ഒഴിവാക്കിയിട്ടുണ്ട്. സഭയുടെ കാലാവധി അവസാനിക്കുന്നതിന് ഒരുവർഷമോ അതിൽ കൂടുതലോ സമയം അവശേഷിക്കുന്നുണ്ടെങ്കിൽ ഒഴിവുണ്ടായതിന്റെ ആറുമാസങ്ങൾക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി ഒഴിവുനികത്തണമെന്ന് 1951 ലെ ജനപ്രാതിനിധ്യനിയമത്തിന്റെ 151 എ വകുപ്പ് അനുശാസിക്കുന്നു.

കുട്ടനാട് സീറ്റ് 2019 ഡിസംബർ 20 നും ചവറ സീറ്റ് 2020 മാർച്ച് 8 നുമാണ് ഒഴിവ് വന്നത്.

**ഗ്രാമീണചരിത്രപഥങ്ങളിലൂടെ**

# ചരിത്രത്തിന് മുൻപേ നടന്ന വേറ്റിനാട് ഊരൂട്ടുമണ്ഡപം

ചരിത്രത്തിനും മുമ്പേ നടന്ന ചരിത്രത്തിന്റെ കഥയാണ് വേറ്റിനാട് ഊരൂട്ടുമണ്ഡപ ക്ഷേത്രത്തിന്റേത്. 1936 നവംബർ 12 ന് നടന്ന ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരത്തിന് രണ്ടരവർഷം മുൻപ് 1934 ജനുവരി 20 ന് താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രം തുറന്നു കൊടുത്താണ് ഇവിടം ചരിത്രത്തിലിടം നേടിയത്. അതിന് കാരണഭൂതനായതോ സാക്ഷാൽ മഹാത്മാ ഗാന്ധിയും.

1934 ജനുവരിയിലെ നാലാം കേരള സന്ദർശന വേളയിൽ ഗാന്ധിജി കേരളത്തിലങ്ങോളമിങ്ങോളം സന്ദർശിച്ച് അധഃസ്ഥിതവർഗ്ഗക്കാർക്കുള്ള ഫണ്ട് സ്വീകരിക്കുകയുണ്ടായി. പാലക്കാട് നിന്നാരംഭിച്ച യാത്ര കോഴിക്കോട് വഴി തിരുവനന്തപുരം വർക്കലയിലെത്തി. വർക്കലയിൽ നിന്നും ഇന്നത്തെ സംസ്ഥാന പാത വഴി തിരുവനന്തപുരത്തേയ്ക്ക് ഗാന്ധിജി യാത്ര തിരിച്ചു. വെഞ്ഞാറമൂടിനു സമീപമുള്ള കോട്ടപ്പുറം(പിരപ്പൻകോട്) എന്ന സ്ഥലത്തു നിന്ന് ഫണ്ട് ശേഖരിച്ച് ഗാന്ധിജി വേറ്റിനാടിന് സമീപമുള്ള ഊരൂട്ടുമണ്ഡപം എന്ന ക്ഷേത്രത്തിൽ എത്തുകയും അവിടെയുണ്ടായിരുന്ന ചെറിയ ഓലമേഞ്ഞ മണ്ഡപത്തിൽ വിശ്രമിക്കുകയും ചെയ്തു. ഗാന്ധിജി എത്തുന്നതറിഞ്ഞ് വൻ പുരുഷാരം തന്നെ അവിടെ തടിച്ചുകൂടി. കസ്തൂർബാ ഗാന്ധിയും മറ്റ് രണ്ടു പേരും ഗാന്ധിജിയോടൊപ്പമുണ്ടായിരുന്നു. കരപ്രമാണിമാർ ഗാന്ധിജിക്ക് പണക്കിഴികളും പാരിതോഷികങ്ങളും നൽകി.

വിശാലമായ വയലിന്റെ മധ്യത്തിൽ ക്ഷേത്രത്തിനോട് ചേർന്ന മണ്ഡപത്തിലിരുന്ന ഗാന്ധിജി പാടത്തിന്റെ മറുകരയിലേയ്ക്ക് മാറി നിന്ന സ്ത്രീപുരുഷന്മാർ ആരാണെന്നന്വേഷിച്ചു. അവർ കീഴ്ജാതിക്കാരാണെന്നും ക്ഷേത്രത്തിൽ പ്രവേശനമില്ലെന്നും കരപ്രമാണിമാർ അദ്ദേഹത്തെ അറിയിച്ചു. അവരും മനുഷ്യരല്ലേയെന്നും നമുക്ക് വേണ്ടി അധ്വാനിക്കുന്ന അവരെക്കൂടി നമുക്കൊപ്പം ചേർക്കേണ്ടതല്ലേയെന്നും ഗാന്ധിജി ചോദിച്ചു. ബുദ്ധിമുട്ടില്ലായെങ്കിൽ അവരെക്കൂടി അവിടേയ്ക്ക് വിളിക്കാൻ ഗാന്ധിജി ആവശ്യപ്പെട്ടു. കരപ്രമാണിമാർ ഇതംഗീകരിച്ചതോടെ അതൊരു ചരിത്രമുഹൂർത്തമായി മാറി.



നിർമ്മാണത്തിലിരിക്കുന്ന മണ്ഡപത്തിന്റെ മാതൃക



1978 ൽ പുതുക്കിപ്പണിത ഗാന്ധി സ്മാരക മണ്ഡപം

693 വർഷം പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതാണ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ക്ഷേത്രം. മധുര-വൈഗ ഭരിച്ചിരുന്ന ഉലകുടയപ്പെരുമാൾ പടയോട്ടം നടത്തി വിശ്രമിച്ച ഇടങ്ങളിലൊന്നാണിത് എന്നാണ് ഐതിഹ്യം. ഊരിൽ ഊട്ടു നടത്തുന്ന ക്ഷേത്രങ്ങളിൽ ഒന്ന്. ഗാന്ധിജി വിശ്രമിച്ച സ്ഥലത്തെ മണ്ഡപം അദ്ദേഹത്തിന്റെ തന്നെ നാമധേയത്തിൽ ഒരു ഹാളായി പണിതു. ജീർണ്ണാവസ്ഥയിലായതിനെത്തുടർന്ന് 1978 ൽ ഈ കെട്ടിടം പുതുക്കിപ്പണിതു.

ഈ മണ്ഡപത്തിന്റെ ചരിത്രപ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇത് സംരക്ഷിക്കുന്നതിനുള്ള ക്ഷേത്രകമ്മിറ്റിയുടെയും നാട്ടുകാരുടെയും പരിശ്രമ ഫലമായി ഗാന്ധിമണ്ഡപവും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററും സ്ഥാപിക്കുന്നതിനുള്ള നടപടി സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരികയാണ്. 4.20 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. സ്ഥലം എം.എൽ.എ. കൂടിയായ സി.ദിവാകരന്റെ പരിശ്രമങ്ങളും ടൂറിസം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രന്റെ താൽപര്യവും ക്ഷേത്ര സെക്രട്ടറി അഡ്വ. എം.ഉണ്ണികൃഷ്ണൻ എടുത്തു പറഞ്ഞു. ശബരിമല ഇടത്താവളം എന്നതുകൂടി വിഭാവനം ചെയ്തുകൊണ്ടാണ് 35 മീറ്റർ നീളവും 15 മീറ്റർ വീതിയുമുള്ള ഹാളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നത്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഗാന്ധിജിയുടെ 150-ാം ജന്മവാർഷികദിനത്തിൽ (2019 ഒക്ടോബർ 2) സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. എച്ച്.എൽ.എൽ. ഇൻഫ്രാ ടെക് സർവ്വീസ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരമാണ് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നത്.

**(തയ്യാറാക്കിയത് മഞ്ജു യു)**

തെരഞ്ഞെടുപ്പ് കേസ്

# കൂത്തുപറമ്പിൽ കോടതി റദ്ദാക്കിയ അംഗത്വം തിരികെ പിടിച്ച് പി.ജയരാജൻ

പതിനൊന്നാം കേരള നിയമസഭയിൽ കൂത്തുപറമ്പിന്റെ ജനപ്രതിനിധി ജയിച്ചുകയറിയത് രണ്ടുതവണ. 2001 മേയ് 10 ന് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച പി.ജയരാജന്റെ നിയമസഭാംഗത്വം സുപ്രീം കോടതി റദ്ദു ചെയ്തത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതിയിന്മേലായിരുന്നു. ക്രിമിനൽ കുറ്റത്തിന് രണ്ടുവർഷത്തിലധികം ശിക്ഷ ലഭിച്ചാൽ തെരഞ്ഞെടുപ്പിൽ അയോഗ്യത കല്പിക്കുമെന്ന ജനപ്രാതിനിധ്യ നിയമത്തിലെ 8(3) വകുപ്പിന്റെ അടിസ്ഥാനത്തിലാണ് കോടതി പി.ജയരാജന്റെ തെരഞ്ഞെടുപ്പ് അസാധുവാക്കിയത്.

കൂത്തുപറമ്പ് നിയോജകമണ്ഡലം തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ പി.ജയരാജൻ 71,240 വോട്ടുകൾ നേടി വിജയിച്ചു. 52,620 വോട്ടുകൾ ലഭിച്ച കോൺഗ്രസിലെ കെ.പ്രഭാകരനായിരുന്നു എതിർ സ്ഥാനാർത്ഥി. തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പി.ജയരാജനെ രണ്ടു വർഷത്തിലധികം കാലയളവിൽ തടവിനു ശിക്ഷിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ നാമനിർദ്ദേശത്തിന് സാധുതയില്ലെന്നോ തെരഞ്ഞെടുപ്പിൽ വിജയിച്ചതായി കരുതാൻ പാടില്ലെന്നോ പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ജനപ്രാതിനിധ്യനിയമത്തിലെ അദ്ധ്യായം II-ന്റെ അടിസ്ഥാനത്തിൽ കെ.പ്രഭാകരൻ സുപ്രീം കോടതിയിൽ സമർപ്പിച്ച തെരഞ്ഞെടുപ്പുഹർജി ചെലവു സഹിതം അനുവദിച്ചുകൊണ്ട് ചീഫ് ജസ്റ്റിസ് ആർ.സി. ലാഹോട്ടി അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് 2005 ജനുവരി 11 ന് വിധി പ്രഖ്യാപിച്ചു.

1991 ഡിസംബർ 12 ന് ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിയ ഭാരതബന്ദുമായി ബന്ധപ്പെട്ട് മുന്നൂറ്റി അൻപതിലധികം ആളുകളുമായി പി.ജയരാജൻ കൂത്തുപറമ്പ് പോസ്റ്റാഫീസിലേയ്ക്കും ടെലിഫോൺ എക്സ്ചേഞ്ചിലേയ്ക്കും അതിക്രമിച്ചു കടന്ന് ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും കെട്ടിടങ്ങൾക്ക് കേടുപാട് വരുത്തുകയും ചെയ്തുവെന്ന കേസാണ് നിയമസഭാംഗത്വം അയോഗ്യമാക്കപ്പെട്ടതിന് ആധാരമായത്. കൂത്തുപറമ്പ് ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ നടന്ന കേസിൽ 1997 ഏപ്രിൽ 9 ന് പി.ജയരാജനെ ആറു വകുപ്പുകൾ പ്രകാരം ചുമത്തിയ കുറ്റങ്ങൾക്ക് രണ്ടു വർഷവും അഞ്ചുമാസവും തടവിന് ശിക്ഷിച്ചു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 447 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് ഓരോ മാസം വീതവും 148, 353 വകുപ്പുകൾ അനുസരിച്ചുള്ള കുറ്റങ്ങൾക്ക് ആറു മാസം വീതവും 427 പ്രകാരമുള്ള കുറ്റത്തിന് മൂന്നുമാസവും പൊതുമുതൽ നശിപ്പിക്കൽ നിരോധന നിയമത്തിലെ 3(2)(ഇ) വകുപ്പുപ്രകാരമുള്ള കുറ്റത്തിന് ഒരുവർഷവും ഉൾപ്പെടെ ആകെ 29 മാസത്തെ തടവിനാണ് ശിക്ഷ വിധിച്ചത്. മറ്റു പ്രതികളെ മുഴുവൻ കോടതി വെറുതെ വിടുകയും ചെയ്തു.

2001 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥിയായി പി.ജയരാജൻ 2001 ഏപ്രിൽ 24 ന് നാമനിർദ്ദേശപത്രിക സമർപ്പിച്ചു. ക്രിമിനൽ കേസിൽ രണ്ടുവർഷത്തിലധികം തടവിനു ശിക്ഷിക്കപ്പെട്ട പി.ജയരാജന് ജനപ്രാതിനിധ്യനിയമത്തിലെ വ്യവസ്ഥകളനുസരിച്ച് മത്സരിക്കുവാൻ യോഗ്യതയില്ലെന്ന് എതിർ സ്ഥാനാർത്ഥി കെ.പ്രഭാകരൻ വാദിച്ചെങ്കിലും ഇക്കാര്യത്തിൽ അദ്ദേഹം നൽകിയ അപ്പീൽ തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ തള്ളി.



ചുമത്തിയിട്ടുള്ള തടവുശിക്ഷയുടെ പരമാവധി കാലയളവ് ഒരു വർഷം ആയതിനാൽ ജനപ്രാതിനിധ്യനിയമത്തിലെ 8(3) വകുപ്പു പ്രകാരം അയോഗ്യത ഉണ്ടാവില്ല എന്ന കാരണത്താലാണ് അപ്പീൽ നിരസിച്ചത്. 18,620 വോട്ടിന്റെ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട പി.ജയരാജൻ നിയമസഭാംഗമായി 2001 ജൂൺ 5 ന് സത്യപ്രതിജ്ഞ ചെയ്തു.

വിചാരണ കോടതി വിധിച്ച ശിക്ഷ ജൂലൈ 25 ന് തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി ശരിവച്ചെങ്കിലും ശിക്ഷ ഒന്നിച്ചനുഭവിച്ചാൽ മതിയെന്ന് ഉത്തരവിട്ടു. ശിക്ഷ പൂർണ്ണമായും ഒഴിവാക്കണമെന്നപേക്ഷിച്ച് പി.ജയരാജൻ ഫയൽ ചെയ്ത റിവിഷൻ പെറ്റീഷൻ പരിശോധിച്ച് ശിക്ഷ നടപ്പാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു.

തെരഞ്ഞെടുപ്പു വിഷയവുമായി ബന്ധപ്പെട്ട് കെ.പ്രഭാകരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. 2001 ഒക്ടോബർ 5 ന് തെരഞ്ഞെടുപ്പ് ഹർജി ഹൈക്കോടതി തള്ളി. പി.ജയരാജന്റെ വിഷയത്തിൽ ജനപ്രാതിനിധ്യനിയമത്തിലെ 8(3) വകുപ്പ് ബാധകമല്ല എന്ന തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസറുടെ നിരീക്ഷണത്തിൽ യാതൊരു തെറ്റുമില്ല എന്ന് ഹൈക്കോടതി കണ്ടെത്തി. തെരഞ്ഞെടുപ്പ് കേസ് തീർപ്പാക്കുന്നതിനായി കോടതിയുടെ പരിഗണനയിലിരുന്ന കാലയളവിൽ വിചാരണ കോടതി വിധിച്ച തടവുശിക്ഷ സെഷൻസ് കോടതി ഭേദഗതി വരുത്തുകയും ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തതും ഹൈക്കോടതി ശരിവച്ചു. സെഷൻസ് കോടതിയുടെ വിധി, വിചാരണ കോടതിയുടെ ആദ്യ വിധി പ്രഖ്യാപന തീയതിമുതൽ മുൻകാല പ്രാബല്യത്തിൽ നിലവിൽ വന്നുവെന്നും അക്കാരണത്താൽ തെരഞ്ഞെടുപ്പിൽ പി.ജയരാജന് മത്സരിക്കുന്നതിനുള്ള അയോഗ്യത നിലനിൽക്കുന്നില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു.

ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ കെ.പ്രഭാകരൻ ഫയൽ ചെയ്ത 8213/2001 നമ്പർ സിവിൽ അപ്പീൽ വാദംകേൾക്കുമ്പോൾ ഒരു കുറ്റത്തിനു രണ്ടു വർഷത്തിൽ കൂടുതൽ തടവുശിക്ഷ വിചാരണകോടതി വിധിച്ചിട്ടില്ലെന്നും പല കുറ്റങ്ങളിലായി നൽകിയ ശിക്ഷകൾ കൂട്ടുമ്പോൾ മാത്രമേ ശിക്ഷ രണ്ടുവർഷത്തിന് അധികമാകുന്നുള്ളൂ എന്നും പി.ജയരാജന്റെ അഭിഭാഷകൻ വാദിച്ചിരുന്നു. ആകെ ശിക്ഷാ കാലയളവ് 29 മാസമാണെങ്കിലും സെഷൻസ് കോടതി ജയരാജന്റെ അപ്പീൽ ഭാഗികമായി അനുവദിച്ചുകൊണ്ട് തടവുശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 1981 ലെ വി.സി.ശുക്ള കേസിലെ വിധി പ്രകാരം പി.ജയരാജൻ അയോഗ്യനാവില്ല എന്ന വാദവും മുന്നോട്ടുവച്ചു. വി.സി.ശുക്ള കേസിലെ വിധി പുനഃപരിശോധിക്കണമെന്ന് കെ.പ്രഭാകരനുവേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചു. ഒരു ശിക്ഷയെന്നാൽ ഒരു വിചാരണയിലെ എല്ലാ ശിക്ഷകളും ഒന്നായി കണക്കാക്കണമെന്ന വാദവും ഉന്നയിക്കപ്പെട്ടു.

ക്രിമിനൽ കുറ്റത്തിന് ശിക്ഷ ലഭിക്കുന്നയാൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് യോഗ്യത കല്പിക്കുമ്പോൾ നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധനാദിവസമോ തെരഞ്ഞെടുപ്പ് ദിവസമോ നിലവിലുള്ള വിധിക്കനുസരിച്ച് ശിക്ഷയുടെ മൊത്തം കാലാവധിയാണ് പരിശോധിക്കേണ്ടതെന്ന് ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി. ഈ ദിവസങ്ങളിൽ അയോഗ്യതയുണ്ടോ എന്നു മാത്രമേ പരിശോധിക്കേണ്ടതുള്ളൂവെന്നും അതിനുശേഷം അപ്പീലിലോ റിവിഷനിലോ ശിക്ഷയിൽ എന്തെങ്കിലും ഭേദഗതിയുണ്ടായാൽ അത് അയോഗ്യത നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കേണ്ടതില്ലായെന്നും പരമോന്നത കോടതിയുടെ വിധിന്യായത്തിൽ പറയുന്നു. അഞ്ചുപേരടങ്ങിയ ബെഞ്ചിൽ നാലു ജഡ്ജിമാരും യോജിപ്പ് പ്രകടിപ്പിച്ചപ്പോൾ ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ വിയോജിപ്പ് രേഖപ്പെടുത്തി. ശിക്ഷയുടെ കാലാവധി മൊത്തം നോക്കാതെ ഏതെങ്കിലും ഒരു കുറ്റത്തിന് രണ്ടുവർഷത്തിൽ കൂടുതൽ ശിക്ഷ ലഭിച്ചാൽ മാത്രമേ അയോഗ്യതയുണ്ടാകൂ എന്ന് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണന്റെ വിധിന്യായത്തിൽ പറഞ്ഞു.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അയോഗ്യത കല്പിക്കുന്നതിന് ജനപ്രാതിനിധ്യനിയമത്തിലെ വകുപ്പ് 8(3) ലെ ' a person convicted of any offence and sentenced to imprisonment for not less than two years' എന്ന മാനദണ്ഡം പ്രായോഗിക തലത്തിൽ കൊണ്ടുവരുമ്പോൾ വിചാരണവേളയിൽ കണ്ടെത്തിയ കുറ്റത്തിന്റെ തീവ്രതയും പ്രഖ്യാപിക്കപ്പെട്ട ശിക്ഷാവിധിയും കണക്കിലെടുത്ത് കുറ്റവാളി തടവിൽ കഴിയേണ്ട മൊത്തം കാലാവധിയാണ് പരിഗണിക്കേണ്ടതെന്ന് ഭരണഘടനാബെഞ്ച് വിലയിരുത്തി. 'offence' എന്ന വാക്കിനെ വിശേഷിപ്പിക്കുന്ന 'any' എന്ന പദം കുറ്റങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല, കുറ്റത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടത് എന്ന് ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു.

കെ.പ്രഭാകരന്റെ തെരഞ്ഞെടുപ്പ് ഹർജി സുപ്രീം കോടതി അനുവദിച്ചെങ്കിലും തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്ന അപേക്ഷ തെരഞ്ഞെടുപ്പുഹർജിയിൽ ഉന്നയിക്കാത്തതിനാൽ അദ്ദേഹം നിയമസഭാംഗമായി കണക്കാക്കപ്പെട്ടില്ല. പി.ജയരാജനെ അയോഗ്യനാക്കിയ വിധി പ്രഖ്യാപനമുണ്ടായപ്പോൾ പതിനൊന്നാം കേരള നിയമസഭ അവസാനിക്കുന്നതിന് ഒരു വർഷത്തിലധികം കാലാവധി ബാക്കിനിന്നതിനാൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഒഴിവുവന്ന സീറ്റിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടന്നു. 2005 ജൂൺ 5 ന് നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥിയായി പി.ജയരാജൻ വീണ്ടും മത്സരിച്ചു. കോൺഗ്രസിലെ കെ.പ്രഭാകരൻ തന്നെയായിരുന്നു എതിർ സ്ഥാനാർത്ഥി. പി.ജയരാജൻ കെ.പ്രഭാകരനെ 45,377 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി. 2005 ജൂൺ 10 ന് പി.ജയരാജൻ സത്യപ്രതിജ്ഞ ചെയ്ത് സഭാംഗമായി. 2006 ൽ പതിനൊന്നാം കേരള നിയമസഭയുടെ കാലാവധി തീരുന്നതുവരെ അദ്ദേഹം അംഗമായി തുടർന്നു.

**(തയ്യാറാക്കിയത് ഷീന ബി)**



# ഓഫീസ് വീട്ടിലെത്തുമ്പോൾ...

കോവിഡ് ഭീഷണിയിൽ ജാഗ്രതയോടെ വൈറസ് പ്രതിരോധത്തിനായി ലോകം 'ലോക്ക് ഡൗൺ' എന്ന അടച്ചിടൽ മാർഗ്ഗം സ്വീകരിക്കുമ്പോൾ നാം ഏറ്റവും കൂടുതൽ കേൾക്കുന്ന പ്രയോഗമാണ് 'work from home' എന്നത്. കോവിഡ് 19 വൈറസിനെ പ്രതിരോധിക്കാൻ സാമൂഹിക അകലം പാലിക്കുന്നതിന് ഓഫീസുകളിൽ മാത്രമല്ല സ്കൂളുകളിലും കോളേജുകളിൽ പോലും വീടുകളിൽ ഒതുങ്ങുന്ന തരത്തിലുള്ള പ്രവർത്തനരീതി ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. അദ്ധ്യാപകർ വീട്ടിലിരുന്ന് പാഠഭാഗങ്ങൾ പഠിപ്പിക്കുകയും വിദ്യാർത്ഥികൾ അവരുടെ വീടുകളിൽ ഒതുങ്ങി കമ്പ്യൂട്ടറിന്റേയോ, മൊബൈൽ ഫോണിന്റേയോ സഹായത്താൽ ക്ലാസ്സുകളിൽ പങ്ക് ചേരുകയും ചെയ്യുന്നത് വഴി പുതിയ ഒരു വിദ്യാഭ്യാസ സമ്പ്രദായം തന്നെ നാം സ്വീകരിച്ചു കഴിഞ്ഞു. വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി വിദ്യാർത്ഥികളും അദ്ധ്യാപകരും മാത്രമല്ല മറ്റ് തൊഴിൽ വിഭാഗങ്ങളിലെ നല്ലൊരു ശതമാനം ജീവനക്കാരും ഇത്തരത്തിൽ കമ്പ്യൂട്ടറിന്റേയോ, ലാപ്ടോപ്പിന്റേയോ മറ്റ് സങ്കേതങ്ങളുടേയോ സഹായത്താൽ വീട്ടിലിരുന്ന് ജോലി ചെയ്ത് തുടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ പുതിയ വിദ്യാഭ്യാസ സമ്പ്രദായം മാത്രമല്ല പുതിയ ഒരു തൊഴിൽ സമ്പ്രദായം കൂടി കൊറോണക്കാലത്ത് രൂപപ്പെട്ടു കഴിഞ്ഞു.

എല്ലാത്തരം ജോലികളും വീട്ടിലിരുന്ന് ചെയ്യാൻ കഴിയില്ലെങ്കിലും, ജോലിയുടെ സ്വഭാവവും, അത് ചെയ്യുന്നതിനാവശ്യമായ സാമഗ്രികളുടെ ലഭ്യതയും അടിസ്ഥാനമാക്കി ഒറ്റയ്ക്കും, കൂട്ടായും ചെയ്യാവുന്ന ജോലികൾ വീട്ടിലിരുന്ന് ചെയ്യാൻ നമ്മുടെ ജീവനക്കാർ ഇപ്പോൾ പഠിച്ചുകഴിഞ്ഞു.. ഇതിന് കൂട്ടായ ഒരു പ്രവർത്തനം ആവശ്യമാണ്. ചെയ്യേണ്ട ജോലി കൃത്യമായി ഏൽപ്പിക്കുന്നതിനും, ചെയ്ത് തീർത്ത ജോലി തിരികെ എത്തിക്കുന്നതിനും, അത് മേലുദ്യോഗസ്ഥന് വിലയിരുത്തുന്നതിനും കഴിയണം. തൊഴിൽ പൂർണ്ണതയ്ക്കായി മറ്റ് വിഭാഗങ്ങളെ ബന്ധപ്പെടേണ്ടതുണ്ടെങ്കിൽ അവിടങ്ങളിലെ ജീവനക്കാരെ ബന്ധപ്പെടാനും, അവരുമായി ആശയവിനിമയം നടത്താനും കഴിയണം.

ആശയവിനിമയ ഉപാധികളിൽ ഇന്നുണ്ടായിട്ടുള്ള പുരോഗതി ഇത്തരത്തിലൊരു തൊഴിൽ സമ്പ്രദായം രൂപപ്പെടുത്തുന്നതിൽ ചെറുതായൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്. ശബ്ദസന്ദേശങ്ങൾ മാത്രം അയയ്ക്കാൻ കഴിയുമായിരുന്ന ലാൻഡ് ഫോണിൽ നിന്ന് ശബ്ദവും, ചിത്രങ്ങളും, വിവരങ്ങളടങ്ങിയ ഡാറ്റാ ഫയലുകളും കൈമാറ്റം ചെയ്യാൻ കഴിയുന്ന സ്മാർട്ട് ഫോണിലേയ്ക്കുള്ള മാറ്റവും, ലോകമൊട്ടാകെ ബന്ധിപ്പിക്കുന്ന ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയും, ഇന്റർനെറ്റ് ശൃംഖലയും, ഇതിലൂടെ ലഭിക്കുന്ന വിവിധങ്ങളായ സേവനങ്ങളും തന്നെയാണ് വീട്ടിലിരുന്ന് ജോലി ചെയ്യൽ സാധ്യമാക്കുന്നത്. വീട്ടിലിരുന്ന് ജോലി ചെയ്യാൻ പ്രധാനമായും ആവശ്യം ഒരു കമ്പ്യൂട്ടർ തന്നെയാണ്. കമ്പ്യൂട്ടർ എന്നത് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച് ലാപ്ടോപ്പ്, ഐ പാഡ്, എന്തിന് ഇന്ന് ഏറ്റവും ജനകീയമായ സ്മാർട്ട് ഫോൺ പോലും ഉപയോഗിക്കാം. എഴുതുവാനും, വരയ്ക്കുവാനും, റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, കണക്കു കൂട്ടാനും സഹായിക്കുന്ന വിവിധ ആപ്ലിക്കേഷനുകൾ സുലഭമാണ്. ഓഫീസുകളിൽ ഉപയോഗിക്കുന്ന അതേ രീതിയിൽ തന്നെ അതെല്ലാം വീടുകളിൽ സജ്ജീകരിക്കാൻ കഴിയും. ഇ-മെയിലിലൂടെ കത്തയയ്ക്കാൻ മാത്രമല്ല, സന്ദേശങ്ങളും ചിത്രങ്ങളും മറ്റ് ഡിജിറ്റൽ ഫയലുകളും മേലുദ്യോഗസ്ഥർക്കും സഹപ്രവർത്തകർക്കും എത്തിക്കാൻ കഴിയുന്നു. ഇത്തരത്തിൽ എത്തിക്കുന്ന ഫയലുകൾ സഹപ്രവർത്തകന് ഇഷ്ടമുള്ള സമയം സൗകര്യപ്രദമായി വീട്ടിലിരുന്ന് പരിശോധിക്കാം. നിരവധി പേർക്ക് ഒരേ സമയം ഒരേ ഫയലിൽ ജോലി ചെയ്യാൻ കഴിയുന്ന സങ്കേതങ്ങളും നിലവിലുണ്ട്. world wide web ഉം, google പോലുള്ള search engine കളും നമുക്ക് ആവശ്യമുള്ള വിവരം എവിടെയാണെന്ന് കാണിച്ച് തരുന്നു. ഇന്റർനെറ്റിലൂടെയുള്ള ഡാറ്റാ കൈമാറ്റം പലപ്പോഴും നമ്മെ അതിശയിപ്പിക്കുന്നു. ശൃംഖലകൾ തമ്മിലുള്ള ഡാറ്റാ കൈമാറ്റം 'റൂട്ടർ' എന്ന കമ്പ്യൂട്ടറിൽ വിന്യസിച്ചിട്ടുള്ള പ്രത്യേക പ്രോട്ടോക്കോൾ പ്രകാരമാണ് നടക്കുന്നത്. ഇതിൽ സന്ദേശങ്ങൾ അയക്കുന്നത് ഡാറ്റയുടെ ചെറിയ പാക്കറ്റുകളായി മുറിച്ചാണ്. എല്ലാ പാക്കറ്റുകളും എത്തേണ്ടിടത്ത് എത്തിക്കഴിഞ്ഞാൽ വീണ്ടും ഒന്നിച്ച് ചേർത്ത് മുഴുവൻ സന്ദേശമാകുന്നു.

ഒരു ചെറിയ ഓഫീസിൽ അവിടെയുള്ള കമ്പ്യൂട്ടറുകളും ഡിജിറ്റൽ ഉപകരണങ്ങളും ശൃംഖലയിൽ ഘടിപ്പിക്കുകയും അതിന്റെ ഒരറ്റം ഇന്റർനെറ്റിലേക്ക് ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിനായി ഒരു മോഡം, സ്വിച്ച് അല്ലെങ്കിൽ റൂട്ടർ ഉപയോഗിക്കുന്നു ഇത്തരത്തിലുള്ള ഡാറ്റാ റൂട്ടറുകളിലൂടെയാണ് സന്ദേശങ്ങൾ പുറത്തേയ്ക്ക് അയക്കുന്നത്. പലപ്പോഴും നിരവധി കമ്പ്യൂട്ടറുകൾ താണ്ടിയാവും എത്തേണ്ട കമ്പ്യൂട്ടറിലേക്ക് സന്ദേശങ്ങൾ എത്തുന്നത്. ഇൻർനെറ്റിലുള്ള എല്ലാ ഉപകരണങ്ങളും പ്രത്യേക വിലാസം നൽകുന്ന അഡ്രസ്സ് പ്രോട്ടോക്കോൾ വഴിയാണ് കുറ്റമറ്റ രീതിയിൽ ഇത് നടപ്പാക്കുന്നത്. ഇതിനിടയിൽ കമ്പ്യൂട്ടറുകൾ ഓഫായാലും പ്രസരണ ലൈനുകളിൽ തകരാർ സംഭവിച്ചാലും ഒരേ സന്ദേശത്തിന്റെ പല ഡാറ്റാ പാക്കറ്റുകൾ പല വഴി ലക്ഷ്യത്തിലെത്തുന്നു. ഇത്തരത്തിൽ ഡിജിറ്റൽ ശൃംഖലകളിൽ കൂടി ലോകം മുഴുവൻ ലക്ഷ്യം തെറ്റാതെ വേഗത്തിൽ കൃത്യമായി സന്ദേശങ്ങൾ കൈമാറുക എന്നത് വളരെ സങ്കീർണ്ണമായ പ്രക്രിയയാണ്.

വീട്ടിലിരുന്ന് ജോലി ചെയ്യുന്നവർക്ക് സന്ദേശങ്ങൾ കൈമാറാൻ മാത്രമല്ല തമ്മിൽ കണ്ട് ചർച്ചകൾ സംഘടിപ്പിക്കാനും സഹായിക്കുന്ന തരത്തിലുള്ള സേവനങ്ങൾ നിലവിലുണ്ട്. ടീം അംഗങ്ങൾക്ക് ഒന്നിച്ച് ചേർന്ന് എപ്പോൾ വേണമെങ്കിലും മീറ്റിംഗുകൾ സംഘടിപ്പിക്കാം. പ്രത്യേക കാര്യങ്ങൾക്കായി ചെറു സംഘങ്ങൾ ചേർന്ന് ചർച്ച ചെയ്യാം. ഒരാളുടെ കമ്പ്യൂട്ടറിന്റെ മോണിറ്റർ മറ്റെല്ലാവർക്കും കാണത്തക്ക രീതിയിൽ പങ്കിടാം (screen share), slide കൾ കാണിച്ച് അവതരണങ്ങൾ നടത്താം. ഇതിനൊക്കെ കമ്പ്യൂട്ടറുകൾ തന്നെ വേണമെന്നില്ല. പകരം കയ്യിലുള്ള സ്മാർട്ട് ഫോൺ തന്നെ ഉപയോഗിക്കാം. ഒരു പക്ഷേ സംഘാഗംങ്ങൾക്ക് മീറ്റിംഗിൽ പങ്കെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ അത് റീപ്ലേ ചെയ്യാനുള്ള സൗകര്യവും ഇത്തരം ആപ്ലിക്കേഷനുകളിൽ ലഭ്യമാണ്.

സ്വകാര്യ സംഭാഷണത്തിനു മാത്രമല്ല ഓഫീസ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ഇന്ന് സാമൂഹിക മാധ്യമങ്ങളും ഉപയോഗിക്കുന്നു. എന്നാൽ ചില ജോലികൾക്ക് ഓഫീസിലുള്ള കമ്പ്യൂട്ടറിലെ സങ്കേതങ്ങൾ തന്നെ ഉപയോഗിക്കണമെന്നുണ്ട്. അങ്ങനെയെങ്കിൽ വീട്ടിലെ ലാപ്ടോപ്പ് ഓഫീസിലെ നെറ്റ്‌വർക്കിലേക്ക് ബന്ധിപ്പിക്കാം. ഇത്തരത്തിൽ വീട്ടിലെ ലാപ്ടോപ്പ് സുരക്ഷിതമായി ഓഫീസിലെ നെറ്റ് വർക്കിലേക്ക് ബന്ധിപ്പിക്കുന്ന പ്രക്രിയയിൽ Virtual Private Network(VPN) എന്ന സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ സ്വകാര്യതയും സുരക്ഷയും സന്ദേശങ്ങൾക്ക് കൈവരുന്നു. ഓഫീസിൽ കമ്പ്യൂട്ടറിന്റെ ഡിസ്പ്ലേ അതേപടി വീട്ടിലിരുന്ന് കാണാവുന്ന സങ്കേതമാണ് ഡെസ്ക്ടോപ്പ് വെർച്വലൈസേഷൻ.

'work from home' ലൂടെയുള്ള ജോലിയിൽ നാം പൂർണ്ണമായും ശ്രദ്ധിക്കേണ്ടത് സന്ദേശങ്ങളുടെയും ഡാറ്റയുടേയും സുരക്ഷയാണ്. അതുപോലെ പ്രധാനമാണ് അയയ്ക്കുന്ന സന്ദേശങ്ങളുടെ വേഗതയും. കോവിഡ് വ്യാപനത്തെ തുടർന്നാണ് നമ്മുടെ നാട്ടിൽ 'work from home' എന്ന പ്രവർത്തനരീതി പ്രചാരത്തിൽ വന്നതെങ്കിലും, അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ ആഴ്ചയിൽ ചില ദിവസങ്ങളിലെങ്കിലും വീട്ടിലിരുന്ന് ജോലി ചെയ്യുന്ന രീതി കഴിഞ്ഞ കുറേ വർഷങ്ങളായി നിലവിലുണ്ട്. അതുപോലെ ഐ.ടി. മേഖലകളിലും മറ്റും ഇത്തരം തൊഴിൽ സമ്പ്രദായം നേരത്തെ തന്നെ സ്വീകരിച്ചു കഴിഞ്ഞു. വേഗമേറിയ ഇന്റർനെറ്റിലേക്ക് സുഗമമായി പ്രവേശിക്കാനുള്ള കമ്പ്യൂട്ടറോ, ലാപ്ടോപ്പോ ഉണ്ടെങ്കിൽ ആർക്കും എവിടെ ഇരുന്നും ജോലി ചെയ്യാം. വീട്ടിൽ മാത്രമല്ല യാത്രകളിലും, ദൂരെ സ്ഥലങ്ങളിലും എവിടെയും ഇത്തരത്തിൽ തടസ്സമില്ലാതെ ജോലി ചെയ്യാം. ചുരുക്കത്തിൽ പരമ്പരാഗത നിർവ്വചനങ്ങളിലെ ഓഫീസ് എന്ന തൊഴിലിടത്തിൽ നിന്ന് 'ഓഫീസ്' എന്നത് ചെയ്യുന്ന ജോലി മാത്രമാണ് എന്ന നിർവചനത്തിലേക്ക് പാടേ മാറി കഴിഞ്ഞു.

വീട്ടിലിരുന്ന് ജോലി ചെയ്യുന്ന സമ്പ്രദായത്തിൽ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. അവരവർക്ക് ഇഷ്ടമുള്ള സമയം തെരഞ്ഞെടുത്ത് ബാഹ്യ ഇടപെടലുകൾ ഒന്നും തന്നെയില്ലാതെ, സമ്മർദ്ദങ്ങൾ കുറച്ച് ജോലി ചെയ്യാൻ കഴിയുന്നതിലൂടെ ജോലിയുടെ കാര്യക്ഷമത കൂട്ടാൻ കഴിയുന്നു എന്നത് നേട്ടമാണ്. മറ്റൊരു വസ്തുത തൊഴിലിടങ്ങളിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിലൂടെ ഓഫീസുകളിലെ വൈദ്യുതി, വെള്ളം എന്നിവയുടെ ഉപഭോഗം കുറയ്ക്കുന്നതിനോടൊപ്പം കെട്ടിട വാടക, ജീവനക്കാരന്റെ യാത്രാച്ചെലവ് എന്നിവയിൽ ഉണ്ടാകുന്ന ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയുന്നു. ഓഫീസുകളിലേയ്ക്ക് ജീവനക്കാരുടെ കൂട്ടത്തോടെയുള്ള യാത്ര കുറയുന്നത് വഴി നിരത്തുകളിലെ തിരക്കും, വാഹനങ്ങളുടെ അമിത ഉപയോഗം മൂലമുള്ള അന്തരീക്ഷ മലിനീകരണവും ഒരു പരിധി വരെയെങ്കിലും കുറയുന്നു. എന്നാൽ ഇത്തരം തൊഴിൽ സമ്പ്രദായങ്ങളിലെ പോരായ്മകൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാനും കഴിയില്ല. വീട്ടിലിരുന്ന് ചെയ്യാൻ കഴിയുന്ന ജോലികൾക്ക് അവ അത്തരത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന സാങ്കേതിക സൗകര്യങ്ങൾ വീട്ടിലുണ്ടാവണം. ജോലിയുടെ സ്വകാര്യതയും, സുരക്ഷയും ഉറപ്പാക്കാൻ കഴിയണം. ജോലി ചെയ്യുമ്പോഴുണ്ടാകുന്ന സംശയങ്ങളും, ആശയകുഴപ്പങ്ങളും പെട്ടെന്ന് പരിഹരിക്കാൻ കഴിയണം. ജോലി എന്താണെന്നും, അത് എങ്ങനെ ചെയ്യണമെന്നും, എന്തിനെക്കുറിച്ചുള്ളതാണെന്നും, അതിൽ തന്റെ പങ്കെന്താണെന്നും ജീവനക്കാരന് വ്യക്തമായ ധാരണ ഉണ്ടാവണം, കൂടാതെ വീട്ടിലിരുന്ന് ജോലി എന്നത് കൊണ്ട് 24 മണിക്കൂറും ജോലി എന്ന് ചിന്തിക്കുന്നവരുമുണ്ടാകാം. അത്തരക്കാർ വ്യായാമത്തിനും വിനോദത്തിനും സമയം കണ്ടെത്താതെ മുഴുവൻ സമയവും ജോലിയിൽ മാത്രം ശ്രദ്ധിക്കുന്നു. അതോടൊപ്പം ഓഫീസുകളിൽ നിന്നും മാറി വീടുകളിലൊതുങ്ങുമ്പോൾ കഠിനമായ വിരസതയും വിഷമവും ഒറ്റപ്പെടലും ജീവനക്കാരന്റെ മാനസിക ആരോഗ്യത്തെ ബാധിച്ചുവെന്നും വരാം.

ഇന്ന് അനുദിനം സാങ്കേതിക വിദ്യയിലുണ്ടാകുന്ന വികസനം നിരവധി സൗകര്യങ്ങളും സേവനങ്ങളുമാണ് ജനങ്ങളിലേക്കെത്തിക്കുന്നത്. ഇത് തൊഴിൽ മേഖലകളിൽ വലിയ വിപ്ലവം തന്നെ സൃഷ്ടിച്ചു കഴിഞ്ഞു. സാങ്കേതിക വിദ്യയിലുണ്ടാവുന്ന വിപ്ലവകരമായ വികസനത്തോടൊപ്പം പ്രകൃതി മനുഷ്യനായി കരുതി വച്ചിട്ടുള്ള പലവിധ തിരിച്ചടികളും നമുക്ക് ഇനിയുള്ള കാലം നേരിടേണ്ടതായി വരും. അത്തരം സാഹചര്യങ്ങളിൽ പരമ്പരാഗത തൊഴിൽ നിർവ്വചനങ്ങളിൽ മാത്രം ഒതുങ്ങി നിന്ന് മുന്നേറുവാൻ കഴിയില്ല. കോവിഡ് 19 എന്ന സൂക്ഷ്മാണുവിന് ലോകമെമ്പാടുമുള്ള മനുഷ്യരുടെ ജീവിതത്തെ തടസ്സപ്പെടുത്താൻ കഴിഞ്ഞെങ്കിൽ, ഇത്തരത്തിൽ പല സാഹചര്യങ്ങളും നമുക്ക് വരുംകാലത്തിൽ അഭിമുഖീകരിക്കേണ്ടതായും മറികടക്കേണ്ടതായും വരും. അതെല്ലാം പല മാറ്റങ്ങൾക്കും വഴിയൊരുക്കുകയും ചെയ്യും.

കോവിഡ് പ്രതിരോധത്തിനായി തൊഴിൽ മേഖല 'work from home' എന്ന പ്രവർത്തന രീതി അവലംബിക്കുമ്പോൾ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ ജനപ്രതിനിധികൾ പോലും വീടുകളിലും ഓഫീസുകളിലും ഒതുങ്ങി തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റാൻ നിർബന്ധിതരാകുന്നു. ഇന്ന് പലതൊഴിൽ മേഖലകളും വീടുകളിൽ ഇരുന്ന് തൊഴിൽ എന്ന ആശയം ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ വേറിട്ട പ്രവർത്തന രീതി അവലംബിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റ് പോലുള്ള ഓഫീസുകളിൽ വീട്ടിലിരുന്ന് ജോലി എന്നത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞെന്ന് വരില്ല. എന്നാൽ ലോക്ക് ഡൗൺ മൂലമുള്ള സ്തംഭനാവസ്ഥ അതിജീവിക്കാനായി നിയമസഭാ സെക്രട്ടേറിയറ്റും വേറിട്ട പ്രവർത്തന രീതികൾ അവലംബിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായി നിയമസഭാ സമിതികൾ ഓൺലൈൻ യോഗങ്ങൾ ചേർന്നു. കുറ്റമറ്റ രീതിയിൽ ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനായി നിരവധി ക്രമീകരണങ്ങൾ ഇതിനോടകം സ്വീകരിച്ചു. ഇതുകൂടാതെ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വെബിനാറുകളും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ അറിവോരം ന്യൂസ്‌ലെറ്റർ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് അവലംബിച്ചതും work from home എന്ന പ്രവർത്തനരീതി തന്നെയാണ്.

നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്നതും പ്രവർത്തനങ്ങൾ ബഹുദൂരം മുന്നോട്ട് പോയിട്ടുള്ളതുമായ 'ഇ-നിയമസഭാ' പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളും നൂറ് ശതമാനം ഓൺലൈൻ സംവിധാനത്തിലൂടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**(തയ്യാറാക്കിയത് രാഖി കെ.വി)**